വേദപ്രചാര

# മധ്യസ്ഥൻ

വാല്യം 94 ലക്കം 06 2021 ഡിസംബർ



The official organ of the Archeparchy of Changanacherry



# പൗരോഹിത്യത്തിലേയ്ക്ക് പദമൂന്നുന്ന മ്ശംശാനമാർക്ക്

# ആശംസകളും പ്രാർത്ഥനകളും



96456 07825

Dn Thundukalam Antony (Lipin)
27 December 2021, 9.15 am
St Joseph Church, Padaharam



70253 56486

Dn Karinganamattom Joseph (Bless)
28 December 2021, 9.15 am
St Mary's Church, Mundupalam



90611 30917

Dn Punnasserry Xavier (Joyal)
28 December 2021, 2.15 pm
St. Joseph's Church, Ramankary



96335 91842

Dn Naduthundathil Sebastian (Jithin)
29 December 2021, 9.15 am
St Mary's Forane Church, Athirampuzha



99471 25136

Dn Ponnattil Joseph (Tone)
29 December 2021, 9.15 am
St Mary's Forane Church, Athirampuzha



70257 91487

Dn Karikandom Mathew (Tony)
29 December 2021, 2.15 pm
Little Flower Church, Madappally





"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20, 1887**

**വാല്യം 94 ● ലക്കം 06 ● ഡിസംബർ 2021**

വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

Letter (Major Archbishop) ..... 05
സർക്കുലർ (21 Ch. 266-347) ..... 07
പിതാവിന്റെ കത്ത് (C.21/GL 229) ..... 10
സർക്കുലർ (കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ) ..... 13
കച്ചേരിക്കാര്യം ..... 18
പ്രസ്ബിത്തേരിയം റിപ്പോർട്ട് ..... 21
MAAC (Media Apostolate Archeparchy of Changanachery) ..... 24
സന്ദേശനിലയം ..... 26
ചെറുപുഷ്പ മിഷൻലീഗ് ..... 28
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ..... 31
ഫാമിലി അപ്പോസ്റ്റലേറ്റ് ..... 33
യുവദീപ്തി - എസ്.എം.വൈ.എം ..... 41
കെ.സി.എസ്.എൽ ..... 43
CARP ..... 45
ചാസ് ..... 47
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ..... 53
സെന്റ് തോമസ് ഹോസ്പിറ്റൽ ..... 55
കെ.എൽ.എം. ..... 56
പ്രവാസി അപ്പോസ്തലേറ്റ് ..... 57
ആത്മതാകേന്ദ്രം ..... 58
ദലിത് മഹാജനസഭ ..... 60
ഫ്രാൻസിസ്കൻ അല്മായസഭ ..... 62
കരിസ്മാറ്റിക് നവീകരണം ..... 64
വിൻസെൻഷ്യൻ വേദി ..... 65
പൗരോഹിത്യ ആദ്ധ്യാത്മികത ..... 67
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..... 73

Annual Subscription: Rs. 300/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

Prot. No. 1209/2021 — 18 November 2021

To

**The Eparchial and Religious Priests of the Syro-Malabar Church**

My dear Brother Priests,

I write this letter in consultation with the Permanent Synod of our Church. As you know, the revised *taksa* of our Holy *Qurbana* and the uniform mode of celebration are coming into force on 28 November 2021. The *taksa* of the Holy *Qurbana* was revised as per the long standing request before the Synod. So also the uniform mode of celebration was a pressing demand from the Church through the Fathers of the Synod, the periodical Major Archiepiscopal Assemblies and an exceptional meeting of all the Pastoral Council Secretaries of our Church.

It was after detailed discussions that the November Session of the Synod of Bishops in 1999 arrived at a consensus formula of celebration of the Holy *Qurbana*. According to this formula, the first part of the *Qurbana* up to *Anaphora* is to be celebrated facing the faithful, the *Anaphora* and the parts up to the Holy Communion facing the Altar, and the concluding prayers and final blessing again facing the faithful.

Although this unanimous decision was taken in 1999, it could not be implemented in some of the eparchies for various reasons. Still, the desire for a uniform mode of celebration was repeatedly expressed in different forums of the Church, especially by the laity. Therefore, in the subsequent Sessions of the Synod this matter was discussed and certain lines of action were taken. From 2000 onwards, it is the uniform mode of celebration decided by the Synod that is being followed in the Major Seminaries of our Church, in the diaspora communities and in all the common celebrations of the Church, irrespective of the place where the Holy *Qurbana* was celebrated.

As everybody knows, the disunity in the way of celebration is the root cause for many other issues and problems that have been coming up

in our Church. Therefore, unity in the way of celebration of the Holy *Qurbana* is an essential requirement for the unity, greater communion, harmony and peace of our Church. This being the reality, all of us should cooperate wholeheartedly to implement the uniform mode of celebration of our Holy *Qurbana*. Once this is realized, there will be a healthy flow of cooperation and friendship among all the ministers of our Church, eparchies and religious communities. Any Bishop or priest will feel free and all the more encouraged to render his service anywhere in the Church without any prejudices or preferences. This is the wish also of the lay faithful in our Church.

I request you therefore, my dear Brother Priests, to implement earnestly this decision of our Synod, supported strongly by the Congregation for the Eastern Churches and exhorted by Holy Father Pope Francis. Let us put aside our personal likes and dislikes and be humble ministers of Christ and His Church. In this connection, there is no place for a discussion as if we were introducing the whole *Qurbana* facing the Altar against the *Qurbana* fully facing the faithful. It is a well thought out unity formula simplistically expressed as 50:50 formula, that the Synod has decided to be implemented. All the prayers and rites up to the *Anaphora* and the concluding prayers with the final blessing are mandated to be celebrated facing the faithful. At the same time, the *Anaphora* and the part up to the communion are mandated to be celebrated by the priest together with the faithful, facing the Altar. This is the only possible consensus formula that we can arrive at for the unity of our Church.

Therefore, once again, I request you to accept whole heartedly the mind of the Church and begin to celebrate the Holy *Qurbana* following the uniform mode of celebration from 28 November 2021 onwards.

Yours cordially in Christ,

**Cardinal George Alencherry**
Major Archbishop of the Syro-Malabar Church

## സർക്കുലർ

**21 Ch. 266-347**

# ജീവകാരുണ്യപ്രവർത്തനങ്ങൾ സ്വർഗ്ഗത്തിൽ നമ്മുടെ നിക്ഷേപം

സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

പുതിയ ആരാധനാവത്സരത്തിലേക്കു നമ്മൾ പ്രവേശിച്ചിരിക്കുന്നു. ഈശോയുടെ തിരുപ്പിറവിയെക്കുറിച്ചുള്ള ഓർമ നമ്മിൽ സന്തോഷം നിറയ്ക്കുന്നു. അതോടൊപ്പം താമസിക്കാൻ ഒരു വീടില്ലാതെയും മറ്റു പലവിധത്തിലും കഷ്ടപ്പെടുന്ന പാവപ്പെട്ടവരിലേക്കും നമ്മുടെ ചിന്ത പോകുന്നു. ഈശോയും മറിയവും യൗസേപ്പും അങ്ങനെ കഷ്ടപ്പെട്ട ഒരു കുടുംബമായിരുന്നല്ലോ. ഇപ്രകാരം കഷ്ടപ്പെടുന്നവരിൽ ഈശോയെ കണ്ട് സഹായിക്കുന്നത് തനിക്കുതന്നെ ചെയ്യുന്ന സഹായമായി സ്വീകരിച്ച് അനുഗ്രഹിക്കുമെന്നുള്ള ഈശോയുടെ വാക്കുകൾ ജീവകാരുണ്യപ്രവർത്തനങ്ങളുടെ പ്രാധാന്യവും വൈശിഷ്ട്യവും വ്യക്തമാക്കുന്നു.

സഭയുടെ ആരംഭം മുതൽ ജീവകാരുണ്യപ്രവർത്തനങ്ങൾ സഭാജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നു. ശ്ലീഹന്മാരുടെ കാലത്തുതന്നെ ഡീക്കന്മാരെ അതിനായി പ്രത്യേകം നിയോഗിച്ചിരുന്നു. സുവിശേഷപ്രഘോഷണത്തിനായി ഇന്ത്യയിലെത്തിയ തോമ്മാശ്ലീഹാ, രാജാവിനു കൊട്ടാരം പണിയാൻ ലഭിച്ച പണം ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടുവെന്നും, എന്നാൽ സ്വർഗ്ഗത്തിൽ 'മനോഹരമായ ഒരു ഭവനം' അതുവഴി നിർമ്മിക്കപ്പെടുകയായിരുന്നുവെന്ന് പിന്നീട് വെളിപ്പെടുത്തപ്പെട്ടുവെന്നും തോമ്മാശ്ലീഹായെക്കുറിച്ചുള്ള പുരാതനകൃതിയിൽ കാണുന്നു (തോമ്മായുടെ നടപടികൾ).

ഇപ്രകാരമുള്ള നന്മകൾ ചെയ്യുന്നവർ ചിതലരിക്കാത്തതും കള്ളന്മാർ മോഷ്ടിക്കാത്തതുമായ നിക്ഷേപങ്ങൾ സ്വർഗ്ഗത്തിൽ സമ്പാദിക്കുന്നവരാണ്. സ്വർഗ്ഗീയഭവനത്തിൽ നിത്യജീവിതമാണത്. വിവിധങ്ങളായ ജീവകാരുണ്യപ്രവർത്തനങ്ങളും സാമൂഹ്യക്ഷേമപദ്ധതികളും നമ്മുടെ അതിരൂപത പാവപ്പെട്ടവർക്കായി ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സഹായം, ഭവനനിർമ്മാണസഹായം, ചികിത്സാസഹായം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഭവനരഹിതരും വളരെ ദരിദ്രമായ അവസ്ഥയിൽ കഴിയുന്നവരും നമ്മുടെയിടയിലുണ്ട്. ഒരു നല്ല അയൽക്കാരനെപ്പോലെ അവരെ സഹായിക്കുവാൻ ഈശോ നമ്മെ വിളിക്കുന്നു.

ക്രിസ്തുമസ് നാളുകൾ ദരിദ്രരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും പ്രത്യേകം അനുസ്മരിക്കുന്ന നാളുകളാണ്. 1972-ലെ ക്രിസ്തുമസ് മുതൽ നമ്മൾ നടത്തിവരുന്ന ജീവകാരുണ്യനിധിയിലേയ്ക്കുള്ള ധനസമാഹരണം ക്രിസ്തുമസ്സിന്റെ ചൈതന്യത്തിന് ഇണങ്ങുന്ന ഏറ്റവും ശ്രേഷ്ഠമായ പുണ്യകർമ്മമാണ്. നൂറുകണക്കിന് ആളുകൾക്ക് ചികിത്സ, വിദ്യാഭ്യാസം, സ്വയംതൊഴിൽ തുടങ്ങിയ കാര്യങ്ങൾക്ക് സഹായം നൽകാൻ ഈ സംരംഭത്തിലൂടെ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ''പുൽക്കൂട്ടിൽ പിറന്ന ഈശോയ്ക്ക് നമ്മുടെ ഇടവകയിൽ ഒരു ഭവനം'' എന്ന മുദ്രാവാക്യവുമായി 'കളർ എ ഹോം' പാർപ്പിടവസതിക്കുവേണ്ടിയാണ് ക്രിസ്തുമസ്കാല ധനശേഖരണം പ്രധാനമായും നാം നടത്തുക. സമാഹരിക്കുന്ന ആകെ തുകയുടെ 10% 'കളർ എ ഡ്രീം' ഉന്നതവിദ്യാഭ്യാസനിധിയ്ക്കായും വിനിയോഗിച്ചുവരുന്നു.

'കളർ എ ഹോം' പദ്ധതിയിലൂടെ എല്ലാ ഇടവകയിലും ഓരോ വർഷവും നിർധനകുടുംബങ്ങൾക്കുവേണ്ടി ഒരു പുതിയ വീടെങ്കിലും പണിയുകയോ അല്ലെങ്കിൽ നവീകരിക്കുകയോ ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. ഇതാണ് ക്രിസ്തുമസ് ധനശേഖരണത്തിന്റെ പ്രധാന ലക്ഷ്യം. അതിരൂപതയിലെ 200 ഇടവകകളിലെങ്കിലും പുതിയ ഭവനങ്ങൾ ഉയർന്നുവരികയാണെങ്കിൽ അത് മാതൃകാപരമായ ഒരു കാരുണ്യപ്രവൃത്തിയായിരിക്കും. ഈ വർഷം വെള്ളപ്പൊക്കവും മണ്ണിടിച്ചിലും മൂലം നമ്മുടെ അതിരൂപതാകുടുംബത്തിലെ നിരവധി ഭവനങ്ങൾക്കു ഗുരുതരമായ തകർച്ച ഉണ്ടായിട്ടുണ്ട്. അവർക്കൊരു കൈത്താങ്ങാകാൻ നമുക്ക് ഉത്സാഹിക്കാം.

കോവിഡ് മഹാമാരിമൂലം കഴിഞ്ഞവർഷം ക്രിസ്തുമസ് ധനശേഖരണം നമ്മൾ നടത്തിയില്ല. ഈ വർഷം വീണ്ടും നമ്മൾ ഈ നല്ല കാര്യത്തിനായി മുതിരുമ്പോൾ നിങ്ങളുടെ ഉദാരമായ സഹകരണം പ്രതീക്ഷിക്കുന്നു. കുടുംബങ്ങളിലെ വരുമാനമുള്ള ഓരോ വ്യക്തിയും അവരുടെ ഒരു ദിവസത്തെ വരുമാനമെങ്കിലും ഈ മഹനീയ കർ

മ്മത്തിനായി നൽകിയാൽ കുറെ കുടുംബങ്ങളെ സഹായിക്കാൻ കഴിയും. ക്രിസ്തുമസ് കവറിനൊപ്പം നല്കിയിരിക്കുന്ന കുടുംബ വിവരഫോറത്തിൽ ഓരോ വ്യക്തിയുടെയും പേരിന് നേരെ അവർ നൽകുന്ന തുക രേഖപ്പെടുത്തി നൽകണമെന്ന് ആഗ്രഹിക്കുന്നു. ഒപ്പം കുടുംബവിവരഫോറത്തിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ അവ തിരുത്തിയും ഏതെങ്കിലും കൂട്ടിച്ചേർക്കേണ്ട വിവരങ്ങൾ ഉണ്ടെങ്കിൽ അവ കൂട്ടിച്ചേർത്തും കൂട്ടായ്മ ലീഡറിന്റെ സഹകരണത്തോടെ ക്രിസ്തുമസിന് മുമ്പായി പള്ളിയിൽ എത്തിക്കാൻ എല്ലാവരും ഉത്സാഹിക്കണം.

'കളർ എ ഹോം' പദ്ധതിയോടൊപ്പം അതിരൂപത നടത്തിവരുന്ന 'കളർ എ ഡ്രീം' ഉന്നതവിദ്യാഭ്യാസനിധിവഴി നിരവധി നിർധനകുടുംബങ്ങളിലെ കുട്ടികൾക്ക് ഉന്നതപഠനത്തിന്റെ വാതായനങ്ങൾ തുറന്നുകൊടുക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 2700-ൽ അധികം കുട്ടികളെ ഉന്നതപഠനത്തിന് സഹായിക്കാൻ അതിരൂപതയ്ക്കു കഴിഞ്ഞത് നിങ്ങളുടെ വിലയേറിയ സഹകരണം ഒന്നുകൊണ്ടു മാത്രമാണ്. ഇനിയും 'കളർ എ ഡ്രീം' പദ്ധതിയിലുള്ള തങ്ങളുടെ മൂലധനം വർദ്ധിപ്പിച്ചുകൊണ്ട് ഈ പദ്ധതിയുടെ നേട്ടങ്ങൾ നമ്മുടെ ഇടവകയിലെ കൂടുതൽ കുടുംബങ്ങൾക്കു ലഭ്യമാക്കി കൊടുക്കുന്നതു കാണുവാൻ ആഗ്രഹിക്കുന്നു. എല്ലാ വൈദികരും പാരിഷ് കൗൺസിൽ അംഗങ്ങളും ഈ കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും പിറവിത്തിരുന്നാളിന്റെയും പുതുവത്സരത്തിന്റെയും അനുഗ്രഹാശംസകൾ!

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

NB : *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ ഡിസംബർ 12-ാം തീയതി വായിക്കുകയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗത്തിലൂടെ അറിയിക്കുകയും ചെയ്യേണ്ടതാണ്.*

C.21/GL 229

# പരിഷ്ക്കരിച്ച സീറോ മലബാർ കുർബാനക്രമം

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

സീറോ മലബാർ സഭയുടെ പരിഷ്കരിച്ച കുർബാനക്രമം ഈ നവംബർ 28-ന്, പുതിയ ആരാധനാവത്സരാരംഭത്തോടെ നടപ്പിൽ വരികയാണല്ലോ. അതിന്റെ ചരിത്രപശ്ചാത്തലം, വരുത്തിയിരിക്കുന്ന മാറ്റങ്ങൾ, കുർബാനയർപ്പണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുതലായവ വൈദികരുടെ ഫൊറോനാ കോൺഫറൻസുകളിലും പ്രസ്ബിറ്ററൽ കൗൺസിലിലും അതിരൂപതാ വൈദികസമ്മേളനത്തിലും നമ്മൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാന സ്നേഹത്തിലും ഹൃദയൈക്യത്തിലും അർപ്പിക്കുക എന്നത് സർവ്വപ്രധാനമാണ്. നമ്മുടെ സഭയിലാകമാനം കുർബാനയുടെ അർപ്പണത്തിൽ ഐക്യം വേണമെന്നത് എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ്. അർപ്പണരീതി സംബന്ധിച്ച് നമ്മുടെ സഭയിൽ ഭിന്നാശയങ്ങൾ നിലവിലിരിക്കുന്നതിനാൽ ഐക്യം സാധിക്കുന്നതിന് ചില വിട്ടുവീഴ്ചകൾ വേണ്ടിവരുമെന്നത് സ്വാഭാവികമാണ്. അപ്രകാരമൊരു അർപ്പണരീതിയാണ് സീറോമലബാർ മെത്രാന്മാരുടെ സിനഡ് ദീർഘമായ ചർച്ചകൾക്കുശേഷം നടപ്പിലാക്കാൻ നിശ്ചയിച്ചത്. ഈ നിശ്ചയം നടപ്പിലാക്കുന്നതിന് റോമിലെ പൗരസ്ത്യസഭാകാര്യാലയം അംഗീകാരം നൽകുകയും ഫ്രാൻസിസ് മാർപാപ്പായും അത് ശുപാർശ ചെയ്തുകൊണ്ട് സീറോമലബാർ സഭയിൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ എത്രയുംവേഗം ഐക്യം സംജാതമാക്കാൻ ആവശ്യപ്പെട്ടിരിക്കയുമാണ്.

ഇക്കാര്യങ്ങൾ വൈദികസമ്മേളനങ്ങളിൽ നമ്മൾ ചർച്ച ചെയ്യുകയുണ്ടായി. സഭയുടെ ആരാധനാപാരമ്പര്യമനുസരിച്ച് ചെയ്തുപോന്നിരുന്ന ചില കാര്യങ്ങൾ നമ്മൾ ത്യജിക്കേണ്ടിവരുമെങ്കിലും പരിഷ്കരിച്ച കുർബാനക്രമം സിനഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കാൻ നമ്മൾ ഒന്നുചേർന്ന് തീരുമാനമെടുത്തു.

പ്രിയപ്പെട്ട അച്ചന്മാരേ, നിങ്ങളുടെ നല്ല സഹകരണത്തിന് ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. നമ്മുടെ അതിരൂപതയിൽ ആരാധന ക്രമപരമായ കാര്യങ്ങളിൽ അച്ചടക്കം പാലിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സഭയുടെ ആരാധനാചൈതന്യത്തോട് പരമാവധി വിശ്വസ്തത പുലർത്തിയും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചും അതിരൂപതയിലുടനീളം ആരാധനക്രമം സംബന്ധിച്ച് ബോധവല്ക്കരണം നടത്താനും പരിശീലനം നൽകാനും എന്നും നമ്മൾ ശ്രദ്ധിച്ചിട്ടുണ്ട്. സഭയുടെ ഏറ്റവും പരിശുദ്ധവും ശ്രേഷ്ഠവുമായ കർമ്മം എന്ന നിലയിൽ ലിറ്റർജി സംബന്ധമായ കാര്യങ്ങളിൽ ഭാവിയിലും തികഞ്ഞ അച്ചടക്കം പാലിക്കാൻ ബഹു. അച്ചന്മാർ സഹകരിക്കുമല്ലോ. ആളുകൾക്കും ശരിയായ പരിശീലനം നൽകാൻ ശ്രദ്ധിക്കണം.

വൈദികരുടെ ഫൊറോനാസമ്മേളനങ്ങളിൽ ഉരുത്തിരിഞ്ഞ ധാരണക്കനുസൃതം പരിശുദ്ധ കുർബാനയുടെ ചൈതന്യം നഷ്ടപ്പെടുത്താതെയും പ്രാർത്ഥനകൾ അവയുടെ പരമാവധി പൂർണ്ണതയിൽ ചൊല്ലിയും ഉത്തരവാദിത്വബോധത്തോടെ ഐച്ഛികങ്ങൾ ഉപയോഗിക്കാൻ വൈദികർ താല്പര്യമെടുക്കുമല്ലോ. അങ്ങനെ ആളുകളിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കാതെയും അച്ചടക്കം പാലിച്ചും അതിരൂപതയിലെല്ലായിടത്തും കുർബാന അർപ്പിക്കാൻ ഇടയാകണം.

## ചില പ്രായോഗിക നിർദ്ദേശങ്ങൾ

1. നവംബർ 28 മുതൽ പരിഷ്കരിച്ച കുർബാനക്രമം അനുസരിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുക.
2. കാർമ്മികനും ശുശ്രൂഷികളും മദ്ബഹയിൽനിന്ന് പ്രദക്ഷിണമായി ബേമ്മയിൽവന്ന് അവിടെ പ്രതിഷ്ഠിക്കുന്ന സ്ലീവായെ നോക്കി ജനാഭിമുഖമായി കുർബാന ആരംഭിക്കുന്നു.
3. 'സർവ്വാധിപനാം' എന്ന കീർത്തനം ആരംഭിക്കുമ്പോൾ മദ്ബഹാവിരി തുറക്കുന്നു; കാർമ്മികൻ മദ്ബഹയിലേക്കു തിരിഞ്ഞ് കുനിഞ്ഞാചാരം ചെയ്യുന്നു; കീർത്തനത്തിനുശേഷം ജനങ്ങളുടെ നേരേ തിരിയുന്നു.
4. ലേഖനവായനയ്ക്കു മുമ്പുള്ള "സർവ്വജ്ഞനായ ഭരണകർത്താവും...." എന്ന പ്രാർത്ഥന ഐച്ഛികമാണെങ്കിലും സാധാരണദിവസങ്ങളിലും വലിയ നോമ്പിലെ ഞായറാഴ്ചകളിലും ചൊല്ലുന്നത് ഉചിതമാണ്.
5. സഹകാർമ്മികരുള്ളപ്പോൾ ഓനീസാ ദ് റാസേയുടെ സമയത്ത് കാർമ്മികൻ മദ്ബഹയിലേക്കു തിരിഞ്ഞു നില്ക്കുന്നു.

6. ഓനീസാ ദ് റാസേ കഴിയുമ്പോൾ വചനവേദിയിലുള്ളവരും മദ്ഹയിലുള്ളവരും മദ്ബഹയുടെ കവാടത്തിലേക്ക് വരുന്നു. തുടർന്ന് തക്സായിൽ കൊടുത്തിരിക്കുന്നതു (തക്സാ പേജ് 63) പോലെ കൂശാപ്പാ പ്രാർത്ഥനയും വിശ്വാസപ്രമാണവും ചൊല്ലിയതിനുശേഷം ശുശ്രൂഷിയെ ആശീർവ്വദിക്കുകയും, തുടർന്ന് പ്രാർത്ഥന ചൊല്ലിക്കൊണ്ട് മൂന്നുപ്രാവശ്യം കുനിഞ്ഞാചാരം ചെയ്ത് ബലിപീഠത്തെ സമീപിക്കയും ചെയ്യുന്നു.

7. കാർമികൻ സമൂഹത്തോട് മൂന്നുപ്രാവശ്യം പ്രാർഥനായാചന നടത്തുന്നുണ്ട്. അവയിൽ ആദ്യത്തെ രണ്ടും ചെയ്യേണ്ടതാണ്, ഐച്ഛികമല്ല.


8. കുർബാന സ്വീകരണത്തിനുശേഷം കാസയും പീലാസയും തുടച്ച് ക്രമീകരിക്കുന്നത് ബേസ്ഗസ്സയിലാണ്.

9. സമാപന പ്രാർത്ഥനകൾ മദ്ബഹയുടെ കവാടത്തിങ്കൽവന്ന് ജനങ്ങളിലേക്കു തിരിഞ്ഞുചൊല്ലുന്നു. സമാപനാശീർവ്വാദം ഇടത്തുവശത്തേക്ക് അല്പം മാറിനിന്നുകൊണ്ട് നൽകുന്നു (തക്സാ പേജ് 114).

10. സമാപനപ്രാർത്ഥനകൾ ചൊല്ലുമ്പോൾ കുർബാന തക്സാ വയ്ക്കാൻ സൗകര്യപ്രദമായ ഒരു സ്റ്റാന്റ് മദ്ബഹയുടെ കവാടത്തിങ്കൽ സ്ഥാപിക്കുന്നത് നന്നായിരിക്കും. അതിൽ ഒരു മൈക്രോഫോൺ ഘടിപ്പിക്കാവുന്നതാണ്.

എല്ലാവരുടെയും പൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

Ref: 3592/K-5/KCBC/OL/DS 02.11.2021

# 2021 ഡിസംബർ 19 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വചനം മനുഷ്യനായി അവതരിച്ചതിന്റെ ഓർമ ആചരിക്കുന്ന ഡിസംബർ മാസം വചനപാരായണമാസമായി കേരള കത്തോലിക്കാസഭ ആചരിക്കുന്നു. ഇനിയും നമ്മെ പൂർണമായും വിട്ടകന്നിട്ടില്ലാത്ത മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഈ വർഷവും തിരുപ്പിറവി മഹോത്സവം നാം ആഘോഷിക്കുന്നത്. മരണത്തിന്റെ നിഴലിൽ എന്നോണം കഴിയുന്ന ജനത്തിന് ഇരുളിൽ ജ്വലിക്കുന്ന പ്രകാശമായി (യോഹ 1,5), ആശ്വാസത്തിന്റെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ തൂകി ക്രിസ്തുമസ് വീണ്ടും കടന്നുവരുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനം സകലജനത്തിനുമുള്ള സദ്‌വാർത്തയാണ്.

### സകലജനത്തിനുമുള്ള സദ്‌വാർത്ത

2023 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന മെത്രാൻസിനഡിന്റെ പതിനാറാം പൊതുസമ്മേളനത്തിന് ആമുഖമായി പ്രസിദ്ധീകരിച്ച ഒരുക്കരേഖ സകലർക്കുമുള്ള സദ്‌വാർത്തയായ ഈശോയിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കിടയിലേക്കും ഇറങ്ങിച്ചെന്ന ഈശോ, ദൈവകരുണ 'പക്ഷഭേദമില്ലാതെ' (അപ്പ 10,34) പകർന്നുനല്കുന്നതു നാം കാണുന്നുണ്ട്. ചുങ്കക്കാരനായ ലേവിയുടെയും (മർക്കോ 2,13-17) വിജാതീയയായ കാനാൻകാരിയുടെയും (മത്താ 1,21-28) ഏകാകിനിയായ സമരിയാക്കാരിയുടെയും (യോഹ 4,1-42) രോദനങ്ങൾക്കും നെടുവീർപ്പുകൾക്കും ചെവികൊടുത്ത്, ഈശോ അവരെ രക്ഷയുടെ തീരത്തേക്ക് കൊണ്ടുവരുന്നു. ഏതു സാമൂഹിക ശ്രേണിയിലുള്ളവരുടെയും നേർക്ക് വാതിലുകൾ തുറന്നിട്ടിരിക്കുന്ന അവിടന്ന്, ദൈവത്തിൽനിന്നകന്ന് ആത്മീയാന്ധകാരത്തിൽ കഴിയുന്നവരെയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലുള്ളവരെയും പ്രത്യേകമായി ദൈവരാജ്യത്തിന്റെ സാഹോദര്യത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. നമ്മുടെ വേദനകളിലും തേങ്ങലുകളിലും ആശ്വാസവും പരാജയങ്ങളിലും തകർച്ചകളിലും ആലംബവുമാണ് ദൈവവചനമാകുന്ന ഈശോ.

## സദ്‌വാർത്തയ്ക്കായി കാത്തിരിക്കുന്നവർ

ഈശോയെ പ്രഘോഷിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, ഈശോമിശിഹായാകുന്ന സദ്‌വാർത്തയ്ക്കായി തന്റെ ഹൃദയം തുറന്ന് കാത്തിരിക്കുന്ന വിജാതീയനായ കൊർണേലിയൂസിനെയും ഈശോയെ പ്രഘോഷിക്കാനായി താൻ നാളിതുവരെ മുറുകെപ്പിടിച്ചിരുന്ന ചില കാഴ്ചപ്പാടുകൾ തിരുത്തി സ്വയം നവീകരിക്കാൻ തയ്യാറാകുന്ന പത്രോസിനെയും (അപ്പ 10) സിനഡിന്റെ ഒരുക്കരേഖ അവതരിപ്പിക്കുന്നു.

മിശിഹായ്ക്കായി തീക്ഷ്ണമായി ദാഹിക്കുന്നവരുടെ പ്രതിനിധിയാണ് കൊർണേലിയൂസ് എന്ന ശതാധിപൻ. റോമൻ അധിനിവേശസൈന്യത്തിലെ ഒരു പടത്തലവനായിരുന്നെങ്കിലും നിരന്തരം പ്രാർഥിക്കുന്നവനും ജനത്തിന് വളരെയേറെ ദാനധർമങ്ങൾ ചെയ്യുന്നവനുമായിരുന്നു ഈ വിജാതീയനെന്ന് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. ഒരു ദൈവദൂതൻ അവന്റെ ഭവനത്തിലേക്ക് കടന്നുചെന്ന്, ദൈവം അവനെ ശ്രവിച്ചിരിക്കുന്നു എന്നു പറയുമ്പോൾ ഈശോയാകുന്ന നിറവിൽ എത്തിച്ചേരാനുള്ള കൃപയാണ് അവനു ലഭിക്കുന്നത്. കർത്താവ് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ തയ്യാറായിരിക്കുന്ന (അപ്പ 10,33) കൊർണേലിയൂസും കുടുംബവും പത്രോസ് അപ്പസ്തോലനിലൂടെ 'സദ്‌വാർത്ത' സ്വീകരിക്കുന്നതും അതുവഴി അവരുടെ ജീവിതത്തിൽ പുതിയ ചക്രവാളങ്ങൾ തുറക്കുന്നതും നാം പിന്നീട് കാണുന്നുണ്ട്. ദൈവവചനം അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നത്, എല്ലാ ജനഹൃദയങ്ങളിലും അതിന് ഇടം ലഭിക്കുമ്പോഴാണ്. വചനത്തിനായി ദാഹിക്കുന്ന അനേകർ നമ്മുടെ ഇടയിലുണ്ടെന്നും അതിർവരമ്പുകളൊന്നും വചനത്തിനു പ്രതിബന്ധമല്ലെന്നുമുള്ള തിരിച്ചറിവാണ് നമുക്കു വേണ്ടത്. ഈശോയ്ക്കായി കാത്തിരിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സദ്‌വാർത്ത എത്തിക്കാനുള്ള ആഹ്വാനം ഈ തിരുപ്പിറവിത്തിരുനാൾ നമുക്കു നല്കുന്നു.

## സദ്‌വാർത്തയും ആത്മനവീകരണവും

സദ്‌വാർത്ത പ്രഘോഷിക്കാൻ നാം ഒരുങ്ങേണ്ടതുണ്ട് എന്നു വ്യക്തമാക്കുന്നതാണ് പത്രോസിനുണ്ടാകുന്ന ദർശനം (അപ്പ 10,9-16). വചനവിത്തുകൾ സ്വീകരിക്കാൻ വയലുകൾ സജ്ജമാണെങ്കിലും വിത്തുവിതയ്ക്കുന്നവർ അതിനായി തയ്യാറാകേണ്ടതുണ്ട്. കൊർണേലിയൂസിനെ 'സദ്‌വാർത്ത' അറിയിക്കാനായി പത്രോസിനെ ദൈവം ഒരുക്കുന്നത് സർവജീവജാലങ്ങളെയും കൊന്നുഭക്ഷിക്കാൻ നിർദേശിക്കുന്ന ഒരു ദർശനവിവരണത്തിലൂടെ അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. പത്രോസ് ഇവിടെ ആദ്യം നല്കുന്ന മറുപടി

ശുഭകരമല്ല: "കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല" (അപ്പ 10,14). ആചാരാനുഷ്ഠാനങ്ങളിൽ പടുത്തുയർത്തിയ മതവിശ്വാസവും മറ്റു ജനവിഭാഗങ്ങളിൽനിന്ന് വേർതിരിക്കപ്പെട്ടവരാണ് തങ്ങൾ എന്ന സാമുദായികബോധവും പരമപ്രധാനമായി കരുതിയ ഇസ്രായേൽ പാരമ്പര്യത്തിൽനിന്ന് പുറത്തുകടക്കാനുള്ള പത്രോസിന്റെ വൈമനസ്യമാണ് ഇവിടെ നാം കാണുന്നത്. ദൈവം പ്രത്യേകം തെരഞ്ഞെടുത്തെന്ന കാരണത്താൽ ഈ സമൂഹത്തിനു പുറത്തുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയാതെ, തന്റെതന്നെ ലോകത്തിലേക്കു ചുരുങ്ങിപ്പോകുന്ന പത്രോസിന് സുവിശേഷവത്കരണത്തിന്റെ സാധ്യതകളും വെല്ലുവിളികളും ഈ ദർശനത്തിലൂടെ വെളിപ്പെടുന്നു.

തന്റെ ജീവിതകാഴ്ചപ്പാടുകളിൽ മാറ്റംവരുത്താൻ കർത്താവ് ഒരു ദർശനത്തിലൂടെ നിർദേശം നല്കുന്നതുവഴി സുവിശേഷം സർവജനത്തിനും വേണ്ടിയുള്ളതാണെന്നും അത് അവരിലെത്തിക്കാൻ താൻ കടപ്പെട്ടിരിക്കുന്നുവെന്നും പത്രോസ് തിരിച്ചറിയുന്നു. വിജാതീയനായ കൊർണേലിയൂസിന്റെയും കുടുംബത്തിന്റെയും ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അദ്ദേഹം തയ്യാറാകുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ പുതിയൊരു ചുവടുവയ്പ്പാണ്. ദൈവദൃഷ്ടിയിൽ ഒരു മനുഷ്യവ്യക്തിയും അസ്പർശ്യനോ അയോഗ്യനോ അല്ല (അപ്പ 10,28). മാത്രമല്ല, അവരുടെയും കാതുകളിൽ സദ്വാർത്ത മുഴങ്ങണമെന്നത് ദൈവഹിതവും ദൈവപദ്ധതിയുമാണ്. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും ലഭിക്കുന്ന ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പ് മറ്റുള്ളവർക്കു ശുശ്രൂഷചെയ്യാനും ലോകമെങ്ങും സാക്ഷ്യംനല്കാനും വേണ്ടിയുള്ളതാണ്. പത്രോസിനു ലഭിക്കുന്ന ഈ പുതിയ വെളിച്ചമാണ് ആദിമസഭയെ പലസ്തീനയുടെ അതിർത്തികൾക്കപ്പുറത്തേക്കു നയിക്കുന്നതിൽ വലിയ പങ്കുവഹിച്ചത്. വചനത്തിനായി ദാഹിക്കുന്ന കൊർണേലിയൂസിനെപ്പോലെയുള്ളവരുടെ ജീവിതത്തിലേക്ക് സദ്വാർത്തയുമായി പത്രോസിനെപ്പോലെ ധൈര്യപൂർവം കടന്നുചെല്ലാൻ ഈശോ നമ്മെ ക്ഷണിക്കുന്നു. പക്ഷേ, പത്രോസിനെപ്പോലെ നാം സദ്വാർത്തയാൽ ഒരു ആത്മനവീകരണത്തിനു വിധേയരാകേണ്ടതുണ്ട്. ആഗമനകാലദിനങ്ങൾ നമുക്ക് സുവിശേഷപ്രഘോഷണത്തിനായി സ്വയം ഒരുങ്ങാനുള്ള സമയംകൂടിയാണ്. ദൈവവചനത്തോടുള്ള തുറവ് നമ്മുടെ മുന്നിലുള്ള സാധ്യതയാണെങ്കിൽ, വചനപ്രഘോഷണത്തിനായി ആന്തരികനവീകരണത്തിനുള്ള സന്നദ്ധത നമുക്കുള്ള വെല്ലുവിളിയാണ്.

വചനത്തിനു കാതുകൊടുത്താണ് സഭ സ്വർഗീയജറുസലേം ലക്ഷ്യമാക്കി മുന്നേറുന്നത്. 'ആത്മാവ് പറയുന്നതു കേൾക്കുവിൻ'

എന്ന് മിശിഹാ സഭകളെ ആഹ്വാനംചെയ്യുന്നത് വെളിപാടിലെ സഭകൾക്കുള്ള കത്തുകളിൽ നാം വായിക്കുന്നു (വെളി 2,7.11.17.29; 3,6.13.22). വഴിയും സത്യവും ജീവനുമായ (യോഹ 4,6) ഈശോയെ പിഞ്ചെല്ലുന്ന തീർഥാടകയായ സഭയിലെ അംഗങ്ങളായ നമ്മുടെ ഓരോ ചുവടുവയ്പിനും മാർഗദർശിയാണ് സജീവവും എന്നും നവീനവുമായ ദൈവവചനം (ഹെബ്രാ 4,12-13).

## കേരളസഭയും വിശുദ്ധഗ്രന്ഥവും

പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ള കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ സാക്ഷ്യമാണ് ബൈബിൾ മേഖലയിലെ പ്രവർത്തനങ്ങൾ. ബൈബിൾ സഭാസമൂഹത്തിന് സംലഭ്യമാക്കുകയെന്നത് വചനശുശ്രൂഷയിൽ ഏറെ പ്രധാന്യമർഹിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംമുതൽതന്നെ മലയാളഭാഷയിൽ കത്തോലിക്കാവിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങി. ഇതുവരെ പത്ത് വ്യത്യസ്ത കത്തോലിക്കാ ബൈബിൾ പരിഭാഷകൾ കേരളത്തിൽ വെളിച്ചം കണ്ടിട്ടുണ്ട്. കേരള കത്തേലിക്കാ മെത്രാൻസമിതിയുടെ ആഭിമുഖ്യത്തിൽ പിഒസി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചിട്ട് നാല്പത് വർഷം തികയുകയാണ്. കെസിബിസിയുടെ നിർദേശപ്രകാരം ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ആദ്യ പിഒസിപരിഭാഷ ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മൂലഭാഷകളുമായി ഒത്തുനോക്കി പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പരിഷ്കരിച്ച പുതിയനിയമം പഠനബൈബിളായി 2020 ൽ പ്രസിദ്ധീകരിച്ചു. പഴയനിയമ പരിഷ്കരണം അവസാനഘട്ട ഭാഷാസംശോധനയ്ക്കു വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന ബൈബിൾ വിവർത്തക സംഘത്തെയും പി.ഒ.സി. നേതൃത്വത്തെയും നന്ദിയോടെ സ്മരിക്കാം. മൂലഭാഷയോട് ഏറ്റവും അടുത്തുനില്ക്കുന്ന ഈ പുതിയ പതിപ്പ് ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശ്വാസികളെ സഹായിക്കുമെന്നതിൽ സംശയമില്ല.

വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ലോഗോസ് ക്വിസ് ഇത്തവണ കൊറോണയുടെ പശ്ചാത്തലത്തിൽ ഡിസംബർമാസം പതിവിലും വ്യത്യസ്തമായി എളിയ രീതിയിലാണ് നടത്തുന്നത്. പ്രവർത്തനസാധ്യതകൾ പരിമിതമായ ഈ സമയത്തും പല രൂപതകളും ഇടവകകളും ബൈബിൾ ആസ്പദമാക്കി ക്രിയാത്മകങ്ങളായ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന ബൈബിൾ യുട്യൂബ്വീഡിയോകൾ ഓൺലൈൻ ആയി ബൈബിൾ പഠിക്കുന്ന

വർക്കും ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുക്കുന്നവർക്കും സഹായകമാണ്.

നാം ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 19-ാം തീയതി രാത്രി 7 മുതൽ 8 വരെ 'തിരുവചനമണിക്കൂർ' ആയി നമ്മുടെ എല്ലാ ഇടവകസമൂഹങ്ങളും ആചരിക്കണമെന്ന് താല്പ്പര്യപ്പെടുന്നു. ഇടവകയിലെ കുടുംബങ്ങൾക്കായി നിശ്ചയിച്ചുകൊടുക്കുന്ന സമ്പൂർണബൈബിളിലെ ഭാഗങ്ങൾ എല്ലാ ഭവനങ്ങളിലും ഈ ഒരു മണിക്കൂർ തുടർച്ചയായി വായിച്ചാൽ എല്ലാ ഇടവകകളിലും സമ്പൂർണ ബൈബിൾ പാരായണം ഒരു മണിക്കൂർകൊണ്ട് പൂർത്തിയാക്കാൻ സാധിക്കും. സൗകര്യപ്പെടുന്ന ഇടവകകൾ അഖണ്ഡബൈബിൾ പാരായണം നേരിട്ടോ, ഓൺലൈൻ ആയോ സംഘടിപ്പിക്കുന്നതും നന്നായിരിക്കും.

ബൈബിൾ ഞായറാഴ്ച നിങ്ങൾ നൽകുന്ന സംഭാവന രൂപതകളുടെയും കെസിബിസിയുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. വചനത്തിൽ ആഴപ്പെട്ട് 'സദ്വാർത്തയുടെ' പ്രേഷിതരും സമൂഹത്തിൽ ഐക്യത്തിന്റെ കണ്ണികൾ സുദൃഢമാക്കുന്നവരും ആകാൻ ആഹ്വാനംചെയ്തുകൊണ്ടും മാംസംധരിച്ച വചനമായ ഈശോയിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)


**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

---

NB: *2021 ഡിസംബർ 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025




# I
## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

1. മനുഷ്യാവതാരം ചെയ്ത രക്ഷകൻ പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമാണെങ്കിലും, തന്റെ ദൈവത്വം മറച്ചുവച്ച് മനുഷ്യത്വത്തിലാണ് ഈ ലോകത്തിൽ ജീവിച്ചതും രക്ഷാകർമ്മം നിർവഹിച്ചതും. അതാണ് മംഗളവാർത്ത, ദനഹ, നോമ്പ് കാലങ്ങളിലെ മുഖ്യവിഷയം. ഈ രക്ഷാകരസംഭവങ്ങൾ വ്യക്തമായും ലളിതമായും അവതരിപ്പിക്കുന്നതാണ് മാർ തെയഡോറിന്റെ അനാഫൊറ. അതുകൊണ്ട് മംഗളവാർത്തക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.
2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐച്ഛികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.
3. നാലാം ഗ്ഹന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

# II
## വിവാഹാഘോഷങ്ങൾക്ക് മുടക്ക്

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുപ്പിറവിക്കൊരുക്കമായി നടത്തുന്ന ഇരുപത്തഞ്ചുനോമ്പിന്റെ കാലഘട്ടത്തിൽ (ഡിസംബർ 1 മുതൽ 24 വരെ) വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന് ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

# III
## മൈലാപ്പൂരിലെ അത്ഭുത സ്ലീവായുടെ തിരുനാൾ

ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണികൾ പുരാതനകാലംമുതൽ വണങ്ങിപ്പോന്നിരുന്ന മൈലാപ്പൂരിലെ അത്ഭുത സ്ലീവാ നമ്മുടെ സഭയിൽ പ്രധാ

നപ്പെട്ട ഒരു ആരാധനാ പ്രതീകമാണ്. സീറോമലബർ സഭയുടെ പാരമ്പ ര്യത്തിലധിഷ്ഠിതവും വിശ്വാസികളുടെ വണക്കത്തിന് ഏറ്റവും യോഗ്യ വുമായ അത്ഭുതസ്ലീവായുടെ തിരുനാൾ ഡിസംബർ 18-ന് സമുചിതമായി ആചരിക്കേണ്ടതാണ്.

## IV
## ബൈബിൾ ഞായർ

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഹ്വാനമനുസരിച്ച് ബൈ ബിൾ ഞായർ ആയി ആചരിക്കുന്ന ഡിസംബർ 19-ാം തീയതി രാത്രി 7 മുതൽ 8 വരെ തിരുവചനമണിക്കൂർ ആയി നമ്മുടെ എല്ലാ ഇടവക സമൂ ഹങ്ങളും ആചരിക്കേണ്ടതാണ്. ഇടകയിലെ എല്ലാ ഭവനങ്ങളും ഈ ഒരു മണിക്കൂർ ബൈബിൾ പാരായണത്തിനായി നീക്കിവയ്ക്കണം.

## V
## ദൈവവിളി പ്രോത്സാഹന സെമിനാർ

അതിരൂപതാ ദൈവവിളി ഏകദിന സെമിനാർ ഈ വർഷം ഡിസംബർ 26 ഞായറാഴ്ച ഓൺലൈനായി ക്രമീകരിച്ചിരിക്കുന്നു. പെൺകുട്ടികൾ ക്കായി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെയും ആൺകുട്ടികൾ ക്കായി വൈകുന്നേരം 6.00 മുതൽ 7.30 വരെയും zoom പ്ലാറ്റ്ഫോമിൽ ആയിരിക്കും സെമിനാർ നടത്തപ്പെടുക.

## VI
## കളർ എ ഹോം - ക്രിസ്മസ് ധനശേഖരണം

ഈ വർഷത്തെ ക്രിസ്മസ് ധനശേഖരണം 'കളർ എ ഹോം' ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടിയുള്ളതാണ്. ആകെ ലഭിക്കുന്ന തുകയുടെ 40 ശതമാനവും തിരുത്തൽ വരുത്തിയ കുടുംബവിവര ഫാറങ്ങളും 2022 ജനുവരി 31 ന് മുമ്പായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണം.

## VII
## അതിരൂപത ബൈബിൾ കൺവൻഷനും ധ്യാനവും

ഡിസംബർ മാസാദ്യം നടത്താനിരുന്ന കുടുംബ വിശുദ്ധീകരണ ധ്യാനം 2022 മാർച്ച് മാസത്തിലേയ്ക്ക് മാറ്റിയിരിക്കുന്നു. അതിരൂപത ബൈബിൾ കൺവൻഷനും ധ്യാനവും സംയുക്തമായിട്ടാണ് ക്രമീകരിക്കുന്നത്. തീയതി പിന്നീട് അറിയിക്കുന്നതാണ്.

## VIII
## കുടുംബക്കല്ലറകൾ

കുടുംബക്കല്ലറകൾ ഉള്ള പള്ളികളിൽ നിർബന്ധമായും ഒരു കുടും ബക്കല്ലറ രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാണ്. കല്ലറ എടുക്കുന്ന ആളിന്റെ പേര്, തീയതി, രസീത് നമ്പർ, കല്ലറയുടെ സിമിത്തേരിയിലെ ക്രമനമ്പർ,

കല്ലറയിൽ അടക്കപ്പെടുന്നവരുടെ പേരുകൾ, അടക്കപ്പെടുന്ന തീയതി എന്നിവ കല്ലറ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കുടുംബക്കല്ലറകളുടെ കാലാവധി മനസ്സിലാക്കുന്നതിനും കല്ലറകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനും കൃത്യമായി കുടുംബക്കല്ലറ രജിസ്റ്റർ സൂക്ഷിക്കേണ്ടത് ആവശ്യമാണ്.

# നിത്യതയിലേക്ക്



**സി. തേരേസിയോള CMC**



**സി. മേരി മാർത്ത CMC**



**സി. റോസി FDSHJ**



**സി. സെലിൻ കല്ലറയ്ക്കൽ MMS**



**സി. ലോറൻസ്യ പാറേൽ MMS**



**സി. അൽബീനാ നടയ്ക്കൽ SH**



**സി. ജോസ് മരിയ ഇടയാടിയിൽ SH**



**സി. റോസിറ്റ FCC**



**സി. മരിയ എഴുകാട്ടിൽ SABS**



**സി. ലൂസി മരിയ വെട്ടിക്കപ്പള്ളി SABS**



**സി. മേരി ക്വീൻ SABS**

# പ്രസ്ബിത്തേരിയം റിപ്പോർട്ട്

**2021 നവംബർ 16**

ചങ്ങനാശേരി അതിരൂപതയിലെ ഈ വർഷത്തെ രണ്ടാമത്തെ വൈദികസമ്മേളനം 2021 നവംബർ 16-ാം തീയതി ചൊവ്വാഴ്ച്ച ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ പാരീഷ് ഹാളിൽവച്ചു നടന്നു. രാവിലെ 9. 45-ന് അതിരൂപതാ വികാരി ജനറാൾ വാണിയപ്പുരയ്ക്കൽ പെ. ബഹു. ജോസഫച്ചന്റെ നേതൃത്വത്തിൽ നടന്ന ഖുത്താആ പ്രർത്ഥനയോടെ യോഗം ആരംഭിച്ചു. അതേ തുടർന്ന്, കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മുപ്പറത്തറ ബഹു. അബ്രാഹമച്ചൻ, പാറശ്ശേരി ബഹു. ജോസഫച്ചൻ, കുന്നിപ്പറമ്പിൽ ബഹു. സേവ്യറച്ചൻ, കണ്ടത്തിപ്പറമ്പിൽ ബഹു. ജോസഫച്ചൻ, അതിരൂപതാംഗങ്ങളായ സമർപ്പിതർ, അല്മായ സഹോദരർ എന്നിവരെ അനുസ്മരിച്ച് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ ഒപ്പിസുചൊല്ലി പ്രാർത്ഥിച്ചു.

തുടർന്ന്, അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് വൈദികസമ്മേളനത്തിലേയ്ക്ക് എല്ലാ വൈദികരേയും സ്വാഗതം ചെയ്തു. തദവസരത്തിൽ, ഇടവകകളിൽനിന്നും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണമെന്നും അതിനായി വൈദികർ നല്ല മാതൃകകൾ ആകണമെന്നും അഭി. പിതാവ് ഓർമ്മിപ്പിച്ചു. അതോടൊപ്പം വൈദികർ നല്കുന്ന സ്നേഹത്തിനും സഹകരണത്തിനും വൈദികകൂട്ടായ്മയുടെ ഐക്യത്തിനും പ്രത്യേകം നന്ദിയറിയിച്ചു. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ എല്ലാവരേയും ഒന്നിച്ചുകാണാൻ സാധിച്ചതിലുള്ള സന്തോഷം പങ്കുവച്ചുകൊണ്ടാണ് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് തന്റെ ആമുഖസന്ദേശം ആരംഭിച്ചത്. 2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന സിനഡിനു മുന്നോടിയായി, 2021 ഒക്ടോബർ 9-ാം തീയതി വത്തിക്കാനിൽ പരി. പിതാവ് ഫ്രാൻസീസ് മാർപ്പാപ്പാ നൽകിയ സന്ദേശത്തെ അധികരിച്ച്, വൈദികർ സാധാരണ നടത്തുന്ന പരിപാടികളിൽനിന്നും മാറി ജനത്തിന് ആത്മീയ ഉണർവ്വ് നല്കുന്ന പുതിയ പരിപാടികൾ ക്രമീകരിക്കണമെന്നും ദൈവജനത്തിന്റെ പുതിയ പ്രശ്നങ്ങൾക്ക് പഴയ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിൽനിന്നും വ്യത്യസ്തമായി, പുതിയ പ്രശ്നങ്ങൾക്ക് പുതിയ പരിഹാരങ്ങൾ നൽകണമെന്നും ഓർമ്മിപ്പിച്ചു. കൂട്ടായ്മയിൽ മുന്നിട്ടുനിൽക്കുന്ന നമ്മുടെ അതിരൂപതയെ ഓർത്ത് നമുക്ക് എന്നും അഭിമാനിക്കാമെന്നും ദീപിക ദിനപത്രത്തിന്റെ പ്രചരണത്തിൽ ബഹു. വൈദികർ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും അഭി. തറയിൽ പിതാവ് പങ്കുവച്ചു.

ആമുഖസന്ദേശത്തിനുശേഷം MAAC TV-യുടെ നേതൃത്വത്തിൽ കഴിഞ്ഞ ഏപ്രിൽ മാസത്തിനുശേഷം അതിരൂപതയിൽ നടന്ന പ്രധാന അജപാലന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് വിഷ്വലായി അവതരിപ്പിച്ചു. തുടർന്ന്, അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് വൈദികർക്കായി നൽകിയ സന്ദേശത്തിൽ, വൈദികർ ചെയ്യുന്ന വിവിധങ്ങളായ ശുശ്രൂഷകളെല്ലാം ലക്ഷ്യംവയ്ക്കുന്നത് മിശിഹായുടെ സഭയായി നമ്മൾ രൂപപ്പെടുക എന്നതാണെന്നും ഇപ്രകാരം സഭയായി നമ്മൾ രൂപപ്പെടുകയും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യു മ്പോഴാണ് സഭ വളരുന്നതെന്നും സൂചിപ്പിച്ചു. 2023-ലെ സിനഡിനെക്കുറിച്ച് ഫ്രാൻസീസ് മാർപ്പാപ്പാ പറയുന്നത് 'It's a journing together' എന്നാണ്. നമ്മുടെ അതിരൂപതയിൽ നടന്നുവരുന്ന പഞ്ചവത്സര അജപാലന പദ്ധതിയുടെ ലക്ഷ്യ വും ഇപ്രകാരം *'ഒന്നിച്ചു യാത്രചെയ്യുക'* എന്നതാണ്. അതിനുശേഷം അഭി. പെരുന്തോട്ടം പിതാവ് വൈദികർക്കു നൽകിയ നിർദ്ദേശങ്ങളിൽ, ഇടവകയിലെ സംഘടനാപ്രവർത്തനങ്ങൾ എല്ലാവരേയും പങ്കെടുപ്പിക്കത്തക്കരീതിയിൽ പു നഃക്രമീകരിക്കുക, സീറോ മലബാർ സഭയുടെ സിനഡ് നിർദ്ദേശിച്ചതും പരി. പിതാവ് ഫ്രാൻസീസ് മാർപ്പാപ്പാ അംഗീകരിച്ചു നൽകിയതുമായ രീതിയിൽ പരിശുദ്ധ കുർബാന പരികർമ്മം ചെയ്യുവാൻ ശ്രദ്ധിക്കുക, വിവാഹത്തിനൊരു ക്കമായുള്ള മനസ്സമ്മതം നടത്തുവാൻ പരമാവധി ശ്രദ്ധിക്കുക, അതിരൂപതയിൽ നിന്നും കുടുംബങ്ങൾക്കായി ക്രമീകരിക്കുന്ന online വാർഷികധ്യാനത്തിൽ പങ്കെടുക്കുവാൻ ആളുകളെ പ്രോത്സാഹിപ്പിക്കുക, CARPന്റെയും കുടുംബക്കൂ ട്ടായ്മയുടെയും നേതൃത്വത്തിൽ ഇടവകകളിൽ നടത്തുന്ന സർവേ ഫലപ്രദമാ ക്കുവാൻ സഹകരിക്കുക, ഇടവകകളിൽ വൈദികരുടെയോ ഡീക്കന്മാരുടെയോ സേവനം ആവശ്യമുണ്ടെങ്കിൽ അതിരൂപതാ കച്ചേരിയിൽനിന്നും മുൻകൂട്ടി അനു വാദം വാങ്ങുക, ഇടവകകളിൽനിന്നുമുള്ള അതിരൂപതാ വിഹിതം കൃത്യമായി നല്കുക, 2021 നവംബർ 27-ാം തീയതി കത്തീഡ്രൽ ദൈവാലയത്തിൽവച്ചു നടക്കുന്ന മൂറോൻതൈല കൂദാശയുടെ പ്രാധാന്യം, തുടങ്ങിയ കാര്യങ്ങളെ ക്കുറിച്ച് വൈദികസമൂഹത്തെ ഓർമ്മിപ്പിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള പ്രതിനിധിയോഗത്തിന്റെ കാലാവധി 2023 മാർച്ച് 31 വരെ ദീർഘി പ്പിക്കുന്നതായും അഭി. പിതാവ് അറിയിച്ചു.

ചങ്ങനാശേരി അതിരൂപതയുടെ സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി തെക്കൻ മേഖലയുടെ ഉന്നമനത്തിനായി ആരംഭിച്ച TAASC, കുട്ടനാ ടിന്റെ വികസനത്തിനായി ആരംഭിച്ച KRRIS, ചെത്തിപ്പുഴ സെന്റ് തോമസ് ആ ശുപത്രിയുടെ ബ്രാഞ്ചായി മണിമലയിൽ ആരംഭിച്ച സെന്റ് തോമസ് ഹെൽത്ത് സെന്റർ എന്നിവയുടെ ലക്ഷ്യത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അഭി. പെരുന്തോട്ടം പിതാവ് വൈദികരുമായി പങ്കുവച്ചു. അതിനുശേഷം, അഭി. പെ രുന്തോട്ടം പിതാവ് ഈ വർഷം പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ – രജത ജൂബിലിയിലേയ്ക്ക് പ്രവേശിക്കുന്ന ബഹു. വൈദികർ, ജൂബിലി പൂർ

ത്തിയാക്കുന്ന ബഹു. വൈദികർ, റോമിലെ ഹോളി ക്രോസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്നും ബൈബിളിൽ ഡോക്ടറേറ്റ് നേടിയ മറ്റത്തിൽ ബഹു. വർഗീസച്ചൻ, ബാംഗ്ലൂർ സെ. ജോൺസ് മെഡിക്കൽ കോളേജിന്റെ അസോ. ഡയറക്ടറായി നിയമിതനായ തെക്കേക്കര ബഹു. ജോണച്ചൻ, കാത്തലിക്ക് നേഴ്സസ് ഓഫ് ഇന്ത്യ, കേരള റീജൻ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസറായി നിയമിതനായ കുന്നത്ത് ബഹു. ജെയിംസച്ചൻ എന്നിവർക്ക് ആശംസകൾ നേർന്നു.

തുടർന്ന്, അഭി. പെരുന്തോട്ടം പിതാവ് ഈ വർഷത്തെ ആരാധനാ വത്സര കലണ്ടർ, അതിരൂപതാ ഡയറക്ടറി, CARP -ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ആക്റ്റിവിറ്റി രജിസ്റ്റർ, തെക്കേടത്ത് ബഹു. മാത്യു അച്ചൻ രചിച്ച Facing the East in Liturgy എന്ന ഗ്രന്ഥം, അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ സപ്തതിയോടനുബന്ധിച്ച് തെക്കൻ മേഖലയിൽ പൂർത്തീകരിച്ച ഭവനനിർമ്മാണ പദ്ധതിയുടെ സുവനീർ എന്നിവയുടെ പ്രകാശനം നിർവ്വഹിച്ചു. തദവസരത്തിൽ അതിരൂപതാ ചരിത്രത്തിന്റെ മൂന്നാം ഭാഗമായ *'കേരള വികസനത്തിൽ സഭയുടെ സംഭാവനകൾ'* എന്ന ഗ്രന്ഥത്തിന്റെ രചനയ്ക്ക് നേതൃത്വം നൽകിയ പനയ്ക്കേഴം ബഹു. ജോസഫച്ചനെ വൈദികസമ്മേളനത്തിൽ പ്രത്യേകം അഭിനന്ദിച്ചു. അതിനുശേഷം, ഈ വർഷം അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുവാനായി തയ്യാറായിക്കൊണ്ടിരിക്കുന്ന ബഹു. ഡീക്കന്മാർ തങ്ങളുടെ തിരുപ്പട്ട സ്വീകരണശുശ്രൂഷയിലേയ്ക്ക് വൈദികസമൂഹത്തെ പ്രത്യേകം ക്ഷണിച്ചു. അതേതുടർന്ന്, അതിരൂപതാ വികാരി ജനറാൾ പാടിയത്ത് പെ. ബഹു. തോമസച്ചൻ പഞ്ചവത്സര അജപാലന പദ്ധതിയുടെ അവസാന വർഷത്തെ പഠന വിഷയത്തെക്കുറിച്ചും (ക്രിസ്തീയ വിശ്വാസവും ധാർമ്മികതയും) 2023 ഒക്ടോബറിൽ നടക്കുന്ന സിനഡിന്റെ പഠനവിഷയത്തെക്കുറിച്ചും ഹ്രസ്വമായി സംസാരിച്ചു. തുടർന്ന് നടന്ന പൊതുചർച്ചയിൽ, അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർമാരും ഇടവകയിലെ അജപാലനപ്രവർത്തനങ്ങളെക്കുറിച്ച് ബഹു. വികാരിയച്ചന്മാരും പങ്കുവച്ചു. ഓഫ്ലൈനായും ഓൺലൈനായും സംഘടിപ്പിച്ച ഈ വൈദിക സമ്മേളനത്തിൽ അതിരൂപതാംഗങ്ങളായ മുന്നൂറോളം വൈദികർ പങ്കെടുത്തു. സമ്മേളത്തിൽ പങ്കെടുത്തവർക്കും ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തവർക്കും അതിരൂപതാ വികാരി ജനറാൾ പാടിയത്ത് പെ. ബഹു. തോമസച്ചൻ നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്ക് 1. 30 ന് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

## MAAC TEAM ന്റെ ആശംസകൾ

അഭിവന്ദ്യ പിതാക്കന്മാരുടെയും ബഹുമാനപ്പെട്ട വൈദികരുടെയും സന്യസ്തരുടെയും പ്രിയപ്പെട്ട ദൈവജനത്തിന്റെയും സഹകരണത്തോടും പ്രോത്സാഹനത്തോടും കൂടെ നമ്മുടെ അതിരൂപതയുടെ മാധ്യമപ്രേഷിത പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. എല്ലാവർക്കും നന്ദി.

## MAAC TEAM

ഇടവകതലത്തിലുള്ള MAAC TEAM ഒട്ടുമിക്ക ഇടവകകളിലും രൂപീകരിച്ചു കഴിഞ്ഞു എന്നറിയുന്നതിൽ സന്തോഷം. ഇനിയും രൂപീകരിക്കാത്ത ഇടവകകളിൽ അതിനുള്ള ശ്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കുമല്ലോ. ഇപ്രകാരം ഓരോ ഇടവകകളിലുംനിന്നു രൂപപ്പെടുന്ന 5 പേരടങ്ങുന്ന ടീമിനെ കോർത്തിണക്കി ഫൊറോനാ ഡയറക്ടറച്ചന്മാർ ഫൊറോനാതല MAAC TEAM രൂപീകരിച്ച് കോർഡിനേറ്റേഴ്സിന്റെ സഹായത്തോടെ പരിപാടികൾ ആവിഷ്കരിക്കുവാനും ശ്രമിക്കുമല്ലോ. ഫൊറോനാ ഡയറക്ടറച്ചന്മാർ ആവശ്യപ്പെടുന്നതനുസരിച്ച് അതിരൂപതാ ടീം ഇവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതുമാണ്.

## MAAC TV

സഭാവാർത്തകളും പഠനപരമ്പരകളും പ്രതികരണങ്ങളുമൊക്കെയായി കഴിഞ്ഞ മാസവും MAAC TV ക്ക് മികവു പുലർത്താനായി. ഇന്ത്യൻ പ്രധാനമന്ത്രി വത്തിക്കാനിലെത്തി മാർപാപ്പയെ സന്ദർശിച്ചതും മറ്റും റോമിൽ നിന്നു റിപ്പോർട്ടുചെയ്യാൻ കഴിഞ്ഞതും ചങ്ങനാശേരി അതിരൂപതാ വൈദിക സമ്മേളനത്തിൽ വ്യത്യസ്തമായ രീതിയിൽ റിപ്പോർട്ട് അവതരിപ്പിക്കാൻ കഴിഞ്ഞതും MAAC TVയുടെ നേട്ടങ്ങളാണ്. ഉരുൾപ്പൊട്ടലിന്റെ യഥാർത്ഥ ദുഃഖം എന്ന പേരിൽ കൊക്കയാറിലെ ഉരുൾപൊട്ടൽ പ്രദേശങ്ങളിലെത്തി കാഞ്ഞിരപ്പള്ളി രൂപതയ്ക്കുവേണ്ടി MAAC TV ചെയ്ത വീഡിയോ ഏറെ ഉപകാരമായെന്നും അറിയാൻ കഴിഞ്ഞു.

## MAAC RADIO

അതിരൂപതയുടെ സ്വപ്നമായിരുന്ന Internet Radio നവംബർ 28-ന് തുടക്കമായി. പ്രഘോഷണം കേൾവിയിലേക്കും കേൾവി വിശ്വാസത്തിലേക്കും എന്നത് വി. പൗലോസ് ശ്ലീഹായുടെ ആഹ്വാനമാണ്. ഇതിന് സമാനമാണ് MAAC RADIO യുടെ ആപ്തവാക്യം. 'കേൾക്കാം സാക്ഷ്യമാകാം...' എന്ന ടാഗ് ലൈനോടു കൂടിയ ജിംഗിൾ നവംബർ 18 ന് അഭിവന്ദ്യ തോമസ് തറയിൽ പിതാവ് റിലീസ് ചെയ്തിരുന്നു. ഏതു സമയവും എവിടെ ഇരുന്നും ONLINEലൂടെ ആത്മീയ പരിപാടികൾ ആസ്വദിക്കാനും സഭയുടെ യാമപ്രാർത്ഥനകളിലും മറ്റും പങ്കെടു

ക്കുവാനുമാകും എന്നതാണ് MAAC RADIO യുടെ പ്രത്യേകത. ആത്മീയ ഗാനങ്ങളും പ്രാർത്ഥകളും മറ്റുമടങ്ങുന്ന വ്യത്യസ്തമായ അവതരണ ശൈലി യാണ് MAAC ONLINE RADIOയുടേത്. MAAC TV പോലെ ഇതും അതിരൂപതയുടെ അഭിമാനമായി മാറുമെന്നാണ് പ്രതീക്ഷ. വിവിധ തലങ്ങളിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**അവതാരകരെ ആവശ്യമുണ്ട്**

MAAC TV യിലും MAAC RADIO യിലും വിവിധ പരിപാടികളുടെ അവതാരക രാകാനും മറ്റു പരിപാടികൾക്ക് വ്യത്യസ്തമായ രീതികളിൽ പിന്തുണ നൽ കുവാനും കഴിവും സേവന മനോഭാവവുമുള്ളവരെ ആവശ്യമുണ്ട്. താത്പ ര്യമുള്ളവർ ഫാ. ജോഫി പുതുപ്പറമ്പിൽ, ഫാ. ലൈജു കണിച്ചേരിൽ എന്നിവ രുമായി ബന്ധപ്പെടാൻ ശ്രമിക്കുമല്ലോ.

നമ്മുടെ അതിരൂപതയുടെ മാധ്യമപ്രേഷിതരംഗത്തെ വളർച്ചയ്ക്ക് എല്ലാ വരും നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾ തുടർന്നും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ,

സ്നേഹപൂർവ്വം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്**
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)

# സന്ദേശനിലയം
# SANDESANILAYAM

മിശിഹായിൽ സ്നേഹമുള്ളവരേ,

മംഗളവാർത്തക്കാലത്തോടുകൂടി പുതിയ ഒരു ആരാധനാക്രമവത്സരത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. വ്യക്തിപരമായ പ്രാർത്ഥനയിലൂടെയും തിരുവചന ധ്യാനത്തിലൂടെയും ഈ കാലത്തിന്റെ ചൈതന്യം സ്വന്തമാക്കിക്കൊണ്ട് പിറവിതിരുനാളിനായ് നമുക്ക് ഒരുങ്ങാം. ''ഉണ്ണിയെത്തേടി'' എന്ന ക്രിസ്തുമസ് കലണ്ടർ നമ്മുടെ കുട്ടികൾക്ക് കൃത്യമായി അയച്ചുകൊടുക്കുവാനും അത് അവർ പ്രയോജനപ്പെടുത്തുന്നു എന്നു വ്യക്തിപരമായി ഉറപ്പുവരുത്തുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആഗതമാകുന്ന പിറവിത്തിരുനാളിന്റെയും പരി. അമ്മയുടെ അമലോത്ഭവതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോഷി പാണംപറമ്പിൽ**
(ജോ. ഡയറക്ടർ)

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
(ഡയറക്ടർ)

**ഫാ. നിബിൻ പഴയമഠം**
(അസി. ഡയറക്ടർ)

## അറിയിപ്പുകൾ

**2021 ഡിസംബർ**

**മംഗളവാർത്തക്കാലം**

| | | |
|---|---|---|
| 1 ബുധൻ | : | ഇരുപത്തഞ്ച് നോമ്പാരംഭം |
| 5 ഞായർ | : | മംഗളവാർത്തക്കാലം രണ്ടാം ഞായർ, ക്ലാസ്സ് - 28 |
| 8 ബുധൻ | : | **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** (ഓഫീസ് അവധി) |
| 12 ഞായർ | : | മംഗളവാർത്തക്കാലം മൂന്നാം ഞായർ, ക്ലാസ്സ് - 29 |
| 18 ശനി | : | മൈലാപ്പൂരിലെ അത്ഭുത സ്ലീവായുടെ തിരുനാൾ |
| 19 ഞായർ | : | മംഗളവാർത്തക്കാലം നാലാം ഞായർ, ക്ലാസ്സ് - 30 |
| 24 വെള്ളി | : | ആഘോഷമായ റംശാ |
| 25 ശനി | : | **ഈശോയുടെ പിറവിത്തിരുനാൾ** (കടമുള്ള ദിവസം, ഓഫീസ് അവധി) |
| 26 ഞായർ | : | പിറവിക്കാലം ഒന്നാം ഞായർ, ക്ലാസ്സ് - 31 |
| 28 ചൊവ്വ | : | **കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ** |

**2022 ജനുവരി**

| | | |
|---|---|---|
| 2 ഞായർ | : | പിറവിക്കാലം രണ്ടാം ഞായർ, ക്ലാസ്സ് - 32 |
| 3 തിങ്കൾ | : | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 5 ബുധൻ | : | ആഘോഷമായ റംശാ |
| 6 വ്യാഴം | : | **ദനഹാത്തിരുനാൾ** (കടമുള്ള ദിവസം) |

## സർട്ടിഫിക്കറ്റ്, അവാർഡ് വിതരണം

2019-2020 വർഷത്തിലെ സി.എൽ.റ്റി., എം.സി.സി. കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ, 1 മുതൽ 12 വരെ ക്ലാസ്സുകളിൽ 100% ഹാജർ കരസ്ഥമാക്കിയ കുട്ടികൾക്കുള്ള മോൺ. കുര്യാക്കോസ് പറമ്പത്ത് മെമ്മോറിയൽ അവാർഡ്, ഷോർട്ട് ഫിലിം കോമ്പറ്റീഷൻ ''കക്ര'' യുടെ വിജയികൾക്കായുള്ള സമ്മാങ്ങൾ എന്നിവ 2021 നവംബർ 13 ശനിയാഴ്ച സന്ദേശനിലയത്തിൽ നടന്ന സമ്മേളനത്തിൽ വിതരണം ചെയ്തു.

## അതിരൂപതാ മതാദ്ധ്യാപക സംഗമം

**അതിരൂപതാ മതാദ്ധ്യാപക സംഗമം 2022 ജനുവരി 26 ബുധനാഴ്ച** നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## മതാധ്യാപക ജൂബിലേറിയൻസിനെ ആദരിക്കൽ

മതാധ്യാപക മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെ മതാധ്യാപക കൺവൻഷനിൽ ആദരിക്കുന്നതാണ്. മതാധ്യാപക രംഗത്തെ ജൂബിലേറിയൻസിന്റെ ബയോഡേറ്റ ഫോട്ടോ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയോടെ **2021 ഡിസംബർ 31 ന്** മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്.

## സൺഡേസ്കൂൾ രണ്ടാം ടേം എഴുത്ത് പരീക്ഷ

സൺഡേസ്കൂൾ രണ്ടാം ടേം എഴുത്ത് പരീക്ഷ ഫെബ്രുവരി മാസത്തിൽ ഉണ്ടായിരിക്കുന്നതാണ്. സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ സാധിക്കുന്നിടത്തോളം ഓഫ്ലൈനായി പരീക്ഷ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## അതിരൂപതാ പഞ്ചവത്സര പദ്ധതി

നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കി വരുന്ന പഞ്ചവത്സരപദ്ധതി അതിന്റെ അവസാന വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 2021 നവംബർ 28 മംഗളവാർത്താക്കാലത്തോടെ ആരംഭിച്ച് അടുത്ത മംഗളവാർത്താക്കാലം വരെ നീണ്ടുനില്ക്കുന്ന ഈ സമാപന വർഷത്തിലെ പരിചിന്തന വിഷയം **''വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും''** എന്നതാണ്. 2022 വർഷത്തെ വിശ്വാസോത്സവവും ഈ വിഷയത്തെ ആധാരമാക്കിയായിരിക്കും നടത്തപ്പെടുന്നത്. നമ്മുടെ കുട്ടികളുടെ പ്രായത്തിന് അനുസരിച്ച് വിശ്വാസത്തിലും ക്രിസ്തീയ ധാർമ്മികതയിലും ആഴപ്പെടാൻ ഉതകുന്ന ചിന്തകൾ പങ്കുവയ്ക്കുന്ന വേദിയായി വിശ്വാസപരിശീലന ക്ലാസ്സുകളെ നമുക്ക് പ്രയോജനപ്പെടുത്താം. ആനുകാലിക സംഭവങ്ങളെ വിശ്വാസവെളിച്ചത്തിൽ വിശകലനം ചെയ്ത് ഈശോയോടും, സഭയോടും, അതിരൂപതാ കുടുംബത്തോടും ചേർന്നു നില്ക്കുന്ന ഉത്തമക്രൈസ്തവരായി വളരുവാൻ നമുക്ക് അവരെ സഹായിക്കാം.

## കുടുംബപ്രാർത്ഥന – അനുദിന വിശ്വാസ പരിശീലനവേദി

കുട്ടികളുടെ വിശ്വാസപരിശീലനം പ്രഥമവും പ്രധാനവുമായി നടക്കേണ്ടത് കുടുംബങ്ങളിലാണല്ലോ. കുടുംബങ്ങളെ അതിന് സഹായിക്കുന്ന ഏറ്റവും പ്രധാനവേദി കുടുംബപ്രാർത്ഥനയുടെ അവസരമാണ്. മാധ്യമങ്ങളുടെ ക്രമരഹിതമായ ഉപയോഗവും, ഓൺലൈൻ ക്ലാസുകളുടെ ബാഹുല്യവും കുടുംബപ്രാർത്ഥന

*ശേഷം പേജ് 30 ൽ.....»*

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

മിശിഹായിൽ സ്നേഹമുള്ളവരേ,

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൂതുമായി ഒരു ക്രിസ്തുമസ് കാലം കൂടി സമാഗതമായി. നിരാശയുടെ കരിനിഴൽ പടർന്നിരിക്കുന്ന ഈ കോവിഡ് കാലത്ത് ദൈവപുത്രന്റെ ജനനം അനേകർക്ക് പ്രത്യാശ നല്കട്ടെ. ''ഉണ്ണിയെത്തേടി'' എന്ന സുകൃതകലണ്ടറിന്റെ സഹായത്തോടെ, 25 നോമ്പ് എടുത്തും, അനുരഞ്ജനകൂദാശ സ്വീകരിച്ചും, പരമാവധി ദിവസങ്ങളിൽ വി. കുർബാന സ്വീകരിച്ചും, രക്ഷകന്റെ വരവിനെ അറിയിച്ച നക്ഷത്രവിളക്കുകൾ വീടുകളിൽ തൂക്കിയും, പുൽക്കൂട് നിർമ്മിച്ചും, സുകൃതങ്ങൾ അഭ്യസിച്ചും ക്രിസ്തുമസിനായി നമുക്ക് ഒരുങ്ങാം. ഉണ്ണീശോയ്ക്ക് ഹൃദയത്തിൽ ജന്മം നൽകാം. സമാഗതമാകുന്ന പരിശുദ്ധ അമ്മയുടെ അമലോൽഭവ തിരുനാളിന്റെയും, നമ്മുടെ കർത്താവീശോമിശിഹായുടെ ജനനതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊള്ളുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോഷി പാണംപറമ്പിൽ**
*(ജോ. ഡയറക്ടർ)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. നിബിൻ പഴയമഠം**
*(അസി. ഡയറക്ടർ)*

## അറിയിപ്പുകൾ

**2021 ഡിസംബർ**

1 ബുധൻ : 25 നോമ്പാരംഭം, ക്രിസ്തുമസ് ഒരുക്കം, ഉണ്ണിയെത്തേടി

3 വെള്ളി : വിശുദ്ധ ഫ്രാൻസിസ് സേവ്യർ, പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കാം.

4 ശനി : രചനാ മത്സരത്തിന്റെ മികച്ച രചനകളും മിഷൻവോയ്സ് പത്രവും അതിരൂപതയിൽ ഏൽപ്പിക്കേണ്ട അവസാന തീയതി

8 ബുധൻ : പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ (ഓഫീസ് അവധി)

18 ശനി : മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ

19 ഞായർ : പ്ലാറ്റിനം ജൂബിലി ആന്തമത്സരത്തിന്റെ ഫലം അതിരൂപതയിൽ നൽകേണ്ട അവസാന തീയതി

25 ശനി : ഈശോയുടെ പിറവിത്തിരുനാൾ (ഓഫീസ് അവധി)

26 ഞായർ : അതിരൂപതാ ദൈവവിളി സെമിനാർ

28 ചൊവ്വ : കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

**2022 ജനുവരി**

1 ശനി : പുതുവർഷാരംഭം, ഈശോയുടെ നാമകരണ തിരുനാൾ

3 തിങ്കൾ : വി.ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം.

6 വ്യാഴം : ദനഹാ തിരുനാൾ, കടമുള്ള ദിവസം

## ഉണ്ണിയെത്തേടി

ക്രിസ്തുമസിന് ഒരുക്കമായ 25 നോമ്പ് കാലത്ത് ഉണ്ണിയെത്തേടി പുൽക്കൂട്ടിലേക്ക് യാത്ര പുറപ്പെടുകയാണ്. നമ്മുടെ പുണ്യങ്ങളും സുകൃതങ്ങളും ഉണ്ണിശോയ്ക്ക് സമ്മാനമായി നൽകാം. അതിരൂപത മിഷൻ ലീഗ് ഒരുക്കുന്ന സുകൃത ചെപ്പിന്റെ പോസ്റ്റർ തലേദിവസം വൈകുന്നേരം അതിരൂപത സന്ദേശനിലയം - മിഷൻലീഗ് വാട്സ്ആപ്പ് ഗ്രൂപ്പിൽ കൂടി നൽകുന്നതായിരിക്കും. അധ്യാപകർ യഥാസമയം പോസ്റ്ററുകൾ ക്ലാസ് ഗ്രൂപ്പിൽ ഷെയർ ചെയ്യുമല്ലോ? കുഞ്ഞു മിഷനറിമാർ സുകൃതവഴിയിൽ കൂടി പോകുന്നുണ്ടെന്ന് മതാധ്യാപകർ ഉറപ്പു വരുത്തുകയും ചെയ്യുമല്ലോ.

## ക്രിസ്കാർഡ്

ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്ന നമുക്ക് ഉണ്ണീശോയ്ക്ക് ഒരു കാർഡ് നിർമ്മിക്കാം. ഡിസംബർ 20 ന് മുൻപായി സ്വന്തം ശാഖകളിൽ വച്ച് ക്രിസ്മസ് കാർഡ് വരച്ച് തയ്യാറാക്കണം.

### നിബന്ധനകൾ

1. കൊണ്ടുവന്നിരിക്കുന്ന ചായക്കൂട്ടുകൾ ഉപയോഗിച്ച് ഓരോരുത്തരും സ്വന്തമായി ക്രിസ്മസ് ചിത്രങ്ങൾ വരയ്ക്കുന്നു. വെട്ടി ഒട്ടിക്കുവാൻ പാടില്ല.
2. രണ്ട് മണിക്കൂറിനുള്ളിൽ ക്രിസ്മസ് കാർഡ് പൂർത്തിയാക്കണം.
3. A5 size ആയിരിക്കണം.
4. രചനകൾക്ക് ശാഖാ തലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നൽകേണ്ടതാണ്.
5. ശാഖാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന ചിത്രം കേന്ദ്ര ഓഫീസിലേക്ക് ഡിസംബർ 31നു മുൻപായി നൽകേണ്ടതാണ്.
6. മത്സരത്തിൽ വിജയികളാകുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.
7. കാർഡിൽ പ്രത്യേക പേപ്പറിൽ പേരും വീട്ടുപേരും സൺഡേസ്കൂളും ക്ലാസ്സും എഴുതി പിൻ ചെയ്യണം.

## കൈയ്യെഴുത്തു മാസിക

### വിഷയങ്ങൾ

- പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ മിഷൻലീഗ്
- വിശുദ്ധ യൗസേപ്പിതാവ്
- വിശ്വാസവഴിയിലെ പ്രതിസന്ധികൾ
- ഡിജിറ്റൽ അഡിക്ഷൻ
- ശാഖയിലെ വിവിധ പ്രവർത്തനങ്ങൾ

### കൈയ്യെഴുത്ത് മാസിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മുകളിൽ നൽകിയിരിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കിയുള്ള രചനകൾ, ചിത്രങ്ങൾ ലേഖനം, കവിതകൾ, കാർട്ടൂൺ, അഭിമുഖങ്ങൾ, അനുഭവം പങ്കുവെക്കൽ etc.

- 60 – 100 പേജുകൾ.
- A4 size പേപ്പർ (White) മാത്രം ഉപയോഗിക്കുക.
- മാസികയിൽ ഉൾപ്പെടുത്തുന്ന ചിത്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ രചനകളും സി.എം.എൽ. അംഗങ്ങളുടെ സൃഷ്ടി ആയിരിക്കണം.
- കുട്ടികളുടെ സ്വന്തമായ രചനകളാണ് സമ്മാനത്തിന് പരിഗണിക്കുന്നത്. ചിത്രങ്ങൾ വെട്ടി ഒട്ടിക്കുക, കമ്പ്യൂട്ടർ ഫോട്ടോ കോപ്പി, എന്നിവ പരിഗണിക്കുന്നതല്ല.
- കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- മാർഗരേഖയിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളാണ് മത്സരത്തിന് ശ്രദ്ധിക്കുന്നത്.

*(കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 31 )*

## ദൈവവിളി സെമിനാർ

മിഷൻ ലീഗിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്നാണ് ദൈവവിളി പ്രോത്സാഹനം. അതിന്റെ ഭാഗമായി അതിരൂപതാ ദൈവവിളി ഏകദിന സെമിനാർ ഈ വർഷം ഡിസംബർ 26 ഞായറാഴ്ച ഓൺലൈനായി ക്രമീകരിച്ചിരിക്കുന്നു. പെൺകുട്ടികൾക്കായി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെയും ആൺകുട്ടികൾക്കായി വൈകുന്നേരം 6.00 മുതൽ 7.30 വരെയും zoom പ്ലാറ്റ്ഫോമിൽ ആയിരിക്കും സെമിനാർ നടത്തപ്പെടുക. സന്യസ്ത, പൗരോഹിത്യ ദൈവവിളികളോട് താല്പര്യമുള്ള VIII മുതൽ XII വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെയും മറ്റു ഡിഗ്രി കോഴ്സുകൾ പഠിക്കുന്നവരെയും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കാൻ നമുക്ക് പ്രോത്സാഹിപ്പിക്കാം.

---

» *സന്ദേശനിലയം തുടർച്ച...*

യുടെ സമയം കവർന്നെടുക്കാതിരിക്കാൻ കുട്ടികളെയും മാതാപിതാക്കളെയും ഓർമ്മപ്പെടുത്താൻ മതാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കൂടാതെ, **ഭവനങ്ങളിലെ സന്ധ്യാസമയത്തുള്ള കുടുംബപ്രാർത്ഥനയ്ക്ക് തടസ്സം ഉണ്ടാകാത്തവിധം തങ്ങളുടെ ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിക്കുവാൻ സ്കൂൾ അധ്യാപകരായ മതാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

## ആദരാഞ്ജലികൾ

ചെത്തിപ്പുഴ സൺഡേസ്കൂൾ മുൻ അധ്യാപകരായ ശ്രീ. എൻ.ഒ. ദേവസ്യായുടെയും ശ്രീ. സി.ജെ. മാത്യുവിന്റെയും വായ്പൂർ സെന്റ് ജോസഫ്സ് സൺഡേസ്കൂൾ മുൻ അദ്ധ്യാപകൻ ശ്രീ. ജോർജ്ജ് ജോസഫിന്റെയും മുടിയൂർക്കര സൺഡേസ്കൂൾ അധ്യാപിക പ്രൊഫ. ആൻസിയുടെ പിതാവിന്റെയും പൊങ്ങ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. മറിയാമ്മ ഫിലിപ്പോസിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരെ,

മംഗളവാർത്തക്കാലത്തിലേയ്ക്ക് നാം പ്രവേശിച്ചുകഴിഞ്ഞല്ലൊ. ഉണ്ണിശോയ്ക്ക് ജനിക്കുവാൻ നമ്മുടെ ഹൃദയപ്പുൽക്കൂടുകളെ നമുക്ക് സജ്ജമാക്കാം. നവം. 27 ന് നമ്മുടെ ബൈബിൾ കയ്യെഴുത്തിന്റെ ഉദ്ഘാടനം അഭി. ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിക്കുകയുണ്ടായി. ഡിസം. 1 മുതൽ ആരംഭിക്കുന്ന വചനമാസത്തിലും ഡിസം. 19-ലെ ബൈബിൾ ഞായറിലും നമുക്ക് ആത്മീയമായി ഒരുങ്ങി പ്രവേശിക്കാം. ദൈവകൃപ നമ്മിലും, നമ്മുടെ കുടുംബങ്ങളിലും, കൂട്ടായ്മകളിലും നിറയുവാൻ ഈ ഉദ്യമം കാരണമാകട്ടെ എന്നാശംസിക്കുന്നു.

നമ്മുടെ വിശുദ്ധ ഗ്രന്ഥമായ ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ച് കൂട്ടായ്മലീഡേഴ്സിന് ആഴമായ ബോധ്യം നൽകുന്നതിനായി 2021 ഡിസം. 7ന് ഏകവത്സര ഓൺലൈൻ ബൈബിൾ കോഴ്സിന് നാം തുടക്കം കുറിക്കുകയാണല്ലൊ. 100 പേർ ഈ ബാച്ചിലേയ്ക്ക് പ്രവേശനം നേടിക്കഴിഞ്ഞു. ദൈവവചനത്തെ അറിഞ്ഞു സ്നേഹിക്കുന്നതിന് ഈ പഠനപരമ്പര ഇടയാകുമെന്നതിൽ സംശയമില്ല.

ഡിസം. 19 ന് നടക്കുന്ന ലോഗോസ് ക്വിസ് മത്സരത്തിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എല്ലാവരും പങ്കെടുക്കേണ്ടതാണ്. ഫെബ്രുവരിയിൽ നമ്മുടെ ലിറ്റർജിക്കൽ ക്വിസ് മത്സരം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നിട് അറിയിക്കുന്നതാണ്.

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും എല്ലാ ആശംസകളും സ്നേഹപൂർവ്വം നേരുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
(ഡയറക്ടർ)

## വാർത്തകൾ – പ്രവർത്തനങ്ങൾ

### കെ.എൽ.റ്റി. രണ്ടാംബാച്ച് സർട്ടിഫിക്കറ്റ് വിതരണം

കെ.എൽ.റ്റി. രണ്ടാംബാച്ച് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നവംബർ 6-ാം തീയതി അഭി. മാർ ജോസഫ് പെരുംന്തോട്ടം പിതാവ് വിതരണം ചെയ്തു.

### ബസാലേൽ കൺവൻഷൻ

കുടുംബക്കൂട്ടായ്മ അതിരൂപത ഡയറക്ടർ ഇടവകയിലെത്തി കൂട്ടായ്മ ലീഡേഴ്സിന് പരിശീലം നൽകുന്ന ബസാലേൽ കൺവൻഷൻ 2021 നവംബർ 13 ശനിയാഴ്ച ലിറ്റിൽ ഫ്ളവർ മാടപ്പള്ളി ഇടവകയിൽ നടത്തുകയുണ്ടായി. ക്ലാസ്സിന് ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശേരി നേതൃത്വം വഹിച്ചു. ദിവ്യകാരുണ്യ ആരാധന കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബ് ആന്റണി പവ്വത്തിൽ നയിച്ചു. വികാരി റവ.ഫാ. ചാക്കോ പുതിയാപറമ്പിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. ഇതിനായി പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### ലോഗോസ് മാതൃകക്വിസ്

നവംബർ 6, 13, 20, 27 തീയതികളിൽ വൈകുന്നേരം ഓൺലൈനായി

നടത്തുകയുണ്ടായി. നിരവധിപേർ ക്രമമായി പങ്കെടുത്തുവരുന്നു.

## കെ.എൽ.റ്റി. മൂന്നാം ബാച്ച്

കെ.എൽ.റ്റി. മൂന്നാം ബാച്ചിന്റെ ഉദ്ഘാടനം നവംബർ 6 ന് ഓൺലൈനായി അഭി. പെരുംന്തോട്ടം പിതാവ് നിർവ്വഹിച്ചു. നവംബർ 13, 18, 25, 26 തീയതികളിൽ ക്രമീകരിച്ച ദൈവാരാധനയെക്കുറിച്ചുള്ള ക്ലാസ്സുകൾ റവ. ഡോ. ജേക്കബ് കിഴക്കെവീട് കൈകാര്യം ചെയ്യുകയുണ്ടായി. ഡിസം. 2 ന് സമാപന ക്ലാസ് ക്രമീകരിച്ചിരിക്കുന്നു. ബഹു. കിഴക്കെവീട് അച്ചനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## ആത്മീയസംഗമം

അതിരൂപത പ്രവർത്തകരുടെ പ്രാർത്ഥന കൂട്ടായ്മ (ആത്മീയസംഗമം) നവംബർ 25 വ്യാഴാഴ്ച ശ്രീ. ജോബ് ആന്റണി പവ്വത്തിലിന്റെ ഭവനത്തിൽ നടക്കുകയുണ്ടായി. അതിരൂപതയുടെ എല്ലാ പ്രവർത്തനങ്ങൾക്കായും പ്രാർത്ഥന സഹായം തേടുകയുണ്ടായി.

## ബൈബിൾ കയ്യെഴുത്ത്

അതിരൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ കയ്യെഴുത്ത് 2021 ഡിസം. 1 മുതൽ നവംബർ 30 വരെ(ആരാധനവത്സരക്കാലം) നടക്കുന്നു. ഇതിന്റെ ഉദ്ഘാടനകർമ്മം അഭി. മാർ ജോസഫ് പെരുംന്തോട്ടം പിതാവ് നവംബർ 27 ന് നിർവ്വഹിച്ചു. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി ആശംസകൾ അർപ്പിക്കുകയും ബൈബിൾ അപ്പോസ്തലേറ്റിന്റെ സഹരക്ഷാധികാരി റവ. ഡോ. തോമസ് പാടിയത്ത് സന്ദേശം നൽകുകയും ചെയ്തു. വചനപ്രഘോഷണം റവ. ഫാ. ജിൻസ് ചിങ്കല്ലേൽ HGM നയിച്ചു. അതിരൂപത ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി, ശ്രീ. ജോണിക്കുട്ടി സ്കറിയ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# അറിയിപ്പുകൾ

## ബൈബിൾ കോഴ്സ്

അതിരൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ഏകവത്സര ബൈബിൾ കോഴ്സ് സംഘടിപ്പിക്കുന്നു. 2021 ഡിസം. 7 ന് ഇതിന്റെ ഉദ്ഘാടനകർമ്മം അഭി. തോമസ് തറയിൽ പിതാവ് നിർവ്വഹിക്കുന്നു.

## ബൈബിൾ ഞായർ ആചരണം

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഹ്വാനമനുസരിച്ച്ബൈബിൾ ഞായർ ആയി ആചരിക്കുന്ന ഡിസംബർ 19-ാം തീയതി രാത്രി 7 മുതൽ 8 വരെ തിരുവചനമണിക്കൂർ ആയി നമ്മുടെ എല്ലാ ഇടവകസമൂഹങ്ങളും ആചരിക്കേണ്ടതാണ്. ഇടകയിലെ എല്ലാ ഭവനങ്ങളും ഈ ഒരു മണിക്കൂർ ബൈബിൾ പാരായണത്തിനായി നീക്കിവയ്ക്കണം.

## ലോഗോസ് ക്വിസ് 2021

ലോഗോസ് ക്വിസ് 2021 പരീക്ഷ 2021 ഡിസംബർ 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ അതാത് ഇടവകകളിൽ നടത്തപ്പെടുന്നു. ചോദ്യപേപ്പറുകൾ ഡിസം. 17 മുതൽ ഫൊറോനാകേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതാണ്. ഉത്തരക്കടലാസുകൾ നവംബർ 23-ാം തീയതിക്കകം അതിരൂപതാ ഓഫീസിലോ, ഫൊറോന സെന്ററിലൊ ഏൽപ്പിക്കേണ്ടതാണ്.

പ്രിയ കുടുംബ പ്രേഷിതരേ,

സുഖമെന്നു വിശ്വസിക്കുന്നു. കുടുംബപ്രേഷിതകേന്ദ്രത്തിൽ നിന്ന് ആശംസകൾ! രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുന്നു. ഒന്നാമത്തേത് ഡിസംബർ ജീവന്റെ മാസമാണ്. ജീവൻ സമൃദ്ധമാകാൻ വേണ്ടി മനുഷ്യനായി പിറന്ന ഉണ്ണീശോയുടെ മാസം. ജീവന്റെ ശുശ്രൂഷകളെ നമ്മുക്ക് പ്രാധാന്യത്തോടെ കാണാം. പ്രോലൈഫ് സെല്ലും ജീവൻ സേനയും എല്ലാ യൂണിറ്റുകളിലും ആരംഭിക്കണം. ജീവൻ നശിപ്പിക്കപ്പെടാൻ സാധ്യതയുള്ള യിടങ്ങളിൽ നാം ജീവന്റെ കാവലാളാകണം. ജീവന്റെ വക്താക്കളും പ്രവാചകരുമാവണം. അങ്ങനെ ജീവന്റെ മാസമാചരിക്കാൻ നമ്മുക്ക് ശ്രദ്ധിക്കാം. രണ്ടാമതായി 'മാധ്യമ വിമുക്ത മണിക്കൂറിന്റെ' പ്രചാരകരായി നമുക്ക് മാറാം. ഇനിമുതൽ കുടുംബങ്ങളിലെ 'പ്രൈം ടൈം' എന്ന് പറയുന്നത് ഇലക്ട്രോണിക്സ് മാധ്യമങ്ങൾ ഓഫ് ചെയ്ത് കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനക്കായും സംഭാഷണത്തിനായും ഭക്ഷണത്തിനായും ഒത്തുകൂടുന്ന സമയമായിരിക്കണം. അങ്ങനെ മുഖത്തോടു മുഖം നോക്കിയിരുന്ന് സംസാരിക്കുമ്പോൾ, പ്രാർത്ഥിക്കുമ്പോൾ, പങ്കുവയ്ക്കുമ്പോൾ കുടുംബത്തിൽ ആനന്ദം ഉണ്ടാകും. സ്നേഹത്തിന്റെ ആനന്ദം നിറഞ്ഞൊഴുകുന്ന ഇടങ്ങളായി വീടുകൾ രൂപാന്തരപ്പെടും. ഇത്തരമൊരു സാഹചര്യത്തിനായി നമുക്ക് തോളോടുതോൾ ചേരാം.

കുടുംബപ്രേഷിത ശുശ്രൂഷയിലെല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ. സോണി പള്ളിച്ചിറയിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ജീവൻ മാസാചരണം

ഡിസംബർ മാസം ജീവന്റെ മാസമായി നാം ആചരിക്കുകയാണല്ലോ. ജീവന്റെ മാസത്തിൽ ശ്രദ്ധിക്കേണ്ട 5 കാര്യങ്ങൾ

**1. ഏലീശ്വ സന്ദർശനം**

ഗർഭിണികളായവരുടെ വീടുകൾ സന്ദർശിച്ച് അവരെ ഈശോയുടെ കൂടെ ചേർത്ത് നിർത്തുക. മറിയം ഗർഭിണിയായ എലീശ്ബായെ സന്ദർശിച്ചു. മറിയത്തിന്റെ അഭിവാദനസ്വരം കേട്ടപ്പോൾ ഉദരത്തിലെ ശിശു കുതിച്ചുചാടി, പരിശുദ്ധാത്മാവാൽ നിറഞ്ഞു, സന്തോഷമുണ്ടായി. ഈ നിറവും ആനന്ദവും കരുതലും ഗർഭിണികൾക്കും കുടുംബത്തിനും അനുഭവവേദ്യമാകണം.

**2. 'ജീവൻസേന' രൂപീകരണം**

പ്രോലൈഫ് സെൽ ആരംഭിച്ച് ജീവൻസേന രൂപീകരിക്കണം.

3. **പിയാത്ത ഫോറം**

അകാലത്തിൽ മക്കൾ നഷ്ടപ്പെട്ട കുടുംബങ്ങളെ ആശ്വസിപ്പിക്കുകയും അനുഗമനം നടത്തുകയും ചെയ്യുക.

4. **Monument of unborn Children**

കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ദിനമായ ഡിസംബർ 28 ഇടവകകളിൽ ഉചിതമായി ആചരിക്കുക. തുടർന്ന് കത്തീഡ്രൽ പള്ളിയങ്കണത്തിൽ അതിരൂപതയിലെ അജാത ശിശുക്കളുടെ സ്മാരകത്തിൽ വന്ന് അതിരൂപത തല ജീവൻ മാസാചരണത്തിൽ പങ്കെടുക്കുക.

5. ഡിസംബർ 24ാം തീയതി (നാലാം വെള്ളിയാഴ്ച)നടക്കുന്ന പ്രോ-ലൈഫ് പ്രാർത്ഥനാദിനാചരണത്തിൽ പങ്കെടുക്കുക.

## പ്രോലൈഫ് ശുശ്രൂഷ

ചങ്ങനാശേരി അതിരൂപത ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നവംബർ 26 വെള്ളിയാഴ്ച ചങ്ങാനാശേരി പാറേൽ മരിയൻ തീർഥാടന പള്ളിയിൽ വച്ച് അഖണ്ഡ പ്രോലൈഫ് ജപമാലയും ദിവ്യകാരുണ്യ ആരാധനയും വി. കുർബ്ബാനയും വചന പ്രഘോഷണവും നടത്തി.രാവിലെ 9.30 മുതൽ 1 വരെ നടക്കുന്ന ശുശ്രൂഷയിൽ കൊല്ലം രൂപതദ്ധ്യക്ഷൻ ബിഷപ്പ് പോൾ ആന്റണി മുല്ലശേരി (ചെയർമാൻ കെസിബിസി ഫാമിലി അപോസ്റ്റോലേറ്റ് & പ്രോലൈഫ് കമ്മീഷൻ) വചന പ്രഘോഷണം നടത്തുന്നതും ഫാ. അലക്സ് തെരുവൻ കുന്നേൽ CSSR ദിവ്യകാരുണ്യ ആരാധനയും നയിച്ചു.

## ജീവകാരുണ്യ മാസാചരണം (നവംബർമാസം)

ചങ്ങനാശേരി അതിരൂപതാ മാതൃവേദി-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ 2021 നവംബർമാസം ജീവകാരുണ്യമാസമായി ആചരിച്ചു. അതിരൂപതയിലെ മുഴുവൻ ഇടവകകളിലും നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച യൂണിറ്റുകളെ വാർഷിക ദിനത്തിൽ പ്രത്യേകം അതിരൂപത ആദരിക്കുന്നതായിരിക്കും.

## മാധ്യമ വിമുക്ത മണിക്കൂർ പ്രൊമോഷൻ വീഡിയോ പ്രകാശനം

മാധ്യമ വിമുക്ത മണിക്കൂർ ആചരണ സന്ദേശം കുടുംബങ്ങളിൽ എത്തിക്കുന്നതിനായി ഫാമിലി അപ്പോസ്തലേറ്റ് തയ്യാറാക്കിയ പ്രമോഷൻ വീഡിയോയുടെ പ്രകാശനം നവംബർ 14-ാം തീയതി തിരുവനന്തപുരം ഫൊറോനയിലെ പൊങ്ങുംമൂട് സെന്റ് അൽഫോൻസാ പാരീഷ്ഹാളിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നിർവ്വഹിച്ചു.

## ദീപിക തീവ്രപ്രചാരണ മാസം

സമുദായത്തിന്റെ ശബ്ദമായ ദീപിക ദിനപത്രത്തിന്റെ തീവ്രപ്രചാരണ പരിപാടികളിൽ DFC പ്രവർത്തകരോടൊപ്പം അതിരൂപതാ മാതൃവേദി-പിതൃവേദി പ്രവർത്തകരും ആവേശപൂർവ്വം പങ്കുചേർന്നു.

## "ഇടയനോടൊപ്പം"

ഇടയനോടൊപ്പം പരിപാടി വിവിധ ഫൊറോനകളിൽ വിജയകരമായി നടപ്പിലാക്കിവരുന്ന ഇടവക വികാരിമാരുടെ സേവനങ്ങളെ വിലമതിക്കുവാനും അവരെ

കുടുംബാംഗമായി കണ്ട് സ്നേഹിക്കുവാനും ഇട നൽകുന്ന ഈ പ്രോഗ്രാം അതീവ ഹൃദ്യമായിരുന്നു.

### ഫൊറോന/യൂണിറ്റ് സന്ദർശനം

അതിരൂപതാ ഭാരവാഹികൾ ഫൊറോനാകളിലും ഫൊറോനാ ഭാരവാഹികൾ യൂണിറ്റുകളിലും സന്ദർശിച്ച് യൂണിറ്റ്/ഫൊറോന പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു.

### തിരുക്കുടുംബപേടക പ്രയാണം

തിരുക്കുടുംബപേടക പ്രയാണം വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ ഇടവകകൾ കേന്ദ്രീകരിച്ച് ഭക്തി നിർഭരമായി മുന്നേറുന്നു.

തിരുക്കുടുംബ പേടക പ്രയാണത്തിന്റെ അതിരൂപതാ തല ഉദ്ഘാടനം ഡിസംബർ 4-ാം തീയതി കൊല്ലം ആയൂർ ഫൊറോനയിലെ ആയൂർ ക്രിസ്തുരാജ ദൈവാലയത്തിൽവച്ചും സമാപനസമ്മേളനം അതിരമ്പുഴ ഫൊറോനയിലെ മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ വച്ചും നടത്തപ്പെടുന്നു.

## അറിയിപ്പുകൾ

### മാധ്യമ വിമുക്ത മണിക്കൂർ

മാധ്യമ അതിപ്രസരംകൊണ്ട് നഷ്ടപ്പെട്ടുപോയ കുടുംബബന്ധങ്ങളുടെ ഇഴയടുപ്പവും സൗകുമാര്യതയും തിരികെ പിടിക്കുവാനും കുടുംബാംഗങ്ങൾ തമ്മിലുള്ള ഊഷ്മളമായ ബന്ധം ഊട്ടിയുറപ്പിക്കുവാനുമായി ദിവസം ഒരു മണിക്കൂറെങ്കിലും ഇലക്ട്രോണിക്ക് മാധ്യമങ്ങൾ മാറ്റിവച്ച് ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാനും സംസാരിക്കുവാനും ഭക്ഷണം കഴിക്കുവാനും സമയം കണ്ടെത്തുന്നു.

മാധ്യമ വിമുക്ത മണിക്കൂർ ആചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം: നവംബർ 27-ന് 4 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിക്കുന്നു.

### പിതൃവേദി ജന്മദിനം (ഡിസംബർ – 4)

പിതൃവേദി ജന്മദിനപരിപാടികളുടെ അതിരൂപതാതല ഉദ്ഘാടനവും പിതൃവേദി ജന്മദിന സ്റ്റാമ്പിന്റെ പ്രകാശനവും ഡിസംബർ 4-ന് 2 മണിക്ക് അമ്പൂരി ഫൊറോന പള്ളിയിൽവച്ച് നിർവ്വഹിക്കുന്നു. പിതൃവേദി, യൂണിറ്റ്/ഫൊറോന തലങ്ങളിൽ വ്യത്യസ്തങ്ങളായ പ്രവർത്തന പരിപാടികൾ അന്നേദിവസം സംഘടിപ്പിക്കേണ്ടതാണ്. അതിരൂപതയിലെ മുഴുവൻ ഇടവകകളിലും മാതൃവേദി-പിതൃവേദി യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് ഈ വർഷത്തെ ജന്മദിനാഘോഷത്തിന്റെ മുഖ്യ ലക്ഷ്യം.

### തിരുക്കുടുംബപേടക പ്രയാണം:

തിരുക്കുടുംബപേടക പ്രയാണം മാതൃപിതൃവേദി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ 16 ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചേരുന്നു. പേടകപ്രയാണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ഡിസംബർ 4-ന് കൊല്ലം-ആയൂർ ഫൊറോനയിലെ ആയൂർ ക്രിസ്തുരാജ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.

| | | |
|---|---|---|
| ഡിസംബർ 4 : | 10:00 a.m. | - കൊല്ലം-ആയൂർ |
| | 2:00 p.m. | - അമ്പൂരി, |
| | 05:00 p.m. | - തിരുവനന്തപുരം |
| ഡിസംബർ 5 : | 09:00 a.m. | - ആലപ്പുഴ |
| | 11:30 a.m. | - ചമ്പക്കുളം, |
| | 02:00 p.m. | - പുളിങ്കുന്ന് |
| | 04:00 p.m. | - എടത്വ |
| ഡിസംബർ 11 : | 09:00 a.m. | - മണിമല |
| | 11:30 a.m. | - നെടുംകുന്നം |
| | 12:15 p.m. | - കുറുമ്പനാടം |
| | 02:30 p.m. | - തൃക്കൊടിത്താനം |
| | 04:30 p.m. | - ചങ്ങനാശേരി |
| ഡിസംബർ 12 : | 08:30 a.m. | - തുരുത്തി |
| | 11:00 a.m. | - കോട്ടയം |
| | 02:30 p.m. | - കുടമാളൂർ |
| | 04:00 p.m. | - അതിരമ്പുഴ |

തിരുക്കുടുംബ പേടക പ്രയാണത്തിന്റെ അതിരൂപതാതല സമാപന സമ്മേളനം അതിരമ്പുഴ ഫൊറോനായിലെ മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.

## മെമ്പർഷിപ്പ് കാർഡ് വിതരണം

മാതൃവേദി പിതൃവേദി സംഘടനയിൽ ഇതുവരെ അംഗത്വമെടുത്തവരുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായിരിക്കുന്നു. ഡിസംബർ 10-ന് മുമ്പായി അംഗത്വകാർഡ് ഫൊറോന ആനിമേറ്റർമാർവഴി വിതരണം ചെയ്യുന്നതാണ്.

## തിരുക്കുടുംബദിനം (ഡിസംബർ – 26)

മാതൃ-പിതൃവേദി യൂണിറ്റു ഭാരവാഹികളുടെ നേതൃത്വത്തിൽ ഡിസംബർ 26-ന് ഇടവകകൾ തോറും തിരുക്കുടുംബദിനമായി ആചരിക്കേണ്ടതാണ്.

## മാതൃ-പിതൃവേദി അതിരൂപതാ വാർഷികം

മാതൃ-പിതൃവേദി അതിരൂപതാവാർഷികവും സമ്മാന വിതരണവും 2021 ഡിസംബർ 31 ന് നടക്കും. 2021 വർഷത്തെ പ്രവർത്തനറിപ്പോർട്ട് ഡിസംബർ 12-നു മുമ്പായി യൂണിറ്റുകളും ഡിസംബർ 22-നു മുമ്പായി ഫൊറോനകളും നൽകേണ്ടതാണ്. റിപ്പോർട്ട് തയ്യാറാക്കാനുള്ള ഫോമിന്റെ PDF വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ നൽകുന്നതായിരിക്കും.

## വിവാഹ ഒരുക്ക ധ്യാനം

ബഹു.അച്ചന്മാരേ, കോവിഡ് പ്രോട്ടോകോൾ പ്രകാരം കഴിഞ്ഞ ഒന്നര വർഷമായി Online pre marriage course ആയിരുന്നു നടത്തി വന്നിരുന്നത് എന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. എന്നാൽ ഡിസംബർ മാസം മുതൽ നേരിട്ട് വന്ന് കൂടുന്ന (offline course) വിവാഹ ഒരുക്ക ധ്യാനം ആരംഭിക്കുകയാണ്. എന്നൽ നിയന്ത്രണങ്ങൾ പൂർണ്ണമായി മാറുന്നതുവരെ Off line Course നോടൊപ്പം online course ഉം ഉണ്ടാകും. കോവിഡ് നിയന്ത്രണ വിധേയമാക്കുന്നതോടെ offline കോഴ്സുകൾ മാത്രമാക്കും. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു റൂമിൽ ഒരാൾക്ക് മാത്രമേ താമസിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ട് 50 പേർക്ക് മാത്രമാണ് പ്രവേശനം.

### Offline cOurse schedule

| | |
|---|---|
| 2021 December 13,14,15 | - Zion Retreat Centre Kunnamthanam |
| 2022 January 7,8,9 | - Pastoral Centre Changanaserry |
| 2022 January 18,19,20 | - Zion Retreat Centre Kunnamthanam |
| 2022 February 1, 2,3 | - Pastoral Centre Changanaserry |

### Online cOurse schedule

| | |
|---|---|
| 2021 December 3,4,5 | - Booking starts on Nov.22 at 11 am |
| 2021 December 10,11,12 | - Booking starts on Nov 29 at 11am |
| 2021 December 17,18,19 | - Booking starts on Dec.6 at 11am |
| 2021 December 24,25,26 | - Booking starts on Dec.13 at 11am |
| 2021 December 31, 2022 Jan.1,2 | - Booking starts on Dec. 20 at 11am |
| 2022 January4,5,6 | - Booking starts on 2021Dec 24 at 11am |
| 2022 January 21,22,23 | - Booking starts on Jan 10 at 11am |
| 2022 January 28,29,30 | - Booking starts on Jan 17at 11am |

*നേരിട്ടു നടത്തുന്ന കോഴ്സുകൾക്ക് ( offline) 2021 December 1 മുതൽ ഓഫീസിൽ നേരിട്ട് വന്നും online വഴിയായും സീറ്റുകൾ ബുക്കു ചെയ്യാവുന്നതാണ്.*

**For Booking:** www. familyapostolatechry.com
Mob: 0481-2424476

# കുടുംബജ്യോതി മാസിക

കുടുംബങ്ങൾ സഭയുടെ ശക്തികേന്ദ്രമാണ്. കെട്ടുറപ്പുള്ള കുടുംബങ്ങൾ സഭയ്ക്ക് നല്ല അടിസ്ഥാനം നൽകുന്നു. സ്നേഹിച്ചും പങ്കുവെച്ചും മുന്നോട്ടു പോകുമ്പോഴാണ് ഒരു കുടുംബം ഭൂമിയിലെ യഥാർത്ഥ സ്വർഗ്ഗമായി മാറുന്നത്. കുടുംബങ്ങളുടെ വളർച്ചയും കെട്ടുറപ്പും മുന്നിൽക്കണ്ടുകൊണ്ട് ചങ്ങനാശേരി അതിരൂപത 1982 മുതൽ അതിരൂപതയ്ക്ക് അകത്തും പുറത്തുമുള്ള ക്രൈസ്തവ വിശ്വാസികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സ്നേഹസമ്മാനമാണ് കുടുംബ ജ്യോതി.

**എന്താണ് കുടുംബ ജ്യോതി പങ്കുവയ്ക്കുന്നത്?**

☑ കുടുംബബന്ധങ്ങൾ ശിഥിലമാകാൻ സാധ്യതകളേറെയുള്ള ഈ ലോകത്ത് ഒരു യഥാർത്ഥ ക്രൈസ്തവ കുടുംബം എങ്ങനെയായിരിക്കണം....

☑ നമുക്ക് ചുറ്റും നടക്കുന്ന കാര്യങ്ങളെ ക്രൈസ്തവ വീക്ഷണത്തോടു കൂടി എങ്ങനെ നോക്കിക്കാണണം....

☑ ഇന്ന് നാം കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ, അവ സിനിമകളോ, അഭിപ്രായങ്ങളോ, വാർത്തകളോ എന്തുമായിക്കൊള്ളട്ടെ അവയ്ക്ക് പിന്നിൽ ഒളിഞ്ഞിരിക്കുന്ന, ഒറ്റനോട്ടത്തിൽ നമുക്ക് മനസ്സിലാക്കിയെടുക്കാൻ സാധിക്കാത്ത വസ്തുതകൾ എന്തൊക്കെയാണ്....

☑ ക്രൈസ്തവ പിന്നാക്കാവസ്ഥയും സമൂഹത്തിലെ അനീതികളും...

☑ ഓൺലൈൻ യുഗത്തിൽ മാതാപിതാക്കളും മക്കളും എത്രത്തോളം സൂക്ഷ്മതയോടെ കൂടി പരസ്പരം ഇടപഴകുകയും മാധ്യമങ്ങളെ കൈകാര്യം ചെയ്യുകയും ചെയ്യണം....

☑ ക്രൈസ്തവസഭയിലെ നാം അറിഞ്ഞിരിക്കേണ്ട ഏറ്റവും പുതിയ വാർത്താ വിശേഷങ്ങൾ....

☑ വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിലെ നൂതന സാധ്യതകളും നേട്ടങ്ങളും....

☑ നമ്മുടെ അതിരൂപതയിലെ പ്രധാന വാർത്തകളും വിശേഷങ്ങളും.....

☑ ഗുണപാഠങ്ങൾ നൽകുന്ന കഥകൾ.....

☑ പുതിയ നിയമത്തിലെ കുടുംബദർശനം....

സ്നേഹമുള്ളവരെ.....

നമ്മുടെ കുടുംബങ്ങളെയും സമൂഹത്തെയും വളർത്തുവാനും പ്രബുദ്ധരാക്കുവാനും സഭയോട് ചേർന്ന് ജീവിക്കുവാൻ പഠിപ്പിക്കുവാനും എന്നും പരിശ്രമിക്കുന്ന നമ്മുടെ മാസികയാണ് കുടുംബ ജ്യോതി. നമ്മളാണ് ഈ മാസികയെ പ്രോത്സാഹിപ്പിക്കേണ്ടതും വളർത്തേണ്ടതും. ഇക്കഴിഞ്ഞ 40 വർഷത്തോളം കുടുംബ ജ്യോതി വഴി നാം വായിച്ചറിഞ്ഞ വെളിച്ചം ഇനിയും നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും മാർഗ്ഗദീപമാകുവാൻ കുടുംബ ജ്യോതിയെ ചേർത്ത് പിടിക്കണേ..... വരിക്കാർ ആകണേ...... ഈ വർഷങ്ങളിൽ ഒക്കെയും നിങ്ങൾ നൽകിയ എല്ലാ പിന്തുണയ്ക്കും ഒത്തിരി നന്ദി.

കുടുംബജ്യോതി വാർഷിക വരിസംഖ്യ: 140/- രൂപ
പോസ്റ്റ് ഓഫീസ് വഴി ലഭിക്കാൻ: 150/- രൂപ
ഉപകാരസ്മരണ ചിത്രത്തിന് 1000/- രൂപ
ഉപകാരസ്മരണ പ്രാർത്ഥനയ്ക്ക് 1500/- രൂപ
പരസ്യം Front Inner Colour: 25000/- രൂപ
പരസ്യം Back Inner Colour: 20000/- രൂപ
പരസ്യം Back Cover Colour: 30000/- രൂപ
പരസ്യം Inner Page Full Black and white: 15000/- രൂപ
പരസ്യം Inner Page Half Black and white: 8000/- രൂപ
പരസ്യം Inner Page Quarter Black and white: 4000/- രൂപ
Contact Number : 8921677078 (ജോസി ആലഞ്ചേരി, സർക്കുലേഷൻ മാനേജർ)
Google Pay Number : 8547571668

## പ്രത്യേക ശ്രദ്ധയ്ക്ക്

1. മാർച്ച് മാസത്തിന് മുമ്പായി കഴിഞ്ഞവർഷത്തെ കുടിശിക ഉണ്ടെങ്കിൽ അടച്ചു തീർക്കണം.
2. ഒരു ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കും (100%) മാസിക കൊടുക്കുകയാണെങ്കിൽ ഡയറക്ടർ അച്ചനും, ആനിമേറ്റർക്കും കൂടാതെ 50 എണ്ണത്തിൽ കുറവു വീടുകളുള്ള ഇടവകകളിൽ യൂണിറ്റിലെ മാതൃപിതൃവേദി പ്രസിഡണ്ടുമാർക്കും, 100 വീടുകളിൽ കൂടുതലുള്ള ഇടവകകളിൽ ട്രഷറർമാർക്കും ഒരു വർഷത്തേക്ക് ഒരു കോപ്പി വീതം സൗജന്യമായി കൊടുക്കുന്നതായിരിക്കും.
3. യൂണിറ്റുകൾ വാർഷിക വരിസംഖ്യ മുഴുവൻ ജനുവരി 31നു മുമ്പ് ഒറ്റത്തവണയായി അടക്കുകയാണെങ്കിൽ അടക്കേണ്ട തുകയുടെ അഞ്ച് ശതമാനം അധികം കമ്മീഷൻ കൊടുക്കുന്നതായിരിക്കും.

   അതുപോലെ മാർച്ച് 31 നു മുൻപ് ഒറ്റത്തവണയായി അടയ്ക്കുകയാണെങ്കിൽ അടയ്ക്കേണ്ട തുകയുടെ മൂന്ന് ശതമാനം അധികം കമ്മീഷൻ കൊടുക്കുന്നതായിരിക്കും.
4. യൂണിറ്റുകൾ ആവശ്യപ്പെട്ടിരിക്കുന്ന മാസികകളുടെ എണ്ണത്തിൽ മാറ്റം വരുത്തണമെങ്കിൽ ആ മാസം പതിനഞ്ചാം തീയതിക്ക് മുമ്പ് ഓഫീസിലോ (0481-2424476), സർക്കുലേഷൻ മാനേജറിനെയോ (8921677078) വിളിച്ച് വിവരം അറിയിക്കണം. പതിനഞ്ചാം തീയതി കഴിഞ്ഞ് അറിയിച്ചാൽ സാങ്കേതിക പ്രശ്നങ്ങൾ കാരണം മാറ്റംവരുത്താൻ സാധിക്കുകയില്ല.
5. ഓരോ യൂണിറ്റിലെയും കുടുംബ ജ്യോതി മാസികയുടെ പ്രചാരണം ബെസ്റ്റ് യൂണിറ്റുകൾ തിരഞ്ഞെടുക്കുന്നതിൽ ഒരു മാനദണ്ഡം ആയിരിക്കും.
6. ഇൻ ചാർജ്ജുള്ള വ്യക്തി (സിസ്റ്റേഴ്സ്/ഭാരവാഹികൾ) മാറുകയാണെങ്കിൽ പുതിയ ആളുടെ പേരും ഫോൺനമ്പറും ഓഫീസിൽ കാലതാമസം കൂടാതെ അറിയിക്കണം.

സ്നേഹപൂർവ്വം,

കുടുംബജ്യോതി കുടുംബം

# ചരിത്രഗ്രന്ഥം വിലക്കുറവിൽ

**ഡോ. കുര്യാസ് കുമ്പളക്കുഴി**

എഴുതിയ

# കേരളവികസനത്തിനു സഭയുടെ സംഭാവനകൾ

**[ ചങ്ങനാശേരി അതിരൂപത ഇന്നലെ, ഇന്ന്**
**Vol. iii, Part i ]**

**ക്രൗൺ 1/4 സൈസ്, മൾട്ടികളർ, കേസ് ബയന്റിംഗ്, നാനൂറോളം പേജുകൾ,**
**ഐ.റ്റി.സി. മാപ്‌ലിതോ 80gsm പേപ്പർ**

**മുഖവില ₹800 | സൗജന്യവില ₹500**

സൗജന്യം 2021 ഡിസംബർ വരെ മാത്രം

***കോപ്പികൾ ചങ്ങനാശേരി സെന്റ് ജോസഫ്സ് ഓർഫനേജ് ബുക്സ്റ്റാളിൽ ലഭ്യമാണ്***

**കേരളത്തിന്റെ വികസനത്തിൽ ചങ്ങനാശേരി അതിരൂപത നൽകിയിരിക്കുന്ന സംഭാവനകൾ സവിസ്തരം അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം ഇതര രൂപതകളും സഭാസമൂഹങ്ങളും നൽകിയ സംഭാവനകളെയും എടുത്തു കാട്ടുന്നു. ഏഴ് അദ്ധ്യായങ്ങളിലായി വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക, മാധ്യമ, ആതുരശുശ്രൂഷ, കാർഷിക മേഖലകളുടെ വളർച്ചയുടെ ചരിത്രം ആധികാരികമായി അവതരിപ്പിച്ചിരിക്കുന്നു. വിദേശ മിഷണറിമാരുടെ കാലം തുടങ്ങി ആധുനിക കാലഘട്ടം വരെയുള്ള ദീർഘമായ കാലയളവിൽ കേരളത്തിന്റെ വികസനത്തിൽ സഭ നൽകിയ സംഭാവനകളെ ആധികാരിക ഉറവിടങ്ങളെ അടിസ്ഥാനമാക്കി വിശകലനം ചെയ്തിരിക്കുന്നു.**

അതിരൂപതയെ അടുത്തറിയാൻ
സഭയിൽ അഭിമാനിക്കാൻ
ഇതാ ഒരു വിശിഷ്ടഗ്രന്ഥം

## 1. വാർഷിക സെനറ്റ്

2021 പ്രവർത്തന വർഷത്തെ വാർഷിക സെനറ്റ് സമ്മേളനവും ഫൊറോന കളുടെ വാർഷിക റിപ്പോർട്ട് അവതരണവും 2021 നവംബർ 7 നു രാവിലെ 10:30 മുതൽ 4 മണിവരെ സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു.

## 2. ബൈബിൾ കയ്യെഴുത്തു പ്രതി പ്രകാശനം

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഫൊറോനകളിലെയും യൂണിറ്റുകളിൽ നിന്നുള്ള യുവജനങ്ങൾ ചേർന്ന് എഴുതിയ സമ്പൂർണ്ണ ബൈബിളിന്റെ കൈയെ ഴുത്തു പ്രതി ചങ്ങനാശേരി അരമനയിൽവെച്ച് അഭിവന്ദ്യ മാർ ജോസഫ് പെ രുന്തോട്ടം പിതാവ് പ്രകാശനം ചെയ്തു. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

## 3. പൂർവ്വ പ്രവർത്തക സംഗമം

യുവദീപ്തി–എസ്.എം.വൈ.എം. ന്റെ സുവർണ്ണ ജൂബിലിക്കൊരുക്കങ്ങൾക്കായി ആലോചനായോഗം നടത്തപ്പെട്ടു. യുവജനപ്രസ്ഥാനത്തിലെ മുൻകാല നേ താക്കളെ ഉൾപ്പെടുത്തിയുള്ള യോഗം 2021 നവംബർ 13 നു പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

## 4. ഫൊറോനാ ഡയറക്ടേഴ്സ് മീറ്റ്

യുവദീപ്തി–എസ്.എം.വൈ.എം. ഫൊറോനാ ഡയറക്ടേഴ്സ് മീറ്റ് 2021 നവംബർ 9 ന് നടത്തപ്പെട്ടു.

## 5. സുവർണ്ണ ജൂബിലി മെഗാ ഇവന്റ്

ചങ്ങനാശേരി അതിരൂപത യുവജനപ്രസ്ഥാനം യുവദീപ്തി–എസ്.എം.വൈ.എം. 49 വർഷങ്ങൾ പിന്നിട്ടു 50 വർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട് എല്ലാ യൂണിറ്റുകളിലും നിന്നുള്ള യുവജന പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മെഗാ ഇവന്റ് 2021 ഡിസംബർ 5 നു ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. എല്ലാ യുവജനസുഹൃത്തുക്കളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## 6. ജന്മദിനാചരണം

യുവദീപ്തി–എസ്.എം.വൈ.എം. ന്റെ ജന്മദിനാഘോഷം 2021 ഡിസംബർ 3 ന് എല്ലാ യൂണിറ്റ്, ഫൊറോനാ തലങ്ങളിലും ഉചിതമായ രീതിയിൽ നടത്തണമെന്ന് അറിയിക്കുന്നു.

## 7. സുവർണ്ണ ജൂബിലി യൂണിറ്റുതല ഉദ്ഘാടനം

സുവർണ്ണ ജൂബിലിയുടെ യൂണിറ്റുതല ഉദ്ഘാടനം 2021 നവംബർ 12 ന് എല്ലാ യൂണിറ്റുകളിലും സമുചിതമായി തന്നെ നടത്തണമെന്ന് അറിയിക്കുന്നു.

## 8. യുവജനദിനാഘോഷം

ലോക യുവജനദിനത്തോടനുബന്ധിച്ചു യുവജനദിനാഘോഷം എല്ലാ യൂണിറ്റ്,

*ശേഷം പേജ് 46 ൽ.....»*

# 22-ാമത് അഖില കേരള
# ബൈബിൾ - സഭാചരിത്ര ക്വിസ് മത്സരം

**2022 ജനുവരി 02 ഞായർ 11 a.m.; പുന്നത്തറ വെള്ളാപ്പള്ളി പാരീഷ് ഹാൾ**

**A.d 1610** ൽ സമാരംഭിച്ച അവിഭക്ത പുന്നത്തുറ ഇടവകയുടെ ഭാഗമായി സ്ഥാപിതമായ പുന്നത്തുറ വെള്ളാപ്പള്ളി ഇടവക ദൈവാലയ ശതാബ്ദിയോടനുബന്ധിച്ച്, സ്ഥാപകൻ പുണ്യ:ശ്ലോകനായ ജോൺ പൊറ്റേടത്തിൽ അച്ചന്റെ സ്മരണാർത്ഥം നടത്തപ്പെടുന്ന 22-ാമത് അഖില കേരള ബൈബിൾ - സഭാചരിത്ര ക്വിസ് മത്സരത്തിലേക്ക് നിങ്ങളെയെല്ലാം സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു.

മത്സര കമ്മിറ്റിക്കുവേണ്ടി,

**റവ. ഫാദർ ആന്റണി പോരൂക്കര**
(വികാരി, സെന്റ് തോമസ് ചർച്ച്, പുന്നത്തുറ വെള്ളാപ്പള്ളി)

**റവ. ഫാ. സെബാസ്റ്റ്യൻ മാമ്പ്ര**
(സൺഡേ സ്കൂൾ ഡയറക്ടർ)

**ബിനു ജോൺ കുന്നത്തേട്ട്**
(സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ)

## സമ്മാനങ്ങൾ

**Ist**
Rs. 10000 + എവർ റോളിങ്ങ് ട്രോഫി

**2nd**
Rs. 7000 + എവർ റോളിങ്ങ് ട്രോഫി

**3rd**
Rs. 5000 + എവർ റോളിങ്ങ് ട്രോഫി

4, 5 സ്ഥാനക്കാർക്ക് യഥാക്രമം
Rs. 3000, Rs. 2000

6-10 വരെ സ്ഥാനക്കാർക്ക് യഥാക്രമം Rs. 1000 രൂപാ വീതം കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും

## മത്സര വിഷയങ്ങൾ

I a വി. മർക്കോസ് ശ്ലീഹായുടെ സുവിശേഷം (അദ്ധ്യായങ്ങൾ : 1- 8)
b നിയമാവർത്തനം (അദ്ധ്യായങ്ങൾ: 22 - 34)
c 1 കൊറിന്തോസ് (അദ്ധ്യായങ്ങൾ :1- 8) **30%**

II ഭാരതസഭാ ചരിത്രം (വിപുലീകരിച്ച 4-ാം പതിപ്പ് : റവ. ഡോ. സേവ്യർ കൂടപ്പുഴ)
a Chapter 17 ഭാരതത്തിലെ പൗരസ്ത്യ സഭകളുടെ നവോത്ഥാന കാലഘട്ടം
b Chapter 18 സെമിനാരി പരിശീലനം **30%**

III a ഫാദർ ജോൺ പൊറ്റേടം ജീവചരിത്രം (പ്രൊഫ. റ്റി.വി. തോമസ് തോപ്പിൽ) **40%**
b പുന്നത്തുറ സെന്റ് തോമസ് പള്ളിയുടെ ചരിത്രം (ജീവചരിത്രവും പള്ളിയുടെ ചരിത്രവും ആവശ്യപ്പെട്ടാൽ എത്തിച്ചു തരുന്നതാണ്.)

## മത്സര നിബന്ധനകൾ :

1. ഓഫ് ലൈൻ ആയിട്ട് നടത്തുന്ന മത്സരം സംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.
2. ഒരു സൺഡേ സ്കൂളിൽനിന്ന് ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാം. 1 ടീമിൽ പരമാവധി 3 അംഗങ്ങൾ (ഹയർ കോഴ്സ് ഉൾപ്പെടെ) രജിസ്ട്രേഷൻ ഫീസ് 200 രൂപ (ടീം ഒന്നിന്)
3. രജിസ്റ്റർ ചെയ്യേണ്ട നമ്പർ : 8547128524 (ലിറ്റോ തോമസ്, വേങ്ങച്ചേരിൽ; ടെക്നിക്കൽ കോർഡിനേറ്റർ), അവസാന തീയതി : 26.12.2021.

## അന്വേഷണങ്ങൾക്ക് :

**റവ. ഫാ. സെബാസ്റ്റ്യൻ മാമ്പ്ര**
6282697177 (സെന്റ് തോമസ് ചർച്ച് പുന്നത്തുറ വെള്ളാപ്പള്ളി)

**റവ. സി. ലിസ്സ് SH**
(ബർസർ) 8281687854

**ശ്രീ. സിബി സ്കറിയ കരിങ്ങോട്ടിൽ**
(സ്റ്റാഫ് സെക്രട്ടറി) 9495048190

ഈശോയിൽ സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ അംഗങ്ങളെ,

ഒരു നീണ്ട കാലയളവിനുശേഷം സ്കൂളുകൾ തുറന്നതിന്റെ സന്തോഷത്തിലാണ് നിങ്ങളെല്ലാവരും എന്ന് അറിയാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഏതു സാഹചര്യത്തിലും നമ്മുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുന്ന ബഹുമാനപ്പെട്ട അധ്യാപകരെ ഏറെ സ്നേഹത്തോടെയും നന്ദിയുടെയും ഓർക്കുന്നു. വളരെ അനുഗ്രഹപ്രദമായി കഴിഞ്ഞ ഒരു മാസക്കാലം കഴിഞ്ഞുപോയി.

F.C.C ദേവമാതാ പ്രൊവിൻസും ചങ്ങനാശേരി കെ.സി.എസ്.എൽ. ഉം ചേർന്ന് സംഘടിപ്പിച്ച അഖില കേരള അൽഫോൻസാ ക്വിസ് മത്സരം ഹയർ സെക്കന്ററി വിഭാഗം മത്സരം നവംബർ മാസം 6-ാം തീയതി ചങ്ങനാശേരി സെന്റ് ആൻസ് സ്കൂളിൽ നടത്തപ്പെട്ടു. അൽഫോൻസാ ക്വിസിൽ നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് HSS-ലെ സാന്ദ്ര മരിയ സാജു ഒന്നാം സ്ഥാനവും, ചമ്പക്കുളം സെന്റ് മേരീസ് HSS-ലെ അക്സ തോമസ് രണ്ടാം സ്ഥാനവും, പച്ച ലൂർദ് മാതാ HSS-ലെ റോഷ്നി പി. വർഗീസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായവർക്കും മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും എല്ലാവിധ അഭിനന്ദങ്ങളും ആശംസകളും നേരുന്നു.

**ആദരവ് 2021** : എസ്.എസ്.എൽ.സി. പരീക്ഷയിലും പ്ലസ് ടു പരീക്ഷയിലും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

ഈ വർഷം 10-ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ കുട്ടികളെ 12.11.2021 വെള്ളിയാഴ്ച രാത്രി 7 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലും, പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ കുട്ടികളെ 13.11.2021 ശനിയാഴ്ച രാവിലെ 9 മണിക്ക് ചങ്ങനാശേരി എസ്.ബി സ്കൂളിൽവെച്ചും ആദരിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയവരേയും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയവരേയും അഭിനന്ദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

കെ സി എസ് എൽ അംഗങ്ങൾക്കായി നടത്തിയ സ്റ്റാറ്റസ് കോമ്പറ്റിഷൻ മത്സരത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ നേരുന്നു. കെ.സി.എസ്.എൽ-ന്റെ ഫേസ്ബുക്ക് പേജിൽ എല്ലാ വീഡിയോസും അപ്ലോഡ് ചെയ്തിട്ടുണ്ട് എന്നും എല്ലാവരെയും ഓർമിപ്പിക്കുന്നു.

നവംബർ മാസം 27 തീയതി നടത്താൻ തീരുമാനിച്ചിരുന്ന ധന്യൻ മാർ തോമസ് കുര്യാളശേരി അഖില കേരള ക്വിസ് മത്സരം ഡിസംബർ മാസം 4 തീയതി വാഴപ്പള്ളി സെന്റ് തെരെസാസ് ഹൈസ്കൂളിൽവച്ച് നടത്തുന്ന കാര്യം എല്ലാവരേയും പ്രത്യേകം ഓർമിപ്പിക്കുന്നു. ക്രിസ്തുമസിനോട് അനുബന്ധിച്ചു

*ശേഷം പേജ് 46 ൽ.....»*

# 17–ാമത് അഖില കേരള 'മുൾത്തോരും ഫിദേലിയും'

# ബൈബിൾ ക്വിസ് മത്സരം 2022

സീറോമലബാർ സഭയുടെ അജപാലനപ്രവർത്തന സ്വാതന്ത്ര്യത്തിന്റെ നാഴികക്കല്ലായ **'മുൾത്തോരും ഫിദേലിയും'** എന്ന തിരുവെഴുത്തിന്റെ സുവർണ്ണ ജൂബിലി സ്മരണ ശാശ്വതീകരിക്കാൻ **തിരുവനന്തപുരം ലൂർദ് ഫൊറോന സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 2022 ജനുവരി 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.00 മണിക്ക്** ലൂർദ് ഫൊറോന ചർച്ച് പാരീഷ് ഹാളിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തപ്പെടുന്ന ബൈബിൾ ക്വിസ് മത്സരത്തിലേക്ക് സ്വാഗതം.

## പഠനഭാഗം

1. നിയമാവർത്തനം 22 - 34, പ്രഭാഷകൻ 18 - 22 അദ്ധ്യായങ്ങൾ (20%)
2. മർക്കോസ് 1 - 8, 1 കോറിന്തോസ് 1 - 8 വരെ അദ്ധ്യായങ്ങൾ (20%)
3. സീറോ മലബാർ സഭയുടെ കുർബാനതക്സയിൽ വരുത്തിയ മാറ്റങ്ങൾ (20%)
4. ഭാരതസഭാ ചരിത്രം റവ.ഡോ. സേവ്യർ കൂടപ്പുഴ, 5 - ാമത് എഡിഷനിൽ നിന്നും
   a) കൂനൻ കുരിശു സത്യവും സഭയിലെ പിളർപ്പും: അദ്ധ്യായം 11, പേജ് 535 - 578 (20%)
   b) സ്വതന്ത്രഭാരതത്തിലെ സഭ; മാർത്തോമ്മാമാർഗത്തിൽ വേരൂന്നി വളർന്ന ശ്ലൈഹിക സഭയുടെ വിമോചനവും നവോത്ഥാനവും അദ്ധ്യായം 17, പേജ് 798 - 881 (20%)

## സമ്മാനങ്ങൾ

1-ാം സമ്മാനം 8000 രൂപ ക്യാഷ് അവാർഡും + സർട്ടിഫിക്കറ്റ് + ട്രോഫി
2-ാം സമ്മാനം 5000 രൂപ ക്യാഷ് അവാർഡും + സർട്ടിഫിക്കറ്റ് + ട്രോഫി
3-ാം സമ്മാനം 3000 രൂപ ക്യാഷ് അവാർഡും + സർട്ടിഫിക്കറ്റ് + ട്രോഫി

1) ഒരു സൺഡേസ്കൂളിൽ നിന്നും 2 പേർ വീതമുള്ള രണ്ടു ടീമുകൾക്ക് പങ്കെടുക്കാം. 2) ആൺ - പെൺ വ്യത്യാസമില്ലാതെ ഹയർ കോഴ്സ് ഒഴികെയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. 3) മത്സരത്തിൽ പങ്കെടുക്കുന്ന ടീം സൺഡേസ്കൂൾ ഡയറക്ടറുടെയോ ഹെഡ്മാസ്റ്ററുടെയോ സാക്ഷ്യപത്രവും 100 രൂപ രജിസ്ട്രേഷൻ ഫീസും മത്സരദിവസം കൊണ്ടുവരേണ്ടതാണ്. 4) പങ്കെടുക്കാൻ താല്പര്യമുള്ളവർ ഡിസംബർ 31 നു മുൻപായി ഫോണിൽ കൂടിയോ കത്ത് മുഖേനയോ, ഡയറക്ടറച്ചന്റെയോ, ഹെഡ്മാസ്റ്ററിന്റെയോ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 5) ദൃശ്യശ്രാവ്യ മാധ്യമങ്ങൾ കൊണ്ടുള്ള മത്സരമാണ് നടത്തപ്പെടുന്നത്. 6) പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും ആകർഷമായ സമ്മാനങ്ങൾ നല്കുന്നതാണ്.

| | | |
|---|---|---|
| **സി. ആഗ്നസ് തെക്കേമുറിയിൽ** DSFS | **ഫാ. തോമസ് സ്രാമ്പിക്കൽ** | **ഫാ. ജോസഫ് കൈതപ്പറമ്പിൽ** |
| **(ഹെഡ്മിസ്ട്രസ്)** | **(ഡയറക്ടർ)** | **(വികാരി )** |
| 8281463646 | 8330087572 | 0471-2302778<br>9447120040 |

***പ്രത്യേകം ശ്രദ്ധിക്കുക:*** 1) പന്ത്രണ്ടാം പീയൂസ് മാർപാപ്പ 1955 ഏപ്രിൽ 29–ാം തീയതി പുറപ്പെടുവിച്ച 'മുൾത്തോരും ഫിദേലിയും' എന്ന തിരുവെഴുത്തിലൂടെയാണ് ചങ്ങനാശ്ശേരി അതിരൂപതയുടെ അതിർത്തി കന്യാകുമാരിവരെ വികസിപ്പിച്ചത്. 2) അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളുകളെയും ലക്ഷ്യംവച്ച് നടത്തുന്ന ഈ ക്വിസ് മത്സരത്തിൽ തെക്കൻമേഖലയിലെ സൺഡേസ്കൂൾ ടീമുകളുടെ സമ്പൂർണ്ണ ഭാഗഭാഗിത്വം പ്രതീക്ഷിക്കുന്നു. 3) കുർബാന തക്സയിലെ മാറ്റങ്ങൾക്കായി സീറോമലബാർ ലിറ്റർജിക്കൽ കമ്മീഷന്റെ വിശദീകരണക്കുറിപ്പ്, സീറോ മലബാർ സഭയുടെ കുർബാന- റാസക്രമം എന്നിവ റഫറൻസ് മെറ്റീരിയലായി ഉപയോഗിക്കുക. ഉടനെ പേര് രജിസ്റ്റർ ചെയ്യുക

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

കാർപ്പിന്റെ നവംബർ മാസത്തെ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**1. CARP Activity Register പ്രസിദ്ധീകരിച്ചു:** വിശ്വാസിസമൂഹത്തിനിടയിൽ സമുദായബോധം വളർത്തുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി രൂപീകൃതമായ CARP ഡിപ്പാർട്ടുമെന്റിന്റെ Activity Register നവംബർ 16 ന് നടന്ന അതിരൂപതാ വൈദിക സമ്മേളനത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം കത്തീഡ്രൽ വികാരി റവ.ഡോ. ജോസ് കൊച്ചുപറമ്പിലിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഹെൽപ്ഡസ്ക് അംഗങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരണങ്ങൾ, EWS ന്റെയും മറ്റ് പ്രധാന ഓഫ് ലൈൻ പദ്ധതികളുടെയും അപേക്ഷാ ഫോറങ്ങൾ, ഓരോ പദ്ധതിയിലും ചേർന്നവരുടെ പേരുവിവരങ്ങൾക്കുള്ള കോളങ്ങൾ, വാർഷിക റിപ്പോർട്ട് തയ്യാറാക്കാനുള്ള ഫോറം എന്നിവ അടങ്ങിയിരിക്കുന്നു. ഇത് ഇടവക ഹെൽപ് ഡസ്ക് അംഗങ്ങൾക്ക് ഒരു ഗൈഡായി ഉപയോഗിക്കാൻ സാധിക്കും.

**2.** കുറിച്ചി സെന്റ് ജോസഫ്സ് ഇടവകയിൽ നവം. 21 ഞായറാഴ്ച കാർപ്പ് ഹെൽപ്പ്ഡസ്കിന്റെ സേവനകേന്ദ്രം ഡയറക്ടർ ഉദ്ഘാടനം ചെയ്യുകയും ഇടവക പ്രതിനിധികൾക്ക് ക്ളാസെടുക്കുകയും ചെയ്തു.

**3. സഭാനിവേദനം ജെ.ബി. കോശി കമ്മീഷന് സമർപ്പിച്ചു:** സീറോമലബാർ സഭ ഔദ്യോഗികമായി തയ്യാറാക്കിയ നിവേദനം മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ സാന്നിധ്യത്തിൽ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് കമ്മീഷൻ അദ്ധ്യക്ഷൻ റിട്ട. ജസ്റ്റിസ് ജെ.ബി. കോശിക്ക് സമർപ്പിച്ചു. സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നവം. 22 തിങ്കളാഴ്ച നടന്ന ചടങ്ങിൽ കാർപ്പ് ഡയറക്ടറും പങ്കെടുത്തു.

**4.** ജെ.ബി. കോശി കമ്മീഷനിൽ കുട്ടനാടിന്റെ നിവേദനം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നവം. 10 ബുധൻ, 28 ഞായർ തീയതികളിൽ നടന്ന ചർച്ചകളിൽ കാർപ്പ് ഡയറക്ടർ പങ്കെടുത്തു സംസാരിച്ചു.

## ഡിസംബറിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1. ഇ-ശ്രം.** കർഷകർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. അവസാന തീയതി ഡിസം. 31

**2.** ഡിസം. ആദ്യ ആഴ്ചയിൽ ലൈഫ് ഭവനപദ്ധതിയിൽ യോഗ്യത നേടിയവരുടെ ലിസ്റ്റ് പഞ്ചായത്ത്/മുൻസിപ്പൽ ഓഫീസിൽ പ്രസിദ്ധീകരിക്കും. അർഹയുള്ളവരുടെ പേരില്ലെങ്കിൽ അപ്പീൽ കൊടുക്കാം.

**3.** കോവിഡ് മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 50000 രൂപ ധനസഹായം ലഭിക്കും. മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നവർക്കും ഇത് ലഭിക്കും. ഇതിന്റെ വെബ്സൈറ്റ് സജ്ജമായി. relief.kerala.gov.in

**4.** കർഷകക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഡിസംബറിൽ ആരംഭിക്കും.

**5. സ്നേഹപൂർവ്വംപദ്ധതി:** മാതാപിതക്കളിൽ ആരെങ്കിലുമോ, രണ്ടുപേരുമോ മരണമടഞ്ഞ, സർക്കാർ/എയ്ഡഡ് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പ്രതി മാസ ധനസഹായം. അപേക്ഷിക്കേണ്ട അവസാന തീയതി ഡിസം. 15. വിശദ വിവരങ്ങൾക്ക് www.kssm.ikm.in

**ബേബി വട്ടക്കര**
(അതിരൂപതാ കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(അതിരൂപതാ ഡയറക്ടർ)
6238214912

---

» ***യുവദീപ്തി - എസ്..എം.വൈ.എം. തുടർച്ച...***

ഫൊറോനാ തലങ്ങളിലും 2021 നവംബർ 30 നു വൈകുന്നേരം 6:30 മുതൽ 8 മണി വരെയുള്ള സമയത്ത് നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## 9. യൂണിറ്റ് ഇലക്ഷൻ

2022 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായുള്ള ഇലക്ഷൻ 2021 നവംബർ 14 മുതൽ 21 വരെയുള്ള ദിവസങ്ങളായി നടത്തി ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപത ഓഫീസിൽ എത്തിക്കണമെന്ന് അറിയി ക്കുന്നു.

## 10. ഫൊറോനാ ഇലക്ഷൻ

2022 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായുള്ള ഇലക്ഷൻ 2021 ഡിസംബർ 12 മുതൽ 19 വരെയുള്ള ദിവസങ്ങളായി നടത്ത പ്പെടുന്നതാണ്.

## 11. ഏകദിന ഇലക്ഷൻ സെമിനാർ

യൂണിറ്റുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലേഴ്സിനായുള്ള ഏകദിന ഇലക്ഷൻ സെമിനാർ 2021 നവംബർ 28, ഡിസംബർ 11 ദിവസങ്ങളിലായി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്.

---

» ***കെ.സി.എസ്.എൽ തുടർച്ച...***

നടത്താനിരിക്കുന്ന പ്രവർത്തനങ്ങൾ ആനിമേറ്റേഴ്സ് മുഖേന അറിയിക്കുന്ന തായിരിക്കും.

എല്ലാവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകളും, കെ.സി.എസ്.എൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് പോകട്ടെ എന്നും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

*ചാസിൽ നിന്നും ക്രിസ്തുമസ് പുതുവത്സരാശംസകൾ!!!*

ലോകമെമ്പാടും തിരുപ്പിറവിയുടെ ഓർമ്മ പുതുക്കി ഒരു ക്രിസ്തുമസ് കാലം കൂടി വരവായി. ക്രിസ്തുമസ് ലോകത്തിന് പ്രദാനം ചെയ്യുന്നത് രക്ഷയുടെ മാർഗ്ഗമാണ് ഒപ്പം സമാധാനവും സന്തോഷവും. 'അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി ഭൂമിയിൽ മനുഷ്യർക്ക് സമാധാനം' എന്ന സ്തുതിഗീതമാലപിച്ചാണ് മാലാഖാമാർ ഈ രക്ഷാകര രഹസ്യം സകല ജനതയേയും അറിയിച്ചത്. പിന്നീട് തന്റെ മലയിലെ പ്രസംഗത്തിൽ ഈശോ പറയുന്നു 'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും'. ഭീകരവാദത്തിന്റെയും, കാലാവസ്ഥാ വ്യതിയാനത്തിന്റേയും, പ്രകൃതി ദുരന്തങ്ങളുടേയും ഈ കാലഘട്ടത്തിൽ ഈശോയുടെ സമാധാന സന്ദേശത്തിന് പ്രത്യേക പ്രസക്തിയുണ്ട്. ഈശോ തിരുപിറവിയിലൂടെയും കുരിശിലെ തന്റെ ജീവാർപ്പണത്തിലൂടെയും ലോകത്തിന് പ്രദാനം ചെയ്ത സദ്വാർത്ത നാനാജാതിമതസ്ഥരിലേയ്ക്ക് പകർന്നു കൊടുക്കാനും, പ്രാവർത്തികമാക്കുവാനുമുള്ള സഭയുടെ ഔദ്യോഗിക സംവിധാനമാണല്ലോ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ. നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക സാമൂഹ്യ സേവന വിഭാഗമായ 'ചാസ്' വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞ 55 വർഷക്കാലമായി ഈ കർത്തവ്യം നിറവേറ്റിവരുന്നു. അതിന്റെ ഭാഗമായി ഖാദിഗ്രാമവ്യവസായ വിഭാഗത്തിന്റെ നേതൃത്വത്തിൽ 'അമ്മ ഫുഡ്സ്' എന്ന പേരിൽ ഒരു ബേക്കറി യൂണിറ്റ് പ്രവർത്തിക്കുന്ന വിവരം അറിവുള്ളതാണല്ലോ. മായം കലരാത്തതും വിഷരഹിതവുമായ നാടൻ വിഭവങ്ങൾ മിതമായ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഒരു വലിയ ലക്ഷ്യം ഇതിന്റെ പിന്നിലുണ്ട്.

ക്രിസ്തുമസ് കേക്കും ക്രിസ്തുമസ് ഉത്പന്നങ്ങളും നമുക്ക് പവിത്രമാണ്. വിശുദ്ധമായികാണേണ്ട ഇത്തരം ഉത്പന്നങ്ങൾ കച്ചവട കണ്ണോടും ലാഭേച്ഛയോടും കൂടി വിപണനം നടത്തി അതിന്റെ പവിത്രത ഇല്ലാതാക്കുന്ന ഒരു സാഹചര്യം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. അതു മാറിയേ തീരൂ. നമ്മുടെ ആളുകൾ ഈ തട്ടിപ്പിന് കൂട്ടു നിൽക്കരുത്, തന്നെയുമല്ല നമ്മുടെ സംരംഭങ്ങൾ നിലനിന്നാൽ മാത്രമേ നമ്മോട് സഹകരിക്കുന്ന സമൂഹത്തിന് ഉയർച്ച ഉണ്ടാകൂ. ആയതിനാൽ ചാസിന്റെ കേക്കുകൾ ഈ ക്രിസ്തുമസ് കാലത്ത് നമ്മുടെ സ്ഥാപനങ്ങളും, സംഘടനകളും, സ്വാശ്രയസംഘങ്ങളും, ഇടവക ജനങ്ങളും വാങ്ങി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട അച്ചൻമാരും ചാസ് യൂണിറ്റ് ഭാരവാഹികളും ഉചിതമായ നടപടികൾ സ്വീകരിക്കണമേ. എല്ലാവർക്കും ഒരിക്കൽകൂടി സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ ഏറെ സ്നേഹത്തോടെ നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

**അതിരൂപതാ ഭവനനിർമ്മാണ പദ്ധതി (നവംബർ 2021)**

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| ആർപ്പൂക്കര | 1 | 3 | 25,000 |

## കേന്ദ്രവാർത്തകൾ

### SAFP Toilet പദ്ധതി

സേവ് എ ഫാമിലി പ്ലാൻ ചാസുമായി സഹകരിച്ച് 200 നിർദ്ധനകുടുംബങ്ങൾക്ക് ശൗചാലയം നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നു. നിബന്ധനകൾക്ക് വിധേയമായി ഒരു വീടിന് 30,000 രൂപ സേവ് എ ഫാമിലി പ്ലാൻ വഴി ലഭ്യമാകും. ബാക്കി തുക ഗുണഭോക്താവും പ്രാദേശിക സംവിധാനവും കൂടി കണ്ടെത്തി പദ്ധതി പൂർത്തിയാക്കേണ്ടതാണ്. ഇതിന്റെ ആദ്യഘട്ടത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ചാസിന്റെ മേഖലാ കോ-ഓർഡിനേറ്റർമാർ ഇടവക യൂണിറ്റുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങളും സഹായസഹകരണവും നൽകിവരുന്നു. പദ്ധതി സംബന്ധിച്ച വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഭാവിപ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും സേവ് എ ഫാമിലി പ്ലാൻ എച്ച്.ആർ. മാനേജർ ശ്രീ. ഷിബിൻ ആന്റണി 28.10.2021 ൽ ചാസിൽ എത്തി ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, FDP കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ G (SRA), കോ-ഓർഡിനേറ്റർ ശ്രീ. അരുൺ ജോസഫ് എന്നിവരുമായി ചർച്ച നടത്തി.

### എല്ലാ വീടുകളിലും കുടിവെള്ളപദ്ധതി

ജലജീവൻ മിഷൻ - കേന്ദ്ര ഗവൺമെന്റും, സംസ്ഥാന സർക്കാരും, ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ചു നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ കോട്ടയം ജില്ലയിൽ വാഴപ്പള്ളി, മാടപ്പള്ളി പഞ്ചായത്തുകളിലും ആലപ്പുഴ ജില്ലയിൽ നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിലും പദ്ധതി നടത്തിപ്പിനായി നിർവ്വഹണസഹായ ഏജൻസിയായി ചാസിനെ തെരഞ്ഞെടുത്തു. 2024 ലോടുകൂടി 'എല്ലാ വീടുകളിലും കുടിവെള്ളം' ആളോഹരി 55 ലിറ്റർ എന്ന അളവിൽ ശുദ്ധജലം എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നംവംബർ 1-ാം തീയതി തിരുവനന്തപുരത്ത് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു എന്നിവർ പ്രസംഗിച്ചു. ചാസിനെ പ്രതിനിധീകരിച്ച് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ എന്നിവർ പങ്കെടുത്തു.

### ചാസ് – യൂണിസെഫ് ദുരന്ത ആഘാത ലഘൂകരണ പദ്ധതി

കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 2021 ഒക്ടോബർ മാസം സംഭവിച്ച പ്രകൃതി ദുരന്തത്തിൽ കഷ്ടപ്പെടുന്ന ജനങ്ങൾക്ക് യുണിസെഫ് ഒരുക്കുന്ന സാന്ത്വന പദ്ധതി നടപ്പിലാക്കുന്നതിന് ചാസിനെ ചുമതലപ്പെടുത്തി. കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 15 പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് ദുരിതാശ്വാസ പദ്ധതികൾ ഏകോപിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ

തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകർക്കായുള്ള പരിശീലനം നവംബർ 1–ാം തീയതി ചാസ് കോൺഫ്രൻസ് ഹാളിൽ വച്ച് യുണിസെഫ് റീജണൽ ഡയറക്ടർ ശ്രീ. മഹേന്ദ്ര രാജാറാമിന്റെയും, നവംബർ 12–ാം തീയതി യുണിസെഫ് സ്റ്റേറ്റ് ഓഫീസർ ശ്രീ. അമൽ കൃഷ്ണയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു. പദ്ധതി പ്രദേശത്തെ മണിമല, കോട്ടാങ്കൽ, മല്ലപ്പള്ളി, വെള്ളാവൂർ, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, വെള്ളാവൂർ പഞ്ചായത്തുകൾ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള 7 അംഗ ടീം സന്ദർശിച്ചു. പഞ്ചായത്ത് അധികൃതരുമായി ചർച്ച നടത്തി. തുടർന്ന് ഈ പഞ്ചായത്തുകളിൽ 15 അംഗ സന്നദ്ധപ്രവർത്തകരും വിവിധ സോഷ്യൽ വർക്ക് കോളേജുകളിൽ നിന്നും MSW വിദ്യാർത്ഥികളും സന്ദർശിച്ച് വിവരശേഖരണവും, കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കുമായുള്ള കൗൺസിലിംഗ്, ബിഫ്രന്റിംഗ് സേവനം, ആരോഗ്യപരിപാലനം തുടങ്ങിയ പരിപാടികൾക്ക് തുടക്കവും കുറിച്ചു.

## പാലിയേറ്റീവ് കെയർ & ഹോം നഴ്സിംഗ് പരിശീലനം

നബാർഡിന്റെ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ & ഹോം നഴ്സിംഗിൽ രണ്ടുമാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി ചാസ് കോൺഫ്രൻസ് ഹാളിൽ നവംബർ 2 ചൊവ്വാ 11:30 ന് ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവഹിച്ചു. വികാർ ജനറാൾ & ചാസ് പ്രസിഡന്റ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. DDM NABARD കോട്ടയം ശ്രീ. റെജി വർഗീസ്, അസി. ഡയറക്ടർ, ചാസ്, ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് അബ്രഹാം, ഡോ. ആന്റണി വർഗീസ് (Oncologist സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ) എന്നിവർ പ്രസംഗിച്ചു.

## കാൻസർ ബോധവത്ക്കരണം

ആശാകിരണം- കാൻസർ ബോധവത്ക്കരണത്തിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ ഹോം നഴ്സിംഗ് പരിശീലനാർത്ഥികൾക്ക് നവംബർ 10 ന് കാൻസർ ബോധവത്ക്കരണം ചാസ് കേൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ കേരള സ്റ്റേറ്റ് കോ–ഓർഡിനേറ്റർ ശ്രീമതി സിബി പൗലോസ് ക്ലാസിന് നേതൃത്വം നൽകി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. പ്രോജക്ട് കോ–ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ് നേതൃത്വം നൽകി. 30 വനിതകൾ പങ്കെടുത്തു.

## സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് പരിശീലനം

അസംപ്ഷൻ കോളേജ് ചങ്ങനാശേരി, വിദ്യാധിരാജാ കോളേജ് കരുനാഗപ്പള്ളി, സെന്റ് ജോസഫ്സ് കോളേജ് ദേവഗിരി എന്നിവിടങ്ങളിൽനിന്നും എത്തിയ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് സാമൂഹ്യപ്രവർത്തനം, ലക്ഷ്യങ്ങൾ, പ്രവർത്തനശൈലി, പദ്ധതി രൂപീകരണം നടപ്പിലാക്കൽ, വിശകലനം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ പ്രോജക്ട് ഓഫീസർ ജോബി മാത്യു കോ–ഓർഡിനേറ്റർ ശ്രീ. അരുൺ ജോസഫ് എന്നിവർ നേതൃത്വം നൽകി.

## സേവ് എ ഫാമിലി പ്ലാൻ ക്ലസ്റ്റർ മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ വന്ന മാറ്റങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് അറിവ് നൽകുന്നതിനും വാർഷിക പദ്ധതിയുടെ അവലോകനവും, കഴിഞ്ഞകാലപ്രവർത്തനങ്ങളുടെ വിലയിരുത്തലും നടത്തുന്നതിനും വേണ്ടി ചാസിന്റെ വിവിധ മേഖലകളിൽ ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിച്ചു.

| *തീയതി* | *ഫൊറോന* | *കുടുംബങ്ങൾ* |
|---|---|---|
| 02.11.2021 | നെടുംകുന്നം | 31 |
| 8.11.2021 | പുളിംകുന്ന്, ചമ്പക്കുളം | 38 |
| 12.11.2021 | ആലപ്പുഴ | 10 |
| 12.11.2021 | എടത്വാ | 30 |

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സാമൂഹിക സുരക്ഷാ സഹായ പദ്ധതികൾവഴി (2021 നവംബർ) മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (10,000/- രൂപ വീതം 7 കുടുംബങ്ങൾക്ക് Rs. 70,000/- നൽകി)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 553. ലീലാമണിയമ്മ വെള്ളാരങ്ങാട്ട് | സൂര്യ | കൂരോപ്പട | കോട്ടയം |
| 554. വർഗീസ് സേവ്യർ കൂടത്തേട്ട് | മരിയൻ | കൂത്രപ്പള്ളി | നെടുംകുന്നം |
| 555. മറിയാമ്മ തോമസ്, കാരിപ്പുറം | നവോദയ | പുത്തനങ്ങാടി | ആലപ്പുഴ |
| 556. കുഞ്ഞമ്മ മാണി, ചെറുവള്ളിപ്പറമ്പിൽ | ചെറുപുഷ്പം | ലിസ്യു | അതിരമ്പുഴ |
| 557. അമ്മാൾ ജോസഫ്, ഓപ്പള്ളിൽ | എയ്ഞ്ചൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 558. സെലീനാമ്മ സൈമൺ | ഗ്ലോറിയ | മുട്ടർ CMI | എടത്വാ |
| 559. ഔസേഫ് ഉലഹന്നാൻ, വട്ടപ്പറമ്പിൽ | സഹൃദയ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം** (2021 നവംബർ)

- **മരണാനന്തരസഹായം** (10,000/- രൂപ വീതം 24 കുടുംബങ്ങൾക്ക് Rs. 2,40,000/- നൽകി)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 607. റോസമ്മ ജോയി | പൊടിപ്പാറ | തുരുത്തി |
| 608. മേരിക്കുട്ടി തോമസ് ആറ്റുമാലിൽ | കേളമംഗലം | എടത്വാ |
| 609. എം. വി. മാത്യു വടക്കഴികത്ത് | പുന്നത്തുറ | അതിരമ്പുഴ |
| 610. സിറിയക് കുര്യൻ, പണ്ടാരക്കളം | ഏറ്റുമാനൂർ | അതിരമ്പുഴ |
| 611. മേരി തോമസ്, ചെറിയാൻതറ | ആറുമാനൂർ | അതിരമ്പുഴ |
| 612. കെ.ജെ. വർക്കി, പൊടിമറ്റം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 613. കുഞ്ഞമ്മ ജോബ്, കല്ലോലിക്കൽ | പനയമ്പാല | നെടുംകുന്നം |
| 614. മേരിക്കുട്ടി വെള്ളപ്ലാമുറി | വള്ളംചിറ | മണിമല |
| 615. മറിയമ്മ സിബി, ചേരക്കാരമുട്ടത്ത് | നെടുമണ്ണി | നെടുംകുന്നം |
| 616. ആന്റണി വർഗീസ്, കോച്ചേരി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 617. ത്രേസ്യാമ്മ മാത്യു പുളിക്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

| | | |
|---|---|---|
| 618. ആന്റണി സി.എസ്. ചെറിയതുണ്ടത്തിൽ | പഴവങ്ങാടി | ആലപ്പുഴ |
| 619. സേവ്യർ ചാക്കോ പുത്തൻചിറ | പഴവങ്ങാടി | ആലപ്പുഴ |
| 620. കത്രീനാ മാത്യു, തൈപ്പറമ്പിൽ | എടത്വാ | എടത്വാ |
| 621. ചാക്കോ പി.സി. അഞ്ചിൽ | എടത്വാ | എടത്വാ |
| 622. കുഞ്ഞുമോൾ ജോസഫ് മുട്ടത്തേടത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 623. ഇന്ദിര മണിയൻ | ഫിൽഗിരി | കൊല്ലം |
| 624. ഐയൂബ് ഖാൻ | ഫിൽഗിരി | കൊല്ലം |
| 625. ജോസഫ് ജെ. പൈകട | മീൻകുളം | കൊല്ലം |
| 626. ഉഷാ രാജൻ | മായം | അമ്പൂരി |
| 627. ബേബിയമ്മ റ്റി. | മായം | അമ്പൂരി |
| 628. സോമൻ തടത്തരികത്തിൽ | മായം | അമ്പൂരി |
| 629. കുഞ്ഞുറോസ | മായം | അമ്പൂരി |
| 630. മേരി ജോസഫ് ഉള്ളാട്ടിമൂട് | മായം | അമ്പൂരി |
| 631. തോമസ് സെബാസ്റ്റ്യൻ | മായം | അമ്പൂരി |
| 632. ഔസേഫ് ഉലഹന്നാൻ, വട്ടപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 633. നളിനി നടേശൻ | പാറേൽ | ചങ്ങനാശേരി |
| 634. റോബർട്ട് കൊച്ചിക്കാട്ട് | പാറേൽ | ചങ്ങനാശേരി |

- **ചികിത്സാസഹായം** (5000/- രൂപ വീതം 14 കുടുംബങ്ങൾക്ക് Rs. 70,000/- രൂപ അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 259. ചാക്കോ സ്കറിയ കോയിപ്പള്ളി | പൊങ്ങ | ആലപ്പുഴ |
| 260. ജോസഫ് റ്റി. റോഷൻവില്ല | പൊങ്ങ | ആലപ്പുഴ |
| 261. ജിജോ മാത്യു കറുകയിൽ | വേഴപ്രാ | പുളിംകുന്ന് |
| 262. ലൈല വർഗീസ് മുളയ്ക്കൽ | മാമ്മൂട് | കുറുമ്പനാടം |
| 263. ത്രേസ്യാമ്മ ജോസ് കുരിശുംമൂട്ടിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 264. ബാബു ആൻണി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 265. റോസമ്മ റെജി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 266. തങ്കമ്മ തോമസ് കണ്ണന്തറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 267. അന്നമ്മ ജോസഫ് പുതുക്കുളം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 268. സിബിച്ചൻ വേഷ്ണാൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 269. കുഞ്ഞമ്മ മാത്യു പുതുപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 270. മറിയകുട്ടി തോമസ് വല്യപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 271. റോസമ്മ തോമസ് അഴിമുഖം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 272. ഓമനക്കുട്ടൻ എ.ജി. അഞ്ചിൽചിറ | തായങ്കരി | എടത്വാ |

## (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2021 നവംബർ മാസം ചികിത്സാ ചെലവിനത്തിൽ 2 കുടുംബങ്ങൾക്ക് 9,150/- രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|---|
| 1. | മറിയമ്മ ദേവസ്യ, ഉണ്ണേച്ചുപറമ്പിൽ | കരിക്കാട്ടൂർ | 5,570/- |
| 2. | പി.ജെ. സ്കറിയ, പാലത്തൂർ | കുമാരനല്ലൂർ | 3,580/- |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 2.11.2021 | മുട്ടാർ ഓൾഡ് | സ്മാർട്ട് | 16 |
| 10.11.2021 | പുതുക്കരി | ഹൃദയപൂർവ്വം | 12 |
| 15.11.2021 | കത്തീഡ്രൽ | പുലരി | 10 |
| 16.11.2021 | ഈര | പുലരി | 10 |

### കാൻസർ ബോധവത്ക്കരണം

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി ളായിക്കാട് യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘ ലീഡേഴ്സിനായി നവംബർ 6 ന് 'ബ്രസ്റ്റ് കാൻസർ അറിയേണ്ടതെല്ലാം' എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ശ്രീമതി റീത്താമ്മ ജോസഫ് ക്ലാസ് നയിച്ചു. 15 അംഗങ്ങൾ പങ്കെടുത്തു.

### ഭക്ഷ്യ–ധാന്യ കിറ്റ് വിതരണം

2021 നവംബർ മാസം 8–ാം തീയതി ചാസ് ഫിൽഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മഴക്കെടുതിമൂലം ദുരിതം അനുഭവിക്കുന്ന നിർധനരായ 60 കുടുംബങ്ങൾക്ക് സൗജന്യമായി ഭക്ഷ്യ-ധാന്യ കിറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ ജോസഫ് മുള്ളൻപാറ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. റോയി ജേക്കബ്, സെക്രട്ടറി ശ്രീ. ജോസഫ് ദേവസ്യ, കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് എന്നിവർ നേതൃത്വം നൽകി.

### JLG രൂപീകരിച്ചു

നെടുംകുന്നം യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘ വനിതകളുടെ നേതൃത്വത്തിൽ നവംബർ 17 ന് 'തെരേസ' 'ജ്യോതി' എന്നീ പേരിൽ 2 JLG കൾ രൂപീകരിച്ചു.

### ഫാർമേഴ്സ് ക്ലബ് വാർഷിക പൊതുയോഗം

കൈനകരി യൂണിറ്റിലെ ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് നവംബർ 21 ന് രാവിലെ 8.30 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കമ്പിയിൽ അദ്ധ്യക്ഷതവഹിച്ചു. പ്രസിഡന്റ് ശ്രീ. സിബിച്ചൻ കാളാശ്ശേരി വാർഷിക കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. റ്റിന്റോ കുര്യൻ മണ്ണട മേഖലാ കോ-ഓർഡിനേറ്റർ ഡി. ജോസഫ് എന്നിവർ നേതൃത്വം നൽകി. ഫാർമേഴ്സ് ക്ലബിന്റെ പുതിയ സെക്രട്ടറിയായി ശ്രീ. കെ.വി. സെബാസ്റ്റ്യനെ തെരഞ്ഞെടുത്തു.

പള്ളാത്തുരുത്തി യൂണിറ്റിലെ ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് നവംബർ 21 ന് ഉച്ചകഴിഞ്ഞ് 2.30 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്ര അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി ശ്രീ. എം.എസ്. സെബാസ്റ്റ്യൻ വാർഷിക കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. യൂണിറ്റ് സെക്രട്ടറി ശ്രീ. കുട്ടപ്പൻ കെ.ജെ. നെടുംചിറ, മേഖലാ കോ-ഓർഡിനേറ്റർ ഡി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, പ്രിയ ഡി.എഫ്.സി പ്രവർത്തകരേ,

നവംബർ മാസം അഭിവന്ദ്യ പെരുന്തോട്ടം പിതാവ് പ്രഖ്യാപിച്ച ദീപിക തീവ്ര പ്രചാരണം എല്ലാ ഇടവകകളിലും വളരെ ആവേശത്തോടെ മുന്നേറുന്നു. ഓരോ ഇടവകയ്ക്കും അഭിവന്ദ്യ പിതാവു നൽകിയ ടാർജറ്റിന് മുകളിൽ എത്തിക്കാൻ എല്ലാവരും മത്സരബുദ്ധിയോടെ കഠിനാധ്വാനം ചെയ്യുന്നത് കാണുമ്പോൾ അത് അതിരൂപതയ്ക്ക് അഭിമാന നിമിഷം കൂടിയാണ്.

മിക്ക ഇടവകകളിലും ബഹുമാനപ്പെട്ട വൈദികർ ഭവന സന്ദർശനം നടത്തുന്നു, കൂടാതെ കുടുംബ കൂട്ടായ്മകൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, കൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ എന്നിവർ ഒന്നുചേർന്ന് ഭവനങ്ങൾ കയറിയിറങ്ങി ദീപിക വരിക്കാരെ ചേർക്കുന്നു. ഈ പരിശ്രമങ്ങൾ നൂറുമേനി ഫലം പുറപ്പെടുവിക്കട്ടെ. നമുക്ക് പരസ്പരം പ്രോത്സാഹിപ്പിക്കാം; പരസ്പരം പ്രാർത്ഥിക്കാം.

### 1. അതിരൂപത കോർപ്പറേറ്റ് സമ്പൂർണ്ണ ദീപിക കുടുംബം

ചങ്ങനാശേരി അതിരൂപതയിലെ കോർപ്പറേറ്റ് അധ്യാപകരും അനധ്യാപകരും നവംബർ ഒന്നു മുതൽ ദീപിക വാർഷിക വരിക്കാർ ആയി മാറി എന്നത് ഏറെ അഭിമാനകരമായ കാര്യമാണ്. അതിന് നേതൃത്വം എടുത്ത അതിരൂപതാ കോർപ്പറേറ്റ് മാനേജർ ബഹുമാനപ്പെട്ട മനോജ് കറുയിൽ അച്ചനെയും ടീച്ചേഴ്സ് ഗിൽഡ് നേതാക്കന്മാരെയും ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സ്, എല്ലാ അധ്യാപകർ, അനദ്ധ്യാപകർ, അവരെ പിന്തുണച്ച കുടുംബാംഗങ്ങൾ, ഈ വലിയ ദൗത്യം യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തീകരിച്ച ദീപികയുടെ സർക്കുലേഷൻ ടീം എല്ലാവരെയും ചങ്ങനാശേരി അതിരൂപതാ ഡി.എഫ്.സി പ്രത്യേകം അനുമോദിക്കുന്നു. ഇത് എല്ലാവർക്കും വലിയ മാതൃകയാകട്ടെ എന്ന് ആശംസിക്കുന്നു.

### 2. ദീപിക തീവ്ര പ്രചാരണം ഡിസംബർ 20ന് മുമ്പ് പൂർത്തീകരിക്കുക.

ദീപിക തീവ്ര പ്രചാരണ ദൗത്യം ഇല്ലാ ഇടവകകളിലും ഡിസംബർ 20 ന് മുമ്പ് പൂർത്തീകരിക്കണം എന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. പുതുവർഷത്തിൽ എല്ലാ കുടുംബങ്ങളിലും ദീപിക ആ വലിയ ദൗത്യം മുൻപിൽ കണ്ടു നിശ്ചയദാർഢ്യത്തോടെ നമുക്ക് മുന്നേറാം.

### 3. എല്ലാ ദീപിക വരിക്കാർക്കും ദീപിക ഹെൽത്ത് കാർഡ്

എല്ലാ ദീപിക വരിക്കാർക്കും ദീപിക ഹെൽത്ത് കാർഡ് ലഭ്യമാക്കുവാൻ അതിന്റ ഫോറങ്ങൾ പൂരിപ്പിച്ച് നൽകേണ്ടതാണ്.ഓരോ മേഖലയിലെയും ദീപികയുടെ സർക്കുലേഷൻ മാനേജർമാരുമായി ചേർന്ന് ഇടവകയിലെ ഡി. എഫ്.സി പ്രവർത്തകർ ഡിസംബർ മാസം തന്നെ അത് പൂർത്തീകരിക്കേണ്ടതാണ്

**4. സമ്പൂർണ്ണ ദീപിക കുടുംബ കൂട്ടായ്മകളെ ഇടവകതലത്തിൽ ആദരിക്കുക**

ഓരോ ഇടവകയിലും മുഴുവൻ കുടുംബാംഗങ്ങളും ദീപിക വരിക്കാരനായ കുടുംബ കൂട്ടായ്മകളേ ഇടവക തലങ്ങളിൽ പ്രത്യേകം ആദരിക്കേണ്ടതാണ്.

**5. സമ്പൂർണ്ണ ദീപിക ഇടവകകളേ അതിരൂപതാ തലത്തിൽ ആദരിക്കുന്നു**

ഒരു ഇടവകയിലെ 80 ശതമാനത്തിനു മുകളിൽ കുടുംബങ്ങൾ ദീപിക വരിക്കാനായി മാറുമ്പോഴാണ് അത് ദീപിക സമ്പൂർണ്ണ ഇടവകയായി പ്രഖ്യാപിക്കപ്പെടുന്നത്. അപ്രകാരം ലക്ഷ്യം നേടുന്ന ഇടവകകളെ അതിരൂപതാ തലത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്.

**6. പത്ര ഏജന്റുമാരെ ഇടവക തലങ്ങളിൽ ആദരിക്കുക**

പല ഏജന്റുമാരും പങ്കുവെച്ചത് 'അവർ വെളുപ്പിനെ മൂന്നു മണിക്ക് ഉണർന്നാണ് ഭവനങ്ങളിൽ പത്രങ്ങൾ എത്തിക്കുവാൻ പരിശ്രമിക്കുന്നത് എന്നാണ്'. ദീപിക തീവ്ര പ്രചരണ ദൗത്യ വിജയത്തിൽ ഏജന്റുമാരുടെ പിന്തുണ ഏറ്റവും അവശ്യ ഘടകമാണ്. അവർ നൽകുന്ന വലിയ സേവനത്തെ അംഗീകരിച്ച് ഇടവക തലങ്ങളിൽ ഈ ഡിസംബർ മാസം തന്നെ അവരെ ആദരിച്ചു സ്നേഹോപഹാരം നൽകുന്നത് നന്നായിരിക്കും.

**ഉപസംഹാരം**

ദീപിക തീവ്ര പ്രചാരണത്തിൽ ഓരോ ഇടവകയ്ക്കും അതിരൂപത നൽകിയിരിക്കുന്ന ടാർജറ്റിന് അപ്പുറം നേടുവാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതിനായി കഠിനാധ്വാനം ചെയ്യുന്ന എല്ലാവരുടെയും പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിലെ സഭയെ ശക്തിപ്പെടുത്തുവാൻ ഉള്ള ചരിത്രപരമായ നിയോഗമാണ്. അതിന്റെ വിജയത്തിന് നമുക്കു കൈകോർക്കാം. ദൈവം നമ്മളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
(പ്രസിഡന്റുമാർ)

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9539125164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
(ജന:സെക്രട്ടറിമാർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(അതിരൂപത ഡയറക്ടർ)
*ഫോൺ: 9447432531*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് - 9400390539**
**കോര സി. - 9495445827, വർക്കി ഇ.വി. - 9349599028**

# സെന്റ് തോമസ് ഹോസ്പിറ്റൽ
## ST. THOMAS HOSPITAL, CHETHIPUZHA

### പ്രമേഹ ദിനാചരണവും സൗജന്യ മെഡിക്കൽ ക്യാമ്പും

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ജനറൽ മെഡിസിന്റെ നേതൃത്വത്തിൽ പ്രമേഹദിനാചരണവും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. നവംബർ 15 തിങ്കൾ മുതൽ 20 ശനി വരെ രാവിലെ 9 മുതൽ ഉച്ചക്ക് 1 മണിവരെ സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പിന് ഡോ. ആന്റണി എ. തോമസ് MBBS, MD, CCEBDM നേതൃത്വം നൽകി. മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി കൺസൾട്ടേഷൻ, RBS എന്നിവ പൂർണ്ണ സൗജന്യമായിരുന്നു. ബയോതെസിയോമെട്രി, ഇ.സി.ജി., FBS, PPBS, HBA1C, Urea, Creatine, SGPT, SGOT, TSH, Vitamin D3, Urine Micro Albumin, Lipid Profile തുടങ്ങിയ ടെസ്റ്റുകൾക്ക് 25% ഡിസ്കൗണ്ട് നൽകി. ഓരോ ദിവസവും മുൻകൂട്ടി ബുക്ക് ചെയ്യുന്ന 25 പേർക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. പ്രമേഹ ദിനാചരണത്തിന്റെ ഭാഗമായി ആതുരസേവകർക്കും നേഴ്സിംഗ് വിദ്യാർത്ഥികൾക്കും പോസ്റ്റർ രചന മത്സരവും ക്വിസ് മത്സരവും സംഘടിപ്പിച്ചിരുന്നു.

### മണിമലയിലെ വ്യാപാരികൾക്ക് ഹെൽത്ത് കാർഡ്

മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ പ്രളയം മൂലം ദുരിതത്തിലായ മണിമല വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ അംഗങ്ങൾക്ക് സൗജന്യമായി പ്രിവിലേജ് കാർഡ് നൽകി, പൊന്തൻപുഴ, കരിക്കാട്ടൂർ, മൂങ്ങാനി, കടയനിക്കാട് പ്രദേശങ്ങളിലെ 500 വ്യാപാരികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഒരു വർഷത്തേക്ക് പ്രസ്തുത കാർഡിന്റെ പ്രയോജനം ലഭിക്കും. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലും മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിലും പ്രിവിലേജ് കാർഡ് സ്വീകരിക്കും. പത്തു മുതൽ അൻപത് ശതമാനംവരെ ഡിസ്കൗണ്ട് ലഭിക്കും. ഒ.പി. കൺസൾട്ടേഷൻ പകുതി നിരക്കിലും ലാബ്, എക്സറേ തുടങ്ങിയവക്ക് ഇരുപത്തിഅഞ്ച് ശതമാനവും ഫാർമസിക്ക് പത്ത് ശതമാനവും ഇളവ് നൽകും. ഓപ്പറേഷൻ തീയറ്റർ, അനസ്തേഷ്യാ തുടങ്ങിയവയ്ക്ക് ഇരുപത് ശതമാനം ഡിസ്കൗണ്ട് ലഭ്യമാണ്.

### മണിമല മെഡിക്കൽ ക്യാമ്പ്

മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ ലോക പ്രമേഹദിനത്തോടനുബന്ധിച്ച് നവംബർ 14 ന് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മണിമല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അതുല്യാദാസ് മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഹോളിമെയ്ജെ ഫൊറോന വികാരി ഫാ. ജോർജ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഫിനാൻസ് മാനേജർ ബിജു ജോസഫ്, ജി.പി.ആർ. മാനേജർ അഭിലാഷ് ജോർജ് എന്നിവർ പ്രസംഗിച്ചു. മെഡിക്കൽ ക്യാമ്പിന് ഡോ. ആന്റണി എ. തോമസ് MBBS, MD, CCEBDM, ഡോ. ജൂലി സെബാസ്റ്റ്യൻ MBBS, MD, DNB എന്നിവർ നേതൃത്വം നൽകി. അന്നേ ദിവസം പ്രമേഹരോഗ ബോധവത്ക്കരണ സെമിനാറും സംഘടിച്ചു.

### ജോസി കെ. ജോർജ്ജ് കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ കേരള റീജണൽ സെക്രട്ടറി

കത്തോലിക്കാ നഴ്സ്മാരുടെ ആഗോളസംഘടനയായ കാത്തലിക് നഴ്സസ്

*ശേഷം പേജ് 56 ൽ.....»*

# കേരള ലേബർ മൂവ്മെന്റ്
## K.L.M

ഈശോയിൽ പ്രിയപ്പെട്ടവരെ,

കേരള ലേബർ മൂവ്മെന്റ് ചങ്ങനാശേരി അതിരൂപത ഡയറക്ടറായി കഴിഞ്ഞ മൂന്നര വർഷക്കാലയളവിൽ നമ്മെ ധീരമായി നയിച്ച ബഹുമാനപ്പെട്ട ജോസ് പുത്തൻചിറയച്ചനോടുള്ള ഞങ്ങളുടെ നന്ദിയും കടപ്പാടും ഹൃദ്യമായി അറിയിക്കുന്നു. പുതിയ ഡയറക്ടറായി നിയമിതനായ ഞാൻ നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും അഭ്യർത്ഥിക്കുന്നു.

നമ്മുടെ നിയമാവലിപ്രകാരമുള്ള, ആഴ്ചതോറുമുള്ള കൂടിച്ചേരലുകളും ഈ പ്രസ്ഥാനം പിന്തുടർന്ന് വന്നിരുന്ന എല്ലാ മുൻകാല പ്രവർത്തനങ്ങളും വീണ്ടും സജ്ജീവമാക്കുവാൻ എല്ലാ ഉത്തരവാദിത്വപ്പെട്ടവരോടും അഭ്യർത്ഥിക്കുന്നു. യൂണിറ്റ് സന്ദർശനങ്ങൾ ഈ മാസം മുതൽ ഞാൻ ആരംഭിക്കുന്നതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജോൺ വടക്കേക്കളം**
ഡയറക്ടർ

### കൈനടി സെന്റ് മേരീസ് സംഘത്തിന്റെ ഏഴാമത് വാർഷികാഘോഷം

2021 നവംബർ 20 ന് കൈനടി സെന്റ് മേരീസ് സംഘത്തിന്റെ 7-ാമത് വാർഷികാഘോഷം എല്ലാ കുടുംബങ്ങളും ചേർന്ന് ഏറെ ഭംഗിയായി നടത്തപ്പെട്ടു. സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ജോൺ വടക്കേക്കളം, വികാരി റവ. ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ എന്നിവർ പങ്കെടുത്തു.

### പാറേൽ യൂണിറ്റിൽ 17 ചെറുപ്പക്കാർ ചേർന്നുള്ള പുതിയ സംഘത്തിന്റെ ഉദ്ഘാടനം

2021 നവംബർ 21 ന് പാറേൽ ഇടവകയിൽ സെന്റ് ആന്റണീസ് എന്ന പേര് സ്വീകരിച്ച് 17 ചെറുപ്പക്കാർ ചേർന്നുള്ള സംഘത്തിന് കടമാൻചിറ ഹാളിൽവെച്ച് അതിരൂപത ഡയറക്ടർ റവ. ഫാ. ജോൺ വടക്കേക്കളം ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. ജേക്കബ് വാരിക്കാട്ട് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

---

» *സെന്റ് തോമസ് ഹോസ്പിറ്റൽ തുടർച്ച...*

ഗിൽഡ് ഓഫ് ഇന്ത്യ കേരള റീജണൽ സെക്രട്ടറിയായി ചങ്ങനാശേരി അതിരൂപതാംഗവും ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ സ്റ്റാഫ് നേഴ്സുമായ ജോസി കെ. ജോർജ്ജിനെയും പ്രസിഡന്റായി ചെറുകരകുന്ന് കനോസ കോളേജ് ഓഫ് നേഴ്സിംഗിലെ സി. സോണിയ സെബാസ്റ്റ്യൻ FDCC യേയും തിരഞ്ഞെടുത്തു. കേരള കാത്തലിക് ഹെൽത്ത് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ജോർജ്ജ് ഞറളക്കാട്ട്, നാഷണൽ പ്രസിഡന്റ് റവ. സി. സരള മാക്കുവാൻ, ഹെൽത്ത് കമ്മീഷൻ സെക്രട്ടറി റവ. ഫാ. സൈമൺ പള്ളുപേട്ട, CNGI, കേരള എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ റവ. ഫാ. ജെയിംസ് പി. കുന്നത്ത്, കേരള സ്റ്റേറ്റ് പ്രസിഡന്റ് സി. ജിൻസി എിവരുടെ സാന്നിദ്ധ്യത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

**ഫാ. ജയിംസ് പി. കുന്നത്ത്**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മംഗലത്ത്**
(ഡയറക്ടർ)

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ...

ഉണ്ണീശോയുടെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന എല്ലാ പ്രവാസിമക്കൾക്കും ആശംസകളറിയിക്കുന്നു. വിവിധ ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലുമുള്ള അതിരൂപതാംഗങ്ങൾ അതിരൂപതാ പ്രവാസി കാര്യാലയത്തോട് ചേർന്നു പ്രവർത്തിച്ചുവരുന്നു. ആയതിനാൽ എല്ലാവർക്കും ഏറെ സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റ് പ്രവാസജീവിതത്തിലായിരിക്കുന്ന എല്ലാവർക്കുംവേണ്ടി നവംബർ 19, 20 തീയതികളിൽ രാത്രി 8.30 മുതൽ 10.30 വരെ വാർഷികധ്യാനം നടത്തുകയുണ്ടായി. സെഹിയോൻ ധ്യാനകേന്ദ്രം അസി. ഡയറക്ടർ തുമ്പേച്ചിറ ബഹു. ഷാജിയച്ചനാണ് ധ്യാനം നയിച്ചത്. അനേകം പ്രവാസികൾ ഈ ഓൺലൈൻ ധ്യാനത്തിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിച്ചു.

### വീഡിയോ കോൺഫറൻസ്:

ബഹറിൻ, കുവൈറ്റ്, ഇസ്രായേൽ, ഖത്തർ, ഒമാൻ എന്നീ രാജ്യങ്ങളിലെ എക്സിക്യൂട്ടീവ് മീറ്റിംഗും കുടുംബസംഗമവും നടന്നു. ജി.സി.സി. സ്റ്റഡി സെൽ മീറ്റിംഗ് നടക്കുകയുണ്ടായി.

### പ്രവാസി ക്ഷേമപദ്ധതി :

പ്രവാസികളുടെ ക്ഷേമപദ്ധതി കൂടുതൽ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നോർക്ക സോഫ്റ്റ്വെയർ പുനഃക്രമീകരിച്ചു. ആയതിനാൽ എല്ലാ അംഗങ്ങളും നിലവിൽ രജിസ്റ്റർ ചെയ്തിരുന്ന മൊബൈൽ നമ്പർ പ്രവർത്തന ക്ഷമതയുള്ളതായി സൂക്ഷിക്കുക. OTP സിസ്റ്റത്തിലൂടെ ലോഗിൻ ചെയ്യേണ്ടതായ സാഹചര്യം നിലവിൽ വന്നതിനാലാണ് ഈ മാറ്റം ശ്രദ്ധയിൽപ്പെടുത്തുന്നത്. പഴയ അംഗങ്ങളിൽ ഒരേ നമ്പർ രണ്ടുപേരുടെ രജിസ്ട്രേഷനുവേണ്ടി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ഒരാൾക്ക് പുതിയ നമ്പർ രജിസ്റ്റർ ചെയ്ത് ഉപയോഗിക്കേണ്ടതാണ്. അങ്ങനെ പുതിയ നമ്പർ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചിത രേഖകളോടൊപ്പം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവാസി ഓഫീസുമായി ബന്ധപ്പെടുക.

### ആവേ മരിയ :

ആവേ മരിയ ടൂർസ് ആന്റ് വെഞ്ചേഴ്സിന്റെ പങ്കാളികളുടെ മീറ്റിംഗ് 20-ാം തീയതി നടത്തുകയുണ്ടായി. കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ ടൂറിസം മേഖല കൂടുതൽ വിപുലപ്പെടുത്തുന്നതിനെ സംബന്ധിച്ചായിരുന്നു മീറ്റിംഗ്. പുതിയ മാനേജിംഗ് ഡയറക്ടറായി ശ്രീ. എം.ജെ. ജെയിംസ് അരീക്കുഴി നിയോഗിതനായി.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117**

ഈശോയിൽ പ്രിയപ്പെട്ടവരെ,

ആത്മതാകേന്ദ്രം ഡയറക്ടർ എന്ന നിലയിൽ കഴിഞ്ഞ മൂന്നരവർഷക്കാലം ഈ അതിരൂപതാ ഡിപ്പാർട്ടുമെന്റിനെ ഏറെ ഭംഗിയായി നയിച്ച ബഹുമാനപ്പെട്ട ജോസ് പുത്തൻചിറയച്ചന് ഹൃദ്യമായ നന്ദി. ഈ ഉത്തരവാദിത്വത്തിലേക്ക് നിയമിതനായ ഞാൻ നിങ്ങൾ ഓരോരുത്തരുടെയും പ്രാർത്ഥനയും പിന്തുണയും പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. വർഷങ്ങളായി സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനം ഇന്നും അതിന്റെ നാനാവിധ ദൗത്യങ്ങൾ ഏറെ ഭംഗിയായി, ആരവങ്ങളില്ലാതെ പ്രവർത്തിക്കുകയാണ്. മദ്യവിരുദ്ധ സമതിയും, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകളും, ഹോമിയോ ചികിത്സയും, കൗൺസിലിങ്ങും, സപ്പോർട്ട് എ ചൈൽഡ് പദ്ധതിയും അതിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ലഹരിയുടെ കരാളഹസ്തങ്ങളിലേക്ക് മുമ്പെങ്ങുമില്ലാത്തവിധം ആകർഷിക്കപ്പെടുന്ന ഈ കാലത്ത് ഈ സമൂഹത്തിൽ ആത്മതാകേന്ദ്രം അതിന്റെ നാനാവിധ പ്രവർത്തനങ്ങളിൽ കർമ്മനിരതമാണ്. എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രതീക്ഷിക്കുന്നു.

**ഫാ. ജോൺ വടക്കേക്കളം**
ഡയറക്ടർ

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു. ചൊവ്വാഴ്ച ആലപ്പുഴ തത്തംപള്ളിയിലും ബുധനാഴ്ച ഇരവുചിറയിലും വ്യാഴാഴ്ച അതിരമ്പുഴയിലും വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. പരമാവധി പ്രയോജനം എടുക്കുവാൻ ഏവർക്കും അവസരം.

## ഡയറക്ടർ ഫാ. ജോസ് പുത്തൻചിറയ്ക്ക് യാത്രയയപ്പ്

ചങ്ങനാശേരി ആത്മതാകേന്ദ്രം, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി തുടങ്ങിയ വിവിധ മദ്യവർജ്ജന പ്രസ്ഥാനങ്ങളുടെ ഡയറക്ടർ ആയി കഴിഞ്ഞ മൂന്നരവർഷത്തിലധികം സേവനം ചെയ്തതിനുശേഷം ഉന്നത പഠനത്തിനായി പോകുന്ന ഫാ. ജോസ് പുത്തൻചിറ അച്ചന് അതിരൂപത ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നല്കി. അതിരൂപതാ വികാരി ജനറാളും ആത്മതാകേന്ദ്രം പ്രസിഡന്റുമായ വെരി റവ.ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ നിയുക്ത ഡയറക്ടർ റവ.ഫാ. ജോൺ വടക്കേക്കളം സ്വാഗതം ആശംസിക്കുകയും, ഹോമിയോ ശാസ്ത്രവേദി ചെയർമാൻ ഡോ. ടി.എൻ. പരമേശ്വരക്കുറുപ്പ്, റാസെ.ജെ.റ്റി. മെതിക്കളം (കെ.സി.ബി.സി

മദ്യവിരുദ്ധ പ്രസിഡന്റ്), തോമസുകുട്ടി മണക്കുന്നേൽ (കെ.സി.ബി.സി മദ്യവിരുദ്ധ സെക്രട്ടറി) റ്റി.എം. മാത്യു തച്ചിലേട്ട്, കെ.പി. മാത്യു, ജോസി കല്ലുകളം, മേരിക്കുട്ടി പാറക്കടവിൽ, ട്രീസാ മാത്യു, ലൗലി മാളിയേക്കൽ, റോസമ്മ കാടാശ്ശേരി, ലൈസാമ്മ തുണ്ടുപറമ്പിൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. റവ.ഫാ. ജോസ് പുത്തൻചിറ മറുപടി പ്രസംഗം നടത്തി. സണ്ണി മാത്യു കൃതജ്ഞതയും പറഞ്ഞു സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു.

## പുതിയ ഡയറക്ടർ

ആത്മതാകേന്ദ്രത്തിന്റെയും കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ഉൾപ്പെടെ വിവിധ മദ്യവിരുദ്ധപ്രസ്ഥാനങ്ങളുടെയും ഡയറക്ടറായി റവ.ഫാ. ജോൺ വടക്കേക്കളം 2021 നവംബർ 11-ാം തീയതി ചാർജ്ജ് എടുത്തു.

## M.S.W. വിദ്യാർത്ഥികൾക്ക് പരിശീലനം

മാന്നാനം K.E കോളജിൽ M.S.W ന് പഠിക്കുന്ന ഒന്നാംവർഷ വിദ്യാർത്ഥികൾ അവരുടെ പഠന പരിശീലനത്തിന്റെ ഭാഗമായി ആത്മതാകേന്ദ്രം സന്ദർശിക്കുകയും, ആത്മതാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, സാമൂഹ്യപ്രവർത്തനത്തിൽ എങ്ങനെ പങ്കാളികൾ ആകാം എന്ന വിഷയത്തെക്കുറിച്ചും, റവ.ഫാ. ജോൺ വടക്കേക്കളം, ശ്രീ. റ്റി.എം. മാത്യു എന്നിവർ ക്ലാസ്സ് നയിച്ചു. 40 കുട്ടികളും 2 അദ്ധ്യാപകരും ക്ലാസ്സിൽ പങ്കെടുത്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഡിസംബർ മുതൽ ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം പുനരാരംഭിക്കുന്നു. തുടർന്നുള്ള എല്ലാ മാസവും ലഹരിവിമുക്ത കുടുംബ വിശുദ്ധീകരണ ധ്യാനം നടത്തപ്പെടും. ഫാ. ജോൺ വടക്കേക്കളം ധ്യാനത്തിന് നേതൃത്വം നല്കുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ഹോമിയോ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മദ്യാസക്തരായ രോഗികളെ പരിശോധിച്ച് സൗജന്യമായി ഹോമിയോ മരുന്ന് നല്കും.

ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം 2021 ഡിസംബർ 16 വ്യാഴം ഉച്ചക്ക് 2 മണിക്ക് ആരംഭിച്ച് ഡിസംബർ 18 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് സമാപിക്കും. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

# ദലിത് കത്തോലിക്കാ മഹാജനസഭ
## DCMS

### അതിരൂപതാ തിരഞ്ഞെടുപ്പ്

2021–2024 പ്രവർത്തന വർഷത്തെ അതിരൂപതാ സമിതി തിരഞ്ഞെടുപ്പ് നവംബർ 7 ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2 മണി മുതൽ അതിരൂപതാ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടന്നു. അതിരൂപതാ പ്രസിഡന്റായി നെടുമണ്ണി യൂണിറ്റംഗം ഷൈജു, ജോസഫും തിരഞ്ഞെടുക്കപ്പെട്ടു ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് എന്നിവർ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾക്ക് നേതൃത്വം നൽകി. 8 ഫൊറോനകളിൽ നിന്നായി 65 കൗൺസിൽ അംഗങ്ങൾ തിരഞ്ഞെടുപ്പിന്റെ ഭാഗമായി.

### ഡി.സി.എം.എസ്. അതിരൂപതാ സമിതി 2021–2024

| | | |
|---|---|---|
| പ്രസിഡന്റ് | : | ഡോ. സിജോ ജേക്കബ് (നെടുമണ്ണി) |
| വൈസ് പ്രസിഡന്റ് | : | ലാസർ ജോൺ (പുമ്മറ്റം) |
| ജോ. സെക്രട്ടറി | : | ജെസ്റ്റി റ്റോമി (അയർക്കുന്നം) |
| ഖജാൻജി | : | ലെനിൻ ജോസഫ് (കായൽപ്പുറം) |
| ഓർഗനൈസർ | : | മാത്യു ജോസഫ് (കുറുമ്പനാടം) |

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

N.J. റോസമ്മ (കൈപ്പുഴ)
സിന്ധു K.O. (നാല്പ്പാത്തിമല)
ജെയിംസ് ഇലവുങ്കൽ (ചെത്തിപ്പുഴ)
ജോൺ ചാക്കോ (കൂത്രപ്പള്ളി)
ബെന്നി വർഗ്ഗീസ് (പുന്നക്കുന്നം)
സെബാസ്റ്റ്യൻ ജോസഫ് (അതിരമ്പുഴ)
സെബാസ്റ്റ്യൻ ആന്റണി (നസ്രത്ത്)
K.V. ബിജു (ചീരഞ്ചിറ)

## SDVS സ്കോളർഷിപ്പ് വിതരണം

സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി (SDVS) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി നൽകുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ഈ വർഷത്തെ വിതരണം ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ സെന്റർ ഹാളിൽ നവംബർ 7ന് നടന്നു. DCMS രൂപതാ ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ യോഗ ഉദ്ഘാടനവും സ്കോളർഷിപ്പ് വിതരണവും നിർവ്വഹിച്ചു. ''സഭയും സംഘടനയും ലഭ്യമാക്കുന്ന സാധ്യതകളും പ്രോത്സാഹനങ്ങളും ഉപയോഗപ്പെടുത്തി പഠനത്തിലും ജീവിതത്തിലും വിജയം കൈവരിക്കുവാൻ'' അദ്ദേഹം വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. വിവിധ കോഴ്സുകളിലായി 16 വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട

ഡയറക്ടറിൽ നിന്ന് സ്കോളർഷിപ്പുകൾ സ്വീകരിച്ചു. DCMS വൈസ് പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, DCYL സെക്രട്ടറി ജിബിൻ സാബു എന്നിവർ യോഗത്തിന് ആശംസകളറിയിച്ച് സംസാരിച്ചു.

## ജസ്റ്റിസ് സൺഡേ സംസ്ഥാനതല സമാപനവും, ദളിത് ലിബറേഷൻ സൺഡേ ദിനാചരണവും

DCMS സംസ്ഥാന സമിതിയുടെയും, KCBC SC/ST/BC കമ്മീഷന്റെയും സംയുക്താഭിമുഖ്യത്തിൽ ജസ്റ്റിസ് സൺഡേ സംസ്ഥാനതല സമാപനവും ദളിത് ലിബറേഷൻ സൺഡേ ദിനാചരണവും നവംബർ 14 ന് കോട്ടയം നല്ലിടയൻ പള്ളി ഹാളിൽ നടന്നു. കോട്ടയം ലോകസഭാംഗം തോമസ് ചാഴികാടൻ MP ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ KCBC SC/ST/BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് മുഖ്യപ്രഭാഷണം നടത്തി. DCMS സംസ്ഥാന പ്രസിഡന്റ് യോഗത്തിൽ അദ്ധ്യക്ഷതപദം അലങ്കരിക്കുകയും, സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിക്കുകയും ചെയ്തു. ജനപ്രതിനിധികൾ, DCMS സംസ്ഥാന നേതാക്കൾ തുടങ്ങിയവർ സന്നിഹിതരായിരുന്ന വേദിയിൽ വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയ ചങ്ങനാശേരി അതിരൂപതാംഗങ്ങളായ ഡോ. സിജോ ജേക്കബ്, ഡോ. റ്റിജി പി.വി., ഡോ. ജോൺസൺ മാത്യു എന്നിവർ അഭിവന്ദ്യ പിതാവിൽനിന്ന് ആദരവ് ഏറ്റുവാങ്ങി. 2020-21 അദ്ധ്യയന വർഷം SSLC,+2 തലങ്ങളിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ ചങ്ങനാശേരി അതിരൂപതാംഗങ്ങളായ 9 വിദ്യാർത്ഥികളും സമ്മേളന മദ്ധ്യേ സ്കോളർഷിപ്പുകൾ സ്വീകരിച്ചു. ചങ്ങനാശേരി അതിരൂപതാ പ്രതിനിധികളായി DCMS രൂപതാഭാരവാഹികൾ, കൗൺസിൽ അംഗങ്ങൾ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ തുടങ്ങി മുപ്പതോളം അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## അതിരൂപതാ സമിതി സത്യപ്രതിജ്ഞ

2021-2024 പ്രവർത്തന വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട അതിരൂപതാ സമിതി ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങ് ഡിസംബർ 5-ാം തീയതി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ സർവ്വേ, പ്രഫഷണൽ ഫോറം തുടങ്ങിയവയുടെയും വിവിധ ക്ഷേമപരിപാടികളുടെയും ഉത്ഘാടനവും നിർവ്വഹിക്കുന്നതാണ്. ഇക്കഴിഞ്ഞ അദ്ധ്യയനവർഷം SSLC, +2, Degree, PG തലങ്ങളിൽ ഉന്നതവിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് DCYL, KCBC സ്കോളർഷിപ്പുകളും അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

**ഷൈജു ജോസഫ്**
(സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ
# FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
''സമാധാനം - സൗഭാഗ്യം''

പ്രിയ സഹോദരീ സഹോദരന്മാരേ,

ആരാധനാവത്സരത്തിലെ വളരെ പ്രധാനപ്പെട്ടതും നമുക്ക് സന്തോഷം തരുന്നതുമായ മംഗളവാർത്താക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായി ലോകം മുഴുവന്റേയും രക്ഷയ്ക്കുവേണ്ടി ദൈവം ചെയ്ത വാഗ്ദാനം നിറവേറ്റാൻ സ്വന്തം പുത്രനെ ലോകത്തിലേക്ക് അയച്ചുതന്ന കാലം അനുസ്മരിക്കൽ. അത്ഭുതങ്ങളുടേയും അടയാളങ്ങളുടേയും, സന്തോഷത്തിന്റേയും, ആഘോഷങ്ങളുടേയും അവസരം മിശിഹായെ ഉദരത്തിൽ സ്വീകരിച്ച് ഹൃദയത്തിൽ സംവഹിച്ചു; ലോകരക്ഷകനെ ലോകത്തിനു നൽകിയ പരിശുദ്ധ മറിയത്തെ നമ്മുടെ സഹരക്ഷകയായി അനുസ്മരിക്കുന്ന ധ്യാനവിഷയമാക്കുന്ന ആരാധനാവത്സരത്തിലെ പ്രാരംഭകാലം ലോകത്തിനു മുഴുവൻ രക്ഷയും സമാധാനവും നൽകാൻ വന്ന കർത്താവായ മിശിഹായുടെ പിറവി തിരുന്നാൾ ക്രിസ്തുമസ്കാലം, പ്രിയ സഹോദരങ്ങളെ ഈ കാലം ആഘോഷങ്ങളുടേയും സന്തോഷത്തിന്റേയും മാത്രം പ്രവർത്തനമാകാതെ എല്ലാ ആഘോഷങ്ങളും ദൈവത്തോടു ചേർന്നു നിൽക്കുന്നതാകണം. ദൈവത്തിനിഷ്ടമുള്ളതാകണം. നമ്മുടെ പ്രവർത്തിയുടെ ഫലം സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപം കൂട്ടുന്നതാകണം. വി. മത്തായി 6.20-21 ''എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായ് നിക്ഷേപങ്ങൾ കരുതിവക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല കള്ളന്മാർ മോഷ്ടിക്കുകയുമില്ല നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെ ആയിരിക്കും നിങ്ങളുടെ ഹൃദയവും'' നമുക്കും കണ്ടെത്താം നമ്മുടെ ഹൃദയം എവിടെ എന്ന്. നമ്മുടെ പ്രവർത്തികൾ സ്വർഗ്ഗത്തിൽ നിക്ഷേപം കുട്ടുന്നതാണോ എന്ന്. മിശിഹാ നിർദ്ദേശിച്ച വഴിയിലൂടെ ആണോ എന്റെ സഞ്ചാരം? ദൈവേഷ്ടം നിറവേറ്റാൻ നമുക്കും സാധിക്കുമെന്ന് നമുക്കു കാട്ടിത്തന്ന വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സിയ്ക്ക് ഈ ലോകത്തിലെ സകല സൗഭാഗ്യങ്ങളും അനുഭവിക്കാൻ സമ്പത്തും സാഹചര്യങ്ങളും സൗന്ദര്യവും ആരോഗ്യവും ഉണ്ടായിരുന്നിട്ടും, സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപം കൂട്ടാൻ ഈ സകല സൗഭാഗ്യങ്ങളും ഉപേക്ഷിച്ച് ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നിവ സ്വീകരിച്ച് സ്വർഗ്ഗത്തിൽ നിക്ഷേപം കൂട്ടി. സ്വർഗ്ഗത്തിലെ സമ്പന്നനായി നമുക്കു മാതൃകയായി നമുക്കു നേതൃത്വം നൽകുന്നു. ഈ വഴിയേ നമുക്കും പോകാം! സ്വർഗ്ഗത്തിലെ സമ്പന്നരാകാം.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 113-ാം ചരമവാർഷീകദിനാചരണം

1.11.2021 തിങ്കളാഴ്ച ഏറ്റം ഭക്തിയാദരപൂർവ്വം കൊണ്ടാടി. രാവിലെ 7 മണി

ക്ക് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു. 8 മണിമുതൽ വിശുദ്ധ കുർബാനയുടെ ആരാധന SFO ചങ്ങനാശേരി അതിരൂപതാ സ്പിരിച്ചൽ അസിസ്റ്റന്റ് ബഹു. മൈക്കിൾ പറൂശ്ശേരി നേതൃത്വം നൽകി ആത്മീയ നിറവു നൽകി അനുഗ്രഹപ്രദമാക്കി. തുടർന്ന് എടത്വാ ഫൊറോനാ വികാരി ബഹുമാനപ്പെട്ട മാത്യു ചൂരവടി സ്വാഗതം ആശംസിച്ചു. 11 മണിക്ക് നാമകരണ നടപടി പോസ്റ്റുലേറ്റർ റവ. ഡോ. സിബിച്ചൻ പുതിയിടം OFM Cap. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിത മാതൃക പിൻതുടരാൻ ഉത്ബോധിപ്പിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ ബഹുമാനപ്പെട്ട മൈക്കിൾ പറൂശ്ശേരി, ബഹുമാനപ്പെട്ട ഡോ. സിബിച്ചൻ പുതിയിടം (നാമകരണ നടപടി പോസ്റ്റുലേറ്റർ), ബഹുമാനപ്പെട്ട വർഗീസ് കൊച്ചുപറമ്പിൽ, ബഹുമാനപ്പെട്ട ഗ്രിഗറി മേപ്പുറം എന്നിവർ ചേർന്ന് ഒപ്പീസും പ്രാർത്ഥനകളും അർപ്പിച്ച് അനുഗ്രഹപ്രദമാക്കി. SFO അതിരൂപതാ ഭാരവാഹികൾ, റീജൺ ഭാരവാഹികൾ, വിവിധ ഭ്രാതൃത്വ ഭാരവാഹികൾ സഭാംഗങ്ങൾ എന്നിവർ എല്ലാ കർമ്മങ്ങളിലും പങ്കെടുത്ത് അനുഗ്രഹീതരായി, പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണ നടപടികൾ എത്രയും പെട്ടെന്നു നടപ്പിലാകാൻ ഒന്നുചേർന്നു പ്രാർത്ഥിച്ചു. നേർച്ച ഭക്ഷണത്തിനുശേഷം ചരമദിനാചരണം പര്യവസാനിച്ചു! എല്ലാവർക്കും ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റേയും സർവ്വമംഗളങ്ങളും ആശംസിക്കുന്നു.

## നിത്യജീവിതത്തിലേക്ക്

കുറുമ്പനാടം റീജൺ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഭ്രാതൃത്വാംഗം സഹോദരി ചക്കാലയിൽ അന്നമ്മ ദേവസ്യായും സഹോദരി മങ്ങാട്ട് മറിയാമ്മ ആന്റണി, വാഴപ്പള്ളി റീജൺ നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വാംഗം സഹോദരി ഭഗവതിപറമ്പിൽ ശാന്തമ്മ ബാബു എന്നിവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ**
(അതിരൂപത പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(SFO അതിരൂപത സ്പിരിച്ചൽ അസിസ്റ്റന്റ്)

# കരിസ്മാറ്റിക് നവീകരണം
## CHARISMATIC RENEWAL

*''നാം ദൈവത്തിന്റെ കരവേലയാണ്. നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സൽപ്രവർത്തികൾക്കായി ഈശോമിശിഹായിൽ സൃഷ്ടിക്കപ്പെട്ടവരാണ്''* (എഫേ. 2:10).

സോണിലെ LSS ശുശ്രൂഷകൾ സജീവമായി നടക്കുന്നു. ഇരുപത്തഞ്ച് ഗ്രൂപ്പുകളിലായി നടന്ന രണ്ടാംബാച്ച് പൂർത്തിയായി. ഇപ്പോൾ ഫോർമേഷൻ ശുശ്രൂഷകൾ നടന്നുകൊണ്ടിരിക്കുന്നു. LSS നെ ചിട്ടയോടും ശ്രദ്ധയോടുംകൂടെ നടത്തുവാൻ ആനിമേറ്റർ ബഹു. മാത്യു താന്നിയത്ത് അച്ചനും, സോണൽ കോർഡിനേറ്റർ മോൻ ചെത്തിമറ്റവും, LSS കോർഡിനേറ്റർ മഞ്ജു മാത്തൂരും അവരുടെ സാന്നിധ്യം, പ്രോത്സാഹനം, തിരുത്തലുകൾകൊണ്ട് ശ്രമിക്കുന്നു. അതുപോലെ ആനിമേറ്റേഴ്സും മെന്റേഴ്സും LSS വിജയത്തിനായി എല്ലാ നാലാം വെള്ളിയാഴ്ചകളിലും ഉപവാസപ്രാർത്ഥന നടത്തുന്നു. കൂടുതൽ ആളുകളെ ഉൾകൊള്ളിച്ചുകൊണ്ട് മുടക്കം കൂടാതെ പ്രാർത്ഥനാകൂട്ടായ്മകൾ ഓൺലൈനായി നടത്തുന്നു. സാമ്പത്തികമായി വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളെ ആവുംവിധം സഹായിക്കുവാൻ കഴിയുന്നു. ക്രിസ്റ്റീൻ മിനിസ്ട്രി കുഞ്ഞുങ്ങൾക്കായി Holly day for Christeen ആചരിച്ചു. ഇരുപത്തിനാലു മണിക്കൂർ നീണ്ട പ്രാർത്ഥനാ യജ്ഞത്തിൽ അംഗങ്ങൾ ഒന്നുചേർന്നു.

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

*''നാം ഓരോരുത്തരും അയൽക്കാരന്റെ നന്മയെ ഉദ്ദേശിച്ച്, അവന്റെ ഉത്കർഷത്തിനായി അവനെ പ്രീതിപ്പെടുത്തണം''* (റോമാ 15:2).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

സമാധാനത്തിന്റെയും, സന്തോഷത്തിന്റെയു ദൂത് വിളിച്ചോതുന്ന ക്രിസ്തുമസ്സിന്റെ ആഘോഷങ്ങളിലേക്കു ലോകം കടക്കുകയാണല്ലോ. ദൈവം തന്റെ ഹൃദയത്തിൽനിന്ന് സ്നേഹത്തെ ലോകത്തിലേക്കൊഴുക്കിയതിന്റെ ഓർമ്മയാണു ക്രിസ്തുമസ്സ്. ദൈവമഹത്വവും മനുഷ്യരക്ഷയും ലക്ഷ്യമാക്കി ലോകചരിത്രത്തിലെ ദൈവത്തിന്റെ മനുഷ്യാവതാരം ദൈവീകവും, സ്വർഗീയവും, അനുഗ്രഹദായകവും ഭൂമിയെ ദൈവരാജ്യമാക്കുന്ന പ്രക്രിയയ്ക്കു നിദാന്തവുമാകണമെന്നതായിരുന്നു ദൈവനിശ്ചയം. പ്രപഞ്ചത്തിന്റെ നാഥൻ തനിക്കു പിറക്കാൻ പുൽക്കൂടു തെരഞ്ഞെടുത്തത് യാദൃശ്ചികമല്ല. മിശിഹായുടെ മനുഷ്യാവതാരം സത്രത്തിലോ, ഭവനത്തിലോ രഹസ്യമായി നടക്കേണ്ട ഒന്നല്ലായിരുന്നു. ദാരിദ്ര്യത്തിന്റെയും, ഇല്ലായ്മകളുടെയും നടുവിൽ അവൻ ജനിക്കുമ്പോൾ ദൈവം നമ്മോടുകൂടെ എന്നേറ്റുപറഞ്ഞുകൊണ്ട് പ്രപഞ്ചം മുഴുവൻ ഉണർവോടെ, ആഹ്ളാദത്തോടെ അവനെ സ്വീകരിച്ചു. ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം'' (ലൂക്കാ 2:14) എന്നു പാടിക്കൊണ്ട് മാലാഖമാർ അവന്റെ ജനനം ലോകത്തെ അറിയിച്ചു. മിശിഹാ നൽകുന്ന സമാധാനം സ്വന്തമാക്കാനുള്ള അവകാശം ദൈവകൃപ ലഭിച്ചവർക്കാണെന്ന് ഈ സന്ദേശം വ്യക്തമാക്കുന്നു. ''വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്'' (എഫേ. 2:8) എന്നു വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ ശക്തമായ കരത്തിൽ കീഴിൽ താഴ്മയോടെ നിൽക്കുമ്പോൾ ദൈവം കൃപയിൽ നമ്മെ സമ്പന്നരാക്കും, ഫലമായ സ്വർഗ്ഗത്തിന്റെ സമാധാനം നമ്മുടെ ജീവിതത്തിൽ, കുടുംബത്തിൽ, നാം വ്യാപരിക്കുന്ന ഇടങ്ങളിൽ ലഭ്യമാക്കാനും നമുക്കു സാധിക്കും.

മിശിഹായുടെ നന്മയും, സ്നേഹവും, കരുണയും, ജീവിതവും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ട അവസരമാണു ക്രിസ്തുമസ്. അതു ദരിദ്രരുടെ തിരുനാളാണ്. പുൽക്കൂടിന്റെ ദൃശ്യാവതരണം ആദ്യമായി ഒരുക്കുമ്പോൾ കാലിത്തൊഴുത്തിൽ ആരംഭിച്ച രക്ഷകന്റെ സഹനം ലോകം കാണണമെന്നും മനസ്സിലാക്കണമെന്നും അസീസിയിലെ വിശുദ്ധ ഫ്രാൻസിസ് ആഗ്രഹിച്ചു. ദാരിദ്ര്യത്തെ പ്രണയിച്ച ആ പ്രേമഗായകന്റെ നാമധാരിയായ ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു 'ദരിദ്രരെ മറക്കരുത്' പക്ഷെ ലോകം പുൽക്കൂടിന്റെ ഇല്ലായ്മകളെ മറക്കുന്നു. പൊള്ളയായ അലങ്കാരങ്ങളുടെയും ആർഭാടങ്ങളുടെയും ആഘോഷമായി ക്രിസ്തുമസ് മാറിയിരിക്കുന്നു. പലയിട

ങ്ങളിലും ആഘോഷങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സമ്മാനങ്ങളുമായി എത്തുന്ന സാന്താക്ലോസിന്റെ വരവ് ആഘോഷമാക്കുവാൻ അലങ്കാരങ്ങളും, ക്രിസ്തുമസ് വിളക്കുകളും, ക്രിസ്തുമസ് ട്രീകളുമൊക്കെ ഒരുങ്ങുമ്പോൾ ഇത് മിശിഹായുടെ മനുഷ്യാവതാരത്തിന്റെ ആഘോഷം എന്നതു വിസ്മരിക്കപ്പെടുന്നു. എങ്ങനെ യെങ്കിലും കുറെ പണം ചെലവഴിക്കുന്നതിനും, ആവശ്യമില്ലാത്ത സാധനങ്ങൾ വാരിക്കൂട്ടുന്നതിനും, ഭക്ഷണ പാനീയങ്ങൾ അമിതമായി ഉപയോഗിക്കുന്നതി നുമുള്ള അവസരമായി ക്രിസ്തുമസ് മാറിയിരിക്കുന്നു. ആഘോഷങ്ങളുടെ നിയന്ത്രണം മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുന്നു. വകയില്ലാത്തവൻ തിരുനാളാ ഘോഷത്തിന് അർഹനല്ലെന്നു നാം പറയാതെ പറയുന്നു. കൂടെ വസിക്കു ന്നവരെ അറിയിക്കാതെയും അവരിലെ ദൈവസാന്നിധ്യം മനസ്സിലാക്കാതെയും നാം നടത്തുന്ന ആഘോഷങ്ങളൊക്കെയും എതിർ സാക്ഷ്യങ്ങളായി മാറുന്നു. നമുക്കു ജീവനുണ്ടാകുവാനും, അതു സമൃദ്ധിയായി ഉണ്ടാകുവാനും അവതരി ച്ചവന്റെ എളിമയും ലാളിത്യവും നമുക്കു സ്വന്തമാക്കാം. മറ്റുള്ളവരെ വലിയവ രായി കണ്ടുകൊണ്ട് ചെറുതാകാൻ നമുക്കു സാധിക്കണം. ഉള്ളിൽ ഉരുവായ ഉണ്ണിയെയും പേറി ദൂരങ്ങൾ താണ്ടി തന്റെ ചാർച്ചക്കാരിയായ ഏലീശ്വായെ സന്ദർശിച്ചു ശുശ്രൂഷ ചെയ്ത പരിശുദ്ധ അമ്മയുടെയും, ദൂതൻ അറിയിച്ച കാ ര്യങ്ങൾ കർത്താവ് അരുളിച്ചെയ്തതെന്നു നിഷ്കളങ്കമായി വിശ്വസിച്ച് ഉണ്ണി യെ സന്ദർശിക്കുകയും ''ശിശുവിനെപ്പറ്റി തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കുകയും ചെയ്ത'' (ലൂക്കാ 2:17) ആട്ടിടയന്മാരുടെയും, നക്ഷത്രം നൽകിയ സന്ദേശം ഗ്രഹിച്ച് പൗരസ്ത്യദേശത്തുനിന്ന് കഷ്ടതകൾ സഹിച്ച് ഉണ്ണിയെ സന്ദർശിച്ച ജ്ഞാനികളുടെയും മനോഭാവങ്ങൾ നമുക്കു സ്വ ന്തമാക്കാൻ പരിശ്രമിക്കാം. വിശുദ്ധമായ ഈ സന്ദർശനങ്ങൾ നമ്മുടെ ഭവന സന്ദർശനങ്ങൾക്ക് മാതൃകയാകട്ടെ. ഡിസംബർ ഒന്നു സന്ദർശനം നടത്തുകയും, ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുവാനും സെൻട്രൽ കൗൺസിൽ എല്ലാവരോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അംഗത്വവിപുലീകരണത്തി ന്റെ ഭാഗമായി ഈ കാലയളവിൽ ഓരോ മാസവും ഓരോ പുതിയ അംഗത്തെ വീതം കോൺഫറൻസുകളിൽ ചേർക്കുവാനും പരിശ്രമിക്കണം.

പ്രിയപ്പെട്ട എല്ലാ സഹോദരങ്ങൾക്കും കുടുംബാംഗങ്ങൾക്കും ക്രിസ്തുമ സ്സിന്റെ ആശംസകളും അനുഗ്രഹങ്ങളും നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



171

# സത്യത്തിലും സ്നേഹത്തിലും വ്യാപരിക്കുക

(തിരുവചനഭാഗം: 2 യോഹ 1,1-13))

സത്യവും സ്നേഹവും ക്രിസ്തീയജീവിതത്തിന്റെ അന്തഃസത്തയായി അവതരിപ്പിക്കുന്ന ഒരു ലേഖനമാണ് വി. യോഹന്നാന്റെ രണ്ടാം ലേഖനം. ഈ ലേഖനത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. സഭാശ്രേഷ്ഠന്റെ അഭിവാദനം (1,1-3)
2. സത്യത്തിൽ വ്യാപരിക്കുക; സ്നേഹത്തിൽ ജീവിക്കുക (1,4-6)
3. വഞ്ചകരും അന്തിക്രിസ്തുവും (1,7-8)
4. മിശിഹായുടെ പ്രബോധനത്തിൽ നിലനില്ക്കുക (1,9-11)
5. മുഖാഭിമുഖം സംസാരിക്കാമെന്ന പ്രത്യാശ (1,12-13)

വിശ്വാസികളുടെ സമൂഹത്തിനു യോഹന്നാൻശ്ലീഹാ നല്കുന്ന ഈ ഉപദേശത്തിന്റെ വെളിച്ചത്തിൽ, പുരോഹിതർ തങ്ങളുടെ ശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെന്നു മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. സഭാശ്രേഷ്ഠന്റെ അഭിവാദനം

*''തെരഞ്ഞെടുക്കപ്പെട്ട മഹതിക്കും അവളുടെ മക്കൾക്കും സഭാശ്രേഷ്ഠൻ എഴുതുന്നത്. നമ്മിൽ വസിക്കുന്നതും എക്കാലവും നമ്മോടൊത്തുണ്ടായതുമായ സത്യത്തെ മുൻനിറുത്തിയും സത്യത്തിന്റെ പേരിലും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു; ഞാൻ മാത്രമല്ല സത്യമറിയാവുന്നവരെല്ലാം നിങ്ങളെ സ്നേഹിക്കുന്നു. പിതാവായ ദൈവത്തിൽനിന്നും അവിടുത്തെ പുത്രനായ ഈശോമിശിഹായിൽനിന്നുമുള്ള കൃപയും കരുണയും സമാധാനവും സത്യത്തിലും സ്നേഹത്തിലും നമ്മോടുകൂടെ ഉണ്ടായിരിക്കും''* (2 യോഹ 1,1-3).

യോഹന്നാൻശ്ലീഹാ തന്റെ ആത്മീയാധികാരത്തിലുള്ള സഭാമക്കളോടാണ് ഇവിടെ സംസാരിക്കുന്നത്. 'ശ്രേഷ്ഠൻ' എന്നതു 'പ്രസ്ബിത്തെരോസ്' എന്ന ഗ്രീക്കുപദത്തിന്റെ വിവർത്തനമാണ്. ശ്ലീഹന്മാരോടൊപ്പം, അവരുടെ പിൻഗാമികളായി സഭാസമൂഹത്തിനു നേതൃത്വം നൽകുന്നവരെയാണ് ഈ പദം

സൂചിപ്പിക്കുന്നത്. നടപടിഗ്രന്ഥത്തിൽ ജറുസലേം കൗൺസിൽ കൂടിയപ്പോൾ അതിന്റെ അംഗങ്ങളായിരുന്നവർ ശ്ലീഹന്മാരും ശ്രേഷ്ഠന്മാരുമായിരുന്നല്ലോ (ശ്ലീഹ 15,6). അതുകൊണ്ട് ഇവിടെ യോഹന്നാൻശ്ലീഹാതന്നെയാണു തന്റെ വിശ്വാസികളെ സംബോധന ചെയ്ത് അഭിവാദനമർപ്പിക്കുന്നത്. തന്റെ വ്യക്തി പരമായ നിലയിലെന്നതിനെക്കാൾ സഭയുടെ നേതൃത്വം വഹിക്കുന്ന ശുശ്രൂഷയ്ക്കു പ്രാധാന്യം നല്കിക്കൊണ്ടു സംസാരിക്കുന്നുവെന്നേയുള്ളൂ. തന്റെ ഉപദേശത്തിന്റെ ആധികാരികതയും ഇതിലൂടെ സൂചിപ്പിക്കുന്നുണ്ട്.

'സത്യം' ദൈവത്തിന്റെ വചനം തന്നെയാണ് (യോഹ 17,17). വചനം സ്വീകരിച്ചവരുടെ സമൂഹമാണല്ലോ സഭ (ശ്ലീഹ 2,41). വചനം ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ്. ദൈവം സ്വയം വെളിപ്പെടുത്തിയത് ഈശോമിശിഹായിലൂടെയാണല്ലോ. അതുകൊണ്ട് ഈശോയിൽ വിശ്വാസജീവിതം നയിക്കുന്ന സഭാംഗങ്ങളെല്ലാവരെയുമാണു യോഹന്നാൻശ്ലീഹാ അഭിവാദനം ചെയ്യുന്നത്. കൃപയും കരുണയും സമാധാനവും ഒരുമിച്ചു പുതിയനിയമത്തിൽ കാണുന്നുണ്ട് (1 തിമോ 1,2; 2 തിമോ 1,2). 'കൃപ' ദൈവത്തിനു തന്റെ സൃഷ്ടികളോടുള്ള സ്നേഹത്തെ സൂചിപ്പിക്കുന്നു (സങ്കീ 83,12; 1 കൊറി 15,10). 'കരുണ' എന്ന ആശയത്തിനും ഇതേ അർത്ഥമുണ്ട്. ക്രൈസ്തവന്റെ ആത്മീയശക്തിയുടെ ഉത്ഭവം പിതാവായ ദൈവവും അവിടുത്തെ പുത്രനായ ഈശോമിശിഹായുമാണ്. വിശ്വാസിയെ മിശിഹായാകുന്ന പ്രകാശത്തിൽ നടക്കാനും നന്നായി ജീവിക്കാനും ദൈവം പ്രാപ്തനാക്കുന്നു. ''പിതാവായ ദൈവത്തിൽനിന്നും അവിടുത്തെ പുത്രനായ ഈശോമിശിഹായിൽ നിന്നുമുള്ള കൃപയും സമാധാനവും സത്യത്തിലും സ്നേഹത്തിലും നമ്മോടുകൂടെയുണ്ടായിരിക്കും'' എന്നുള്ള ആശംസ യുഗാന്ത്യംവരെ നിലനില്ക്കുന്ന വലിയ ഉറപ്പാണ്. ഈ ഉറപ്പു വിശ്വാസികൾക്കു നൽകുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## 2. സത്യത്തിൽ വ്യാപരിക്കുക; സ്നേഹത്തിൽ ജീവിക്കുക

*''പിതാവിൽനിന്നു നാം സ്വീകരിച്ച കൽപനയ്ക്കനുസൃതമായി നിന്റെ മക്കളിൽ ചിലർ സത്യത്തിൽ വ്യാപരിക്കുന്നതു കണ്ടു ഞാൻ അത്യന്തം സന്തോഷിച്ചു. അല്ലയോ മഹതീ, ഞാൻ നിന്നോടഭ്യർഥിക്കുന്നു. ഒരു പുതിയ കൽപനയായിട്ടല്ല, ആരംഭംമുതലേ നമുക്കു ലഭിച്ചിരിക്കുന്ന ഒന്നായിട്ടാണു ഞാൻ ഇത് എഴുതുന്നത്: നാം പരസ്പരം സ്നേഹിക്കണം. ഇതാണു സ്നേഹം: നാം അവിടുത്തെ കൽപനകളനുസരിച്ചു നടക്കുക. കൽപനയാകട്ടെ, ആരംഭംമുതലേ നിങ്ങൾ ശ്രവിക്കുന്നതുപോലെ സ്നേഹത്തിൽ വ്യാപരിക്കുക എന്നതും''* (1,4-6).

ക്രൈസ്തവജീവിതശൈലി സത്യത്തിന്റെയും സ്നേഹത്തിന്റെയും ശൈലിയാണ്. ഒരുപക്ഷേ ഈ സമൂഹത്തിൽ നിന്നു കുറെപ്പേരോ അല്ലെങ്കിൽ ഈ സമൂഹത്തെ സന്ദർശിച്ച മറ്റു ചിലരോ യോഹന്നാനെ സന്ദർശിച്ച് ഈ സഭയിലെ കാര്യങ്ങൾ പങ്കുവച്ചുകാണും. കുറെപ്പേർ സത്യത്തിലും സ്നേഹത്തിലും ജീവിക്കുന്നു (1,4-6). എന്നാൽ വേറെ കുറെപ്പേർ അപ്രകാരം ജീവിക്കുന്നില്ല (1,7-8). തെറ്റായ പഠനങ്ങളും വിഭാഗീയതയും ഈ സഭയിലെ പ്രശ്നങ്ങളാണ്. അതിനാൽ സഭാശ്രേഷ്ഠനു വീണ്ടും വീണ്ടും പറയാനുള്ളതു യഥാർത്ഥ

സത്യത്തിലും സ്നേഹത്തിലും വ്യാപരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ്.

'സത്യം' ഈശോതന്നെയാണ് (യോഹ 14,6). യഥാർത്ഥ പിതാവായ ദൈവത്തെ വെളിപ്പെടുത്തുന്നവനെന്ന നിലയിലാണ് ഈശോ 'സത്യ'മായിരിക്കുന്നത്. ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങൾക്കനുസൃതമായ ജീവിതം നയിക്കുമ്പോഴാണു നാം സത്യത്തിൽ വ്യാപരിക്കുക. മാത്രമല്ല ഈശോയോടുള്ള വ്യക്തിപരമായ ഒരു സ്നേഹബന്ധവും പ്രതിബദ്ധതയും പുലർത്തുന്ന ജീവിതവും നയിക്കുവാൻ വിശ്വസിക്കുന്നവർക്കു കഴിയണം. ഇന്നു മിശിഹാ സഭയിൽ ജീവിക്കുന്നതുകൊണ്ട് സഭയെ സ്നേഹിക്കുകയും സഭാജീവിതം സജീവമായി നയിക്കുകയും ചെയ്യണം. അതുപോലെതന്നെ, ഈശോ നല്കിയ ഏകകല്പന 'പരസ്പരം സ്നേഹിക്കുക' എന്നതാണ്: ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ'' (യോഹ 13,34-35). ക്രൈസ്തവന്റെ മുഖമുദ്ര ഇപ്രകാരമുള്ള പരസ്പരസ്നേഹമാണ്. ഇപ്രകാരം സത്യത്തിൽ വ്യാപരിക്കുകയും സ്നേഹത്തിൽ ജീവിക്കുകയും ചെയ്യുന്നതിന് വിശ്വാസികളെ പരിശീലിപ്പിക്കുവാൻ അജപാലകർ നിരന്തരം ജാഗ്രതയോടെ ശ്രദ്ധിക്കണം.

### 3. വഞ്ചകരും അന്തിക്രിസ്തുവും

*''വളരെയധികം വഞ്ചകർ ലോകത്തിലേക്ക് ഇറങ്ങിയിട്ടുണ്ട്. ഈശോമിശിഹാ മനുഷ്യശരീരം ധരിച്ചു വന്നു എന്നു സമ്മതിക്കാത്തവരാണ് അവർ. ഇങ്ങനെയുള്ളവനാണു വഞ്ചകനും അന്തിക്രിസ്തുവും. ഞങ്ങളുടെ അധ്വാന ഫലം നിങ്ങൾ നഷ്ടമാക്കാതെ അതു പൂർണമായി നേടാൻ ശ്രദ്ധിക്കുവിൻ''* (1,7-8).

യോഹന്നാന്റെ സമൂഹത്തിൽ നിന്നു കുറെപ്പേർ യഥാർത്ഥ വിശ്വാസത്തിൽനിന്നും വിട്ടുപോയിട്ടുണ്ട്. ഇവരെയാണ് 'സത്യത്തിലും സ്നേഹത്തിലും വ്യാപരിക്കാത്തവർ' എന്ന് യോഹന്നാൻശ്ലീഹാ പറയുന്നത്. ഇതിന്റെ സൂചനകൾ യോഹന്നാന്റെ ഒന്നാം ലേഖനത്തിലും കാണുന്നുണ്ട്. യോഹന്നാൻ പറയുന്നു: ''കുഞ്ഞുമക്കളേ, ഇത് അവസാനമണിക്കൂറാണ്. അന്തിക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾത്തന്നെ അനേകം വ്യാജക്രിസ്തുമാർ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇത് അവസാനമണിക്കൂറാണെന്ന് അതിൽനിന്നു നമുക്കറിയാം. അവർ നമ്മുടെ കൂട്ടത്തിൽനിന്നാണ് പുറത്തുപോയത്, അവർ നമുക്കുള്ളവരായിരുന്നില്ല. നമുക്കുള്ളവരായിരുന്നെങ്കിൽ നമ്മോടുകൂടെ നില്ക്കുമായിരുന്നു'' (1 യോഹ 2,18-19). ഈശോമിശിഹാ മനുഷ്യശരീരം ധരിച്ചുവെന്ന് വിശ്വസിക്കാത്തവരാണ് ഇക്കൂട്ടർ. ഇവരെ യോഹന്നാൻ വഞ്ചകരെന്നും അന്തിക്രിസ്തുമാരെന്നും വിളിക്കുന്നു. 'അന്തിക്രിസ്തു' (ക്രിസ്തുവിനെതിരായവർ) മാരുടെ പ്രധാന ജോലി വിശ്വാസികളെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുക എന്നതാണ്.

''ഞങ്ങളുടെ അദ്ധ്വാനഫലം നിങ്ങൾ നഷ്ടമാക്കാതെ അതു പൂർണ്ണമായി നേടാൻ ശ്രമിക്കുവിൻ'' (1,8) എന്നു യോഹന്നാൻശ്ലീഹാ സഭാംഗങ്ങളെ ഉപ

ദേശിക്കുന്നു. ശ്ലൈഹികശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം സുവിശേഷപ്രഘോഷണം നടത്തുകയും സുവിശേഷത്തിൽ വിശ്വസിക്കുന്ന സമൂഹത്തെ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ്. പുരോഹിതന്റെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണമാണ് (P.O. 4). ക്രിസ്തീയപൗരോഹിത്യശുശ്രൂഷയെക്കുറിച്ചു വിശുദ്ധ പൗലോസ്ശ്ലീഹാ ഇപ്രകാരമാണ് പറയുന്നത്: ''വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവുമാകുവാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു'' (റോമാ 15,16). ദൈവത്തിനു സ്വീകാര്യമായ ബലിവസ്തു സുവിശേഷത്തിൽ വിശ്വസിക്കുന്ന മനുഷ്യജീവിതങ്ങളാണ്. അപ്രകാരമുള്ള ബലിയർപ്പിക്കണമെങ്കിൽ പുരോഹിതൻ ആദ്യം സുവിശേഷപ്രഘോഷണത്തിലൂടെ ജനങ്ങളെ മാനസാന്തരപ്പെടുത്തി അവരെ യഥാർത്ഥ വിശ്വാസികളാക്കി മാറ്റണം. അപ്രകാരം വിശ്വസിക്കുന്നവരുടെ ജീവിതമാണ് ഈശോയുടെ ബലിയോടുചേർത്തു പുരോഹിതരും വിശ്വാസികളും അർപ്പിക്കേണ്ടത്. അതുകൊണ്ടു ശ്ലൈഹികശുശ്രൂഷയുടെ ഫലമായി ലഭിച്ച വിശ്വാസം അവികലമായി കാത്തുസൂക്ഷിക്കുകയും ആ വിശ്വാസത്തിൽ ജനങ്ങളെ വളർത്തുകയും ചെയ്യേണ്ടത് അജപാലകരുടെ ഏറ്റം പ്രധാനപ്പെട്ട ദൗത്യമാണ്.

## 4. മിശിഹായുടെ പ്രബോധനത്തിൽ നിലനില്ക്കുക

*''മിശിഹായുടെ പ്രബോധനത്തിൽ നിലനിൽക്കാതെ അതിനെ അതിലംഘിച്ചു മുമ്പോട്ടുപോകുന്ന ഒരുവനു ദൈവമില്ല. അവന്റെ പ്രബോധനത്തിൽ നിലനിൽക്കുന്നവനു പിതാവും പുത്രനും ഉണ്ട്. പ്രസ്തുത പ്രബോധനവുമായിട്ടല്ലാതെ ആരെങ്കിലും നിങ്ങളെ സമീപിച്ചാൽ, അവനെ നിങ്ങൾ വീട്ടിൽ സ്വീകരിക്കുകയോ അഭിവാദനം ചെയ്യുകയോ അരുത്. എന്തെന്നാൽ, അവനെ അഭിവാദനം ചെയ്യുന്നവൻ അവന്റെ ദുഷ്പ്രവൃത്തികളിൽ പങ്കുചേരുകയാണ്''* (1,9-11).

മിശിഹായുടെ ബലിയർപ്പകനാണു പുരോഹിതനെങ്കിൽ, ആ ബലി ശരിയായ രീതിയിൽ അർപ്പിക്കണമെങ്കിൽ, അർപ്പിക്കുന്ന പുരോഹിതനും പുരോഹിതന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളും അവരുടെ വിശ്വാസജീവിതത്തിൽ അവികലമായി വളർന്നുകൊണ്ടിരിക്കണം. അതുകൊണ്ട് യഥാർത്ഥ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ പോരുന്ന അന്തിക്രിസ്തുമാരുടെ പ്രവർത്തനങ്ങളെപ്പറ്റി മുന്നറിയിപ്പു നൽകുകയാണ് യോഹന്നാൻശ്ലീഹാ. രണ്ടു മുന്നറിയിപ്പുകളാണ് അവരെക്കുറിച്ചു യോഹന്നാൻശ്ലീഹാ നൽകുന്നത്. ഒന്നാമത് വഞ്ചകരിലൂടെ ചതിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കുക (1,9). അതായതു, സഭയുടെ ശരിയായ വിശ്വാസത്തിൽനിന്നും വ്യതിചലിക്കാതിരിക്കാൻ ശ്രദ്ധിക്കുക. രണ്ടാമത്, വ്യാജപ്രബോധകരെ സ്വീകരിക്കാതിരിക്കുക, അഥവാ അവർക്ക് ആതിഥ്യം നൽകാതിരിക്കുക (1,10). ഇതു സുവിശേഷങ്ങളും ലേഖനങ്ങളും ആഹ്വാനം ചെയ്യുന്ന പരസ്നേഹത്തിനോ ആതിഥേയത്വത്തിനോ എതിരല്ല. മറിച്ച്, അത്തരം സന്ദർഭങ്ങൾവഴി വിശ്വാസം നഷ്ടമാകാതിരിക്കാനുള്ള ഒരു മുൻകരുതലാണ്.

ഇക്കാലഘട്ടത്തിലും കത്തോലിക്കാസഭയുടെ വിശ്വാസത്തിൽനിന്നും വിശ്വാസികളെ വ്യതിചലിപ്പിക്കുവാൻ പോരുന്ന നിരവധിയായ സാഹചര്യങ്ങൾ നിലവിലുണ്ട്. വിവിധ അകത്തോലിക്കാസഭകളും ക്രൈസ്തവസമൂഹങ്ങളും, അവരുടേതായ രീതികളിൽ വിശ്വാസം പ്രചരിപ്പിക്കുവാനും അംഗസംഖ്യ വർദ്ധിപ്പിക്കുവാനും ശ്രമിക്കുന്നുണ്ട്. പ്രത്യേകിച്ച്, ഇന്ന് ദൈവാലയങ്ങളിൽ ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ പരിമിതികളുള്ളതുകൊണ്ട്, ഓൺലൈനായി ആകർഷകമായ രീതിയിൽ വിശ്വാസസംബന്ധമായ പരിപാടികൾ ആസൂത്രണം ചെയ്യുന്ന സാഹചര്യങ്ങളുമുണ്ട്. അതെല്ലാം സത്യവിശ്വാസത്തിനു യോജിച്ചതാവണമെന്നില്ല. അതോടൊപ്പം പലതരം 'ജിഹാദു'കളിലൂടെ യുവജനങ്ങളെ വിശ്വാസജീവിതത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന സാഹചര്യങ്ങളുമുണ്ട്. അതുകൊണ്ട് കത്തോലിക്കാവിശ്വാസത്തിൽ വിശ്വാസികളെ ഉറപ്പിക്കുവാൻ ഉതകുന്ന വിശ്വാസപരിശീലനപദ്ധതികൾ കാലാനുസൃതമായ രീതികളിൽ പുരോഹിതർ നടപ്പിലാക്കേണ്ടതുണ്ട്.

## 5. മുഖാഭിമുഖം സംസാരിക്കാമെന്ന പ്രത്യാശ

*"ഇനി വളരെക്കാര്യങ്ങൾ നിങ്ങൾക്കെഴുതാനുണ്ട്. എങ്കിലും, അതിനു കടലാസും മഷിയും ഉപയോഗിക്കാൻ എനിക്കു താത്പര്യമില്ല. എന്നാൽ, നമ്മുടെ ആനന്ദം പൂർണമാകുന്നതിനുവേണ്ടി, നിങ്ങളുടെയടുത്തുവന്നു മുഖാഭിമുഖം സംസാരിക്കാമെന്നു ഞാൻ പ്രത്യാശിക്കുന്നു. നിന്റെ തെരഞ്ഞെടുക്കപ്പെട്ട സഹോദരിയുടെ മക്കൾ നിന്നെ അഭിവാദനം ചെയ്യുന്നു"* (1,12-13).

നേരിട്ടുകണ്ടു സംസാരിക്കാമെന്ന പ്രത്യാശയോടുകൂടിയാണ് യോഹന്നാൻ ശ്ലീഹാ തന്റെ രണ്ടാം ലേഖനം അവസാനിപ്പിക്കുന്നത്. അത്യാവശ്യമായി എഴുതേണ്ടകാര്യങ്ങൾ ഹ്രസ്വമായി എഴുതി അവസാനിപ്പിക്കുന്നു. സത്യത്തിൽ വ്യാപരിക്കുവാനും സ്നേഹത്തിൽ ജീവിക്കുവാനും അവരെ ആഹ്വാനം ചെയ്തു. ക്രൈസ്തവജീവിതത്തിന്റെ അന്തഃസത്തയാണ് സത്യവും സ്നേഹവും. 'സത്യം' ദൈവവചനമാണ് (യോഹ 17,17). ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തൽ സ്വീകരിച്ച് അതിനു പ്രത്യുത്തരം നൽകുന്നതാണ് വിശ്വാസം. ദൈവം സ്വയം വെളിപ്പെടുത്തിയത് ഈശോയിലൂടെയാണ്. അതു സ്നേഹത്തിന്റെ ഭാഷയിലുമാണ്. 'ദൈവം സ്നേഹമാണ്' എന്നുവരെ യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ എഴുതി വച്ചു (1 യോഹ 4,8.16). അതുകൊണ്ട് ദൈവത്തിന്റെ രക്ഷാകരസ്നേഹം അവിടുത്തെ പുത്രനായ ഈശോമിശിഹായിലൂടെ സ്വീകരിച്ച്, ഈശോ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുന്ന ഒരു ജീവിതം നയിക്കണമെന്നുള്ള ഏറ്റം പ്രാധാന്യമേറിയ ആഹ്വാനമാണ് ഇതിലൂടെ യോഹന്നാൻശ്ലീഹാ തന്റെ വിശ്വാസികൾക്ക് ഹ്രസ്വമായി എഴുതി നൽകിയ സന്ദേശം.

അതോടൊപ്പം നേരിട്ടുകണ്ടു സംസാരിക്കാമെന്ന പ്രത്യാശയും യോഹന്നാൻശ്ലീഹാ പ്രകടിപ്പിക്കുന്നു. അതു നമ്മുടെ ആനന്ദം പൂർണ്ണമാകുന്നതിനുവേണ്ടിയാണെന്നും എടുത്തുപറയുന്നു. ഇതു യോഹന്നാൻശ്ലീഹായുടെ ക്രിസ്തീയജീവിതത്തെക്കുറിച്ചുള്ള പ്രത്യേക കാഴ്ചപ്പാടിനെ സൂചിപ്പിക്കുന്ന

താണ്. ക്രിസ്തീയജീവിതം ഒരു ദൈവികകൂട്ടായ്മയാണെന്നും ആ കൂട്ടായ്മയാണ് മനുഷ്യജീവിതത്തിന്റെ ഏറ്റം വലിയ സന്തോഷമെന്നും ഇതു സൂചിപ്പിക്കുന്നുണ്ട്. യോഹന്നാൻശ്ലീഹാ തന്റെ ആദ്യലേഖനത്തിൽ ഈ കാഴ്ചപ്പാട് ആമുഖത്തിൽത്തന്നെ അവതരിപ്പിക്കുന്നുണ്ട്. മിശിഹാനുഭവം നമ്മെ ത്രിത്വകൂട്ടായ്മയിൽ വളർത്തുമെന്നും അത് ജീവിതത്തിന്റെ സന്തോഷം വർദ്ധിപ്പിക്കുമെന്നും അവിടെ വ്യക്തമായി പറയുന്നു (1 യോഹ 1,1-4). ഈ കൂട്ടായ്മയുടെ സന്തോഷം നൽകികൊണ്ടാണ് ഈ രണ്ടാം ലേഖനവും യോഹന്നാൻശ്ലീഹാ അവസാനിപ്പിക്കുന്നത്: ''നിന്റെ തിരഞ്ഞെടുക്കപ്പെട്ട സഹോദരിയുടെ മക്കളുടെ'', അതായത്, യോഹന്നാൻശ്ലീഹാ ഏതു പ്രാദേശികസഭയിൽനിന്നെഴുതുന്നുവോ, അവിടുത്തെ സഭാംഗങ്ങളുടെ അഭിവാദനമാണ് അവിടെ നൽകുന്നത്. ഇപ്രകാരം സഭാകൂട്ടായ്മ ക്രിസ്തീയസന്തോഷത്തിന്റെ അടിസ്ഥാനമായി കാണുവാനും അജപാലകർ അജഗണങ്ങളെ പരിശീലിപ്പിക്കണം.

## ജീവിതസൂചിക

1. ഈശോമിശിഹായിലുള്ള വിശ്വാസത്തിലൂടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിലും പ്രത്യാശയിലും ജീവിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ? അപ്രകാരം ജീവിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
2. സത്യത്തിൽ വ്യാപരിക്കാനും സ്നേഹത്തിൽ ജീവിക്കാനും ഞാൻ ജനങ്ങളെ എപ്രകാരം പരിശീലിപ്പിക്കുന്നു?
3. കത്തോലിക്കാസഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുവാനും അതിനു വിരുദ്ധമായ പ്രബോധനങ്ങളെ ചെറുത്തു ജീവിക്കുവാനും ഞാൻ എപ്രകാരമാണ് ജനങ്ങളെ പ്രബോധിപ്പിക്കുന്നത്?
4. മിശിഹായുടെ യഥാർത്ഥമായ പ്രബോധനത്തിൽ നിലനില്ക്കുവാൻ ജനങ്ങളെ ഞാൻ എപ്രകാരമാണു പരിശീലിപ്പിക്കുന്നത്?
5. യഥാർത്ഥ സന്തോഷത്തിന്റെ അടിസ്ഥാനമായി സഭാകൂട്ടായ്മയെ കാണുവാനും അപ്രകാരം കൂട്ടായ്മയെ കെട്ടിപ്പടുക്കുവാനും ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഒക്ടോബർ 2021**

25 രാവിലെ റീജൻസി പരിശീലനത്തിൽ ആയിരിക്കുന്ന ബ്രദേഴ്സിന്റെ സെമിനാറിൽ സംബന്ധിച്ച് അവരുമായി സംവദിച്ചു. അതിനുശേഷം വെട്ടിത്തുരുത്ത് ഇടവകാംഗമായ സോയിയുടെ ഭവനത്തിന്റെ ആശിർവാദകർമ്മം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് നിരണം മാർത്തോമ്മാശ്ലീഹാ സെമിനാരിയിൽ നാലാം വർഷ വൈദികവിദ്യാർഥികൾക്ക് ക്ലാസെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ പാലയ്ക്കശ്ശേരി ബഹു. രാജീവച്ചൻ സംവിധാനം ചെയ്ത *'ചേറ് '* എന്ന ചലച്ചിത്രത്തിന്റെ പ്രദർശനം ഉദ്ഘാടനം ചെയ്തു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ട്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു

26 രാവിലെ അതിരമ്പുഴ, കോട്ടയം, കുടമാളൂർ ഫൊറോനകളിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാന രീതികളെക്കുറിച്ചും സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വൈകുന്നേരം കുറുമ്പനാടം, തൃക്കൊടിത്താനം ഫൊറോനകളിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാന രീതികളെക്കുറിച്ചും സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

27 ഉച്ചയ്ക്ക് കാളാശ്ശേരി ബഹു. സെബാസ്റ്റ്യനച്ചന്റെ *'നെക്റ്റർ ഫോർ ബഡ്ഡിംഗ് റിഡേഴ്സ്'* എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവഹിച്ചു.

28 രാവിലെ അതിരൂപതാകേന്ദ്രത്തിൽ യുവദീപ്തി അംഗങ്ങൾ ചേർന്നു പൂർത്തിയാക്കിയ ബൈബിളിന്റെ കൈയെഴുത്തുപ്രതിയുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ചമ്പക്കര സെന്റ് ജോസഫ്സ് ഇടവകാംഗമായ ആഴാംചിറ ആഗിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

31 രാവിലെ അതിരൂപതയുടെ വിരുതുനഗർമിഷൻ സന്ദർശിച്ചു. മിഷൻ സ്റ്റേഷനിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് കിഴക്കേയിൽ ബഹു. പീറ്റർ അച്ചന്റെയും തക്കല രൂപതയുടെ വികാരി ജനറൽ പവ്വത്തുപറമ്പിൽ ബഹു. തോമസ് അച്ചന്റെയും സാന്നിധ്യത്തിൽ പുതുതായി നിർമ്മാണം ആരംഭിക്കുന്ന ദൈവാലയത്തിന്റെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. കിഴക്കേയിൽ ബഹു. പീറ്ററച്ചനെ അഭിനന്ദിക്കുകയും അച്ചന്റെ പ്രയത്നങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്തു.

വൈകുന്നേരം വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഇടവകയുടെ ഇടവക ദിനാഘോഷത്തിൽ ഓൺലൈനായി പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**നവംബർ 2021**

01 രാവിലെ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വിവാഹം ആശിർവദിച്ചു. ഉച്ചകഴിഞ്ഞ് പാറേൽ അമല തിയോളജിക്കൽ കോളേജിൽ പുതിയ അദ്ധ്യയന വർഷത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു, തുടർന്ന് കോൺവൊക്കേഷനിൽ സംബന്ധിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

02 രാവിലെ നരിക്കലിൽ നടന്ന കൊല്ലം-ആയൂർ ഫൊറോനയിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാന രീതികളെക്കുറിച്ചും സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് തിരുവനന്തപുരം ഫൊറോനയിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാന രീതികളെക്കുറിച്ചും സംസാരിച്ചു.

03 മായം സെന്റ് മേരിസ് ഇടവകയിൽ നടന്ന അമ്പൂരി ഫൊറോനയിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാന രീതികളെക്കുറിച്ചും സംസാരിച്ചു.

04 രാവിലെ ഇത്തിത്താനം ഇടവകാംഗമായ ബഹു. തെക്കേക്കര സോണി അച്ചന്റെ പിതാവ് റ്റി.റ്റി വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം കുന്നന്താനം എൽ.എസ്.ഡി.പി. ജനലറേറ്റിൽ സിസ്റ്റർ മേരി ലിറ്റിയുടെ അനുസ്മരണാർത്ഥം പരിശുദ്ധ കുർബാന അർപ്പിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു

05 ഉച്ചകഴിഞ്ഞ് വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നടന്ന എക്യുമെനിക്കൽ സെമിനാറിൽ പങ്കെടുത്ത് അധ്യക്ഷതവഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന കെ.എൽ.എം., ആത്മതാ ഡയറക്ടർ പുത്തൻചിറ ബഹു. ജോസ് അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

06 രാവിലെ കുടുംബക്കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കെ.എൽ. ടി. കോഴ്സിന്റെ സർട്ടിഫിക്കറ്റിന്റെ വിതരണം നിർവ്വഹിച്ചു. അതിനുശേഷം വെരൂർ സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. അതിനുശേഷം ചെത്തിപ്പുഴ സർഗക്ഷേത്രയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ട്രാൻസ്ജെൻഡേഴ്സ് മീറ്റിൽ സംബന്ധിച്ച് ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ എസ്.ബി. കോളേജിൽ ബിരുദ വിദ്യാർത്ഥികളായിരിക്കുന്ന പ്രീച്ചേഴ്സ്

ഓഫ് ഡിവൈൻ മേഴ്സി കോൺഗ്രിഗേഷനിലെ വൈദിക വിദ്യാർഥികളെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

07 രാവിലെ കാവാലം സെന്റ് ജോസഫ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് കുരിശുപള്ളിയായിരുന്ന കാവാലം സെന്റ് ജോസഫ് പള്ളിയെ ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം കാവാലം സെന്റ് ജോസഫ് എ.കെ.സി.സി. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന വഞ്ചനാദിന പരിപാടി ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അതിനുശേഷം പാറേൽ സെന്റ് മേരീസ് ഇടവക ദൈവാലയാങ്കണത്തിൽ വച്ച് ചങ്ങനാശേരി അതിരൂപത എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ നടന്ന വഞ്ചനാദിന സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അയർക്കുന്നം കൊറ്റത്തിൽ ആയുർവേദ ആശുപത്രിയുടെ ചാപ്പൽ കൂദാശയിൽ മുഖ്യകാർമ്മികത്വം വഹിച്ചു വചന സന്ദേശം നൽകി. വൈകുന്നേരം ചാരമംഗലം ലൂർദ് മാതാ ഇടവക ദൈവാലയത്തിൽവെച്ചു നടന്ന കറുകപ്പറമ്പിൽ ബഹു. ചെറിയാൻ അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങൾക്ക് ആശംസകളർപ്പിച്ചു സംസാരിച്ചു.

08 രാവിലെ അറുന്നൂറ്റംമ്പാടം തിരുഹൃദയ ഇടവക ദൈവാലയത്തിൽ പുത്തൻ പുരയ്ക്കൽ ജോമോൻ-ജോമോൾ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അതിനുശേഷം തത്തംപള്ളി സെന്റ് മൈക്കിൾസ് ഇടവകാംഗമായ പീറ്റർ എബ്രഹാം ചെമ്മോത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയങ്കണത്തിൽ കൃപാ പ്രോലൈഫ് സംഘടനയുടെ രജതജൂബിലിയുടെ പ്രാർത്ഥനാസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന വികാരിമാരായി അഞ്ചുവർഷം വരെ ആകുന്ന ബഹു. വൈദികരെ കണ്ടു നിർദ്ദേശങ്ങൾ നൽകി. വൈകുന്നേരം ആലപ്പുഴ, എടത്വാ ഫൊറോനകളിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാന രീതികളെക്കുറിച്ചും സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

09 രാവിലെ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സഹോദരി മേരിക്കുട്ടി ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പിന്നീട് ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ച് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്ക് പ്രീസ്റ്റ് ഹോമിൽ തക്കല രൂപതയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് രൂപതയുടെ ആദ്യകാല വൈദികരെ ആദരിക്കുന്ന ചടങ്ങിൽ തക്കല രൂപതാദ്ധ്യക്ഷൻ മാർ ജോർജ് രാജേന്ദ്രൻ പിതാവിനെയും രൂപതയിലെ വൈദികരെയുംകണ്ടു. തുടർന്ന് ആശംസകളർപ്പിച്ച് സംസാരിച്ചു, സ്നേഹവിരുന്നിൽ സംബന്ധിച്ചു. വൈകുന്നേരം

പള്ളിക്കൂട്ടുമ്മ ഫാത്തിമാമാതാ ദൈവാലയത്തിൽ നടന്ന പുളിങ്കുന്ന് ചമ്പക്കുളം ഫൊറോനകളിലെ വൈദികരുടെ സംയുക്ത യോഗത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാന രീതികളെക്കുറിച്ചും സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

10 രാവിലെ അയർക്കുന്നം ഇടവകാംഗമായ മാലം പുതിയേടം മറിയാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് നെടുംകുന്നം മണിമല ഫൊറോനകളിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് പരിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാനരീതികളെക്കുറിച്ചും സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ചങ്ങനാശേരി തുരുത്തി ഫൊറോനകളിലെ ഇടവക വൈദികരുടെയും സന്യസ്ത വൈദികരുടെയും സമ്മേളനത്തിൽ സംബന്ധിച്ച് പരിശുദ്ധ കുർബാനയിലെ മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠാനരീതികളെക്കുറിച്ചും സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

11 രാവിലെ വെരൂർ ഇടവകാംഗമായ പടിയറ തങ്കച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

12 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ കടുവാത്തൂക്കിൽ ബഹു. സെബാസ്റ്റ്യൻ സി.എം.ഐ. അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ നടന്ന APOSTLE ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. വൈകുന്നേരം KCSLന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ A+ നേടിയവരെ ആദരിക്കുന്ന ചടങ്ങിൽ സംബന്ധിച്ച് മുഖ്യപ്രഭാഷണം നടത്തി.

13 രാവിലെ പുളിങ്കുന്ന് ഇടവകാംഗമായ ഒറ്റപ്പുരയ്ക്കൽ മാത്യുവിന്റെ പുതുതായി പണികഴിപ്പിച്ച ഭവനത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിൽ നടന്ന പ്ലാത്തോട്ടത്തിൽ ബഹു. റെജി അച്ചന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചു.

14 രാവിലെ മഞ്ഞാലുംമൂട് നടന്ന തക്കല രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചു. വൈകുന്നേരം പടന്താലുംമൂട് ഹോളി ഫാമിലി കോൺവെന്റിൽ സന്ദർശനം നടത്തി.

15 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന ലിറ്റർജി സംബന്ധമായ ബഹു. വൈദികരുടെ മീറ്റിംഗിൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി.

16 ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി പാരിഷ് ഹാളിൽ നടന്ന ചങ്ങനാശേരി അതിരൂപത വൈദികസമ്മേളനത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

17 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മാർത്തോമ്മാ വിദ്യാനികേതന്റെ അക്കാദമിക്ക് കൗൺസിൽ യോഗത്തിൽ സംബന്ധിച്ച് അദ്ധ്യക്ഷതവഹിച്ചു. അതിനുശേഷം ചങ്ങനാശേരി എഫ്.സി.സി ദൈവമാതാ പ്രൊവിൻഷ്യൽ ഹൗസിൽനടന്ന റംശായ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. സിനാക്സിസിസ് മെമ്പേഴ്സിന് സന്ദേശം നൽകി.

18 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ ഇടവക മധ്യസ്ഥന്റെ തിരുനാളിന് കൊടിയേറ്റുകർമ്മം നിർവഹിച്ചു.

19 ഉച്ചയ്ക്ക് എടത്വാ സെന്റ് ജോർജ് ഇടവകാംഗമായ എഴുന്നൂറ്റിൽ ബഹു. സാജനച്ചന്റെ മാതാവ് ഏലിയാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് കുറിച്ചി മൈനർ സെമിനാരിയിൽ ഒന്നാംവർഷ വൈദിക വിദ്യാർഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ആലക്കുഴി ബഹു. ജെയിംസ് അച്ചന്റെ *'ലോകത്തെ സൗഖ്യപ്പെടുത്തുക പകർച്ചവ്യാധിക്കാലത്തെ മതബോധനം'* എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു.

20 രാവിലെ ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരീസ് ഇടവകാംഗമായ, നെൽപ്പുരപ്പറമ്പിൽ ബഹു. ഫിലിപ്പച്ചന്റെ മാതാവ് ത്രേസ്യാമ്മയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം കാഞ്ഞിരപ്പള്ളി ഇളംകുളം സെന്റ് മേരീസ് ഇടവകാംഗമായ മറ്റപ്പള്ളിൽ ബഹു. തോമസ് അച്ചന്റെ ചരമവാർഷികദിനത്തിൽ ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പാലായിൽ ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തമായി ആരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും തുടർന്ന് നടന്ന സൗഹൃദ സമ്മേളനം ഉദ്ഘാടനംചെയ്തു സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം ചങ്ങനാശേരി പാറേൽ ഇടവകാംഗമായ വത്യാകരി വി.പി. വർഗീസ്സിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

21 രാവിലെ ചീരഞ്ചിറ സെന്റ് ജോർജ് ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. അതിനുശേഷം പാറേൽ പള്ളിയുടെ ഇടവകദിനാഘോഷത്തിൽ സംബന്ധിച്ച് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു സന്ദേശം നൽകി. വൈകുന്നേരം കൈതവന വിമലഹൃദയനാഥ ഇടവകയുടെ ഇടവകദിനാഘോഷത്തിൽ സംബന്ധിച്ച് ഉദ്ഘാടനകർമ്മം നിർവഹിച്ചു സന്ദേശം നൽകി.

22 രാവിലെ നിരണം മാർത്തോമ്മാശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് റിലീജിയസ് സുപ്പീരിയേഴ്സിന്റെ മീറ്റിങ്ങിൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി. അതിനുശേഷം അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിന്റെ സെമിനാറിൽ സംബന്ധിച്ചു.

23 രാവിലെ മാന്നാനം CMI ആശ്രമ ദൈവാലയത്തിന്റെ പുനർകൂദാശകർമ്മം നിർവഹിച്ചു സന്ദേശം. ഉച്ചകഴിഞ്ഞ് പുന്നവേലി FDSHJ ജനറലേറ്റിൽ FDSHJ സന്യാസിനി സമൂഹത്തിന്റെ മദർ ജനറാളായിരുന്ന സി. റോസ്സി FDSHJയുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

24 രാവിലെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ധ്യാനത്തിൽ സംബന്ധിക്കുന്ന ബഹു. വൈദികരെ നേരിൽ കണ്ടു സംസാരിച്ചു. ഉച്ചയ്ക്ക് പൗരോഹിത്യത്തിന്റെ രജത ജൂബിലിയും സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്ന ബഹു. വൈദികരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു, ആശംസകളർപ്പിച്ചു സംസാരിച്ചു.

## മാർ തോമസ് തറയിൽ

**ഒക്ടോബർ 2021**

29 ചമ്പക്കര സെന്റ് ജോസഫ് ഇടവകാംഗം അഗസ്റ്റിൻ ആഗ്നൽ അൽഫോൻസ് ആഴാംചിറയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെയും സിമിത്തേരിയിലെയും കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. രാമങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ യുവജനമാസത്തോടനുബന്ധിച്ച് നടത്തിയ *'ഇടയനോടൊത്ത്'* എന്ന യുവജന കൺവൻഷനിൽ യുവജനങ്ങളുമായി സംവദിച്ചു.

30 എസ്.ബി. കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ ചങ്ങനാശേരി പൗരാവലിയുടെ ആഭിമുഖ്യത്തിൽ എം.ബി.ബി.എസ്. പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ റോസ് ക്രിസ്റ്റി ജോസി കുത്തുകല്ലിങ്കലിനെ അനുമോദിച്ചുകൊണ്ട് നടത്തിയ സമ്മേളനത്തിൽ അവാർഡ് സമർപ്പണവും അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഡി.എഫ്.സി. മീറ്റിംഗിൽ പങ്കെടുത്തു. തത്തംപള്ളി സെന്റ് മൈക്കിൾ ഓഡിറ്റോറിയത്തിൽ യുവദീപ്തി-എസ്.എം.വൈ.എം. തത്തംപള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യുവജന കൺവെൻഷൻ 'പെനുവേൽ 2021' ന്റെ ഉദ്ഘാടനം നിർവ്വഹിച്ച് യുവജനങ്ങളുമായി സംവദിച്ചു.

31 പന്ത സെന്റ് ജൂഡ് കുരിശുപള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോന യുവദീപ്തി-എസ്.എം.വൈ.എം. ഇടവകയിലെ യുവജനങ്ങൾക്കായി നടത്തിയ *'യൂത്ത് മീറ്റ് 2021'* ൽ യുവജനങ്ങളുമായി സംവദിച്ചു.

**നവംബർ 2021**

01 നെയ്യാറ്റിൻകര രൂപതയിലെ ലോഗോസ് പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ വിൻസന്റ് സാമുവൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ചു നടത്തിയ പരിശുദ്ധ കുർബാനയിൽ സഹ കാർമ്മികത്വംവഹിച്ചു. കഴക്കൂട്ടത്ത് അപ്പസ്തോലിക് ഒബ്ലേറ്റ്സ് സന്യാസി നീസമൂഹത്തിന്റെ കോൺവെന്റ് വെഞ്ചെരിച്ചു.

02 ചാസ്സിന്റെ ഓഫീസിൽ ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും നാഷ്ണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡവലപ്മെന്റിന്റെയും നേതൃത്വത്തിൽ നടത്തിയ പാലിയേറ്റിവ് കെയർ ആന്റ് ഹോം നേഴ്സിംഗ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി സെന്റ് വിൻസെന്റ് പുവർ ഹോമിൽ ബഹു. സിസ്റ്റർ റോസിറ്റ എഫ്. സി.സി. യുടെ മൃതസംസ്ക്കാരശുശ്രൂഷയിലെ ഒന്നാംഭാഗ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു.

03 വാഴപ്പള്ളി എസ്.എ.ബി.എസ്. മഠം ചാപ്പലിൽ ബഹു. സിസ്റ്റർ മേരി ക്യൂൻ അവുസേപ്പുപറമ്പിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. മുടിയൂർക്കര കരുണാലയത്തോട് ചേർന്ന് ആരംഭിച്ച ഡോ. ഭാട്ടിയ മെഡിക്കൽ കോച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വെഞ്ചെരിച്ചു ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

04 നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ തെങ്ങുംപള്ളി ബഹു. സെബാസ്റ്റ്യൻ എസ്.ജെ. യുടെ ഒൻപതാം ചരമദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗമായ തെക്കേക്കര ബഹു. ജോൺ അച്ചന്റെ പിതാവ് റ്റി.റ്റി. വർഗ്ഗീസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ 1991 - 92 ബാച്ചിലെ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. പച്ച-ചെക്കിടിക്കാട് ലൂർദ്ദ് മാതാ ഓഡിറ്റോറിയത്തിൽ യുവദീപ്തി-എസ്.എം.വൈ.എം. എടത്വാ ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തിയ *'ഇടയന്റെ ചാരെ'* എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു യുവജനങ്ങളുമായി സംവദിച്ചു. സന്ദേശനിലയത്തിൽ നടത്തിയ CARP മീറ്റിംഗിൽ പങ്കെടുത്തു.

05 ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വില്ലൂന്നി സതീർത്ഥ്യാ സ്പെഷ്യൽ സ്കൂളിൽ മാന്നാനം കെ.ഇ. സ്കൂൾ പ്രിൻസിപ്പാൾ മുല്ലശ്ശേരി ബഹു. ജെയിംസ് അച്ചന് അപ്പർ കുട്ടനാട് വികസന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പൗരസ്വീകരണ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

06 ചങ്ങനാശേരി അതിരൂപത കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കുടുംബക്കൂട്ടായ്മ ലീഡേഴ്സ് ട്രെയിനിങ് കോഴ്സ് മൂന്നാം ബാച്ചിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ചു.

07 കുളത്തൂപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മാനന്തവാടി രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടത്തിയ മതാധ്യാപക കൺവൻഷനിൽ സംസാരിച്ചു. ബഹു. മന്ത്രി റോഷി അഗസ്റ്റിന്റെ പിതാവ് അഗസ്റ്റിൻ തോമസ് ചെറുനിലത്ത് ചാലിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

08 വെരൂർ സെന്റ് ജോസഫ് ഇടവകാംഗമായ തങ്കച്ചൻ പടിയറയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വികാരിമാരായവരെ പങ്കെടുപ്പിച്ചു നടത്തിയ മീറ്റിംഗിൽ സംസാരിച്ചു. താഴത്തുവടകര ലൂർദ്ദുമാതാ ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു.

09 ചീരഞ്ചിറയിൽ വീട് വെഞ്ചെരിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ പ്രിസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. അഭി. കർദ്ദിനാൾ ആലഞ്ചേരിപ്പിതാവിന്റെ സഹോദരി മേരിക്കുട്ടി ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ക്ലാസെടുത്തു.

10 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ജോസഫ് ചെറിയാൻ കല്ലുകളത്തിലിന്റെ നാൽപ്പത്തൊന്നാം ചരമദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

11 കുറവിലങ്ങാട് ക്ലാരറ്റ് ഭവനിൽ ക്ലരീഷ്യൻ സന്യാസസമൂഹത്തിലെ വൈദിക വിദ്യാർത്ഥികളുടെ മ്ശംശാനാ, ഹെവ്പദ്യാക്കോനാ, കാറോയ പട്ടങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

12 മുണ്ടുപാലം സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട APOSTLE ന്റെ മീറ്റിംഗിൽ പങ്കെടുത്തു. വാഴപ്പള്ളി എസ്.എ.ബി.എസ് കോൺവെന്റിൽ നടന്ന അനുതാപശുശ്രൂഷയിൽ വചനസന്ദേശം നൽകി. ചങ്ങനാശേരി അതിരൂപത കെ.സി.എസ്.എൽ ന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ട മെറിറ്റ് ഡേയിൽ പങ്കെടുത്തു.

13 ഇരവുചിറയിൽ ഭവനം വെഞ്ചരിച്ചു. ചങ്ങനാശേരി എസ്.ബി ഹൈസ്കൂളിൽ കെ.സി.എസ്.എൽ ന്റെ നേതൃത്വത്തിൽ പത്താംക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ ആദരിക്കുവനായി നടത്തപ്പെട്ട *'ആദരവ് 2021'* പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 തക്കല രൂപതയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് തക്കല മഞ്ചാലുംമൂട്ടിൽ പരിശുദ്ധ കുർബാനയിലും തുടർന്നുള്ള സമ്മേളനത്തിലും പങ്കെടുത്തു. പൊങ്ങുമ്മൂട് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ നടത്തപ്പെട്ട തിരുവനന്തപുരം ഫൊറോന എസ്.എം.വൈ.എം.എം വാർഷികത്തിൽ പങ്കെടുത്ത് യുവജനങ്ങളോട് സംസാരിച്ചു.

15 പാലാ ഡി.എസ്.റ്റി സാന്തോം പ്രൊവിൻസിൽ സന്യസ്തരുടെ ജൂബിലിയോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ സി.എം.എഫ് സുപ്പീരിയർ ജനറൽ വട്ടമറ്റം ബഹു. മാത്യു അച്ചനു നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

16 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ട ചങ്ങനാശേരി അതിരൂപത വൈദിക സംഗമത്തിൽ പങ്കെടുത്തു. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നിന്നും നടത്തപ്പെട്ട പൗരോഹിത്യ സ്വീകരണ ജൂബിലി ആഘോഷിക്കുന്ന വൈദികരുടെ ഓൺലൈൻ സംഗമത്തിൽ ആശംസകളറിയിച്ചു.

17 കോതമംഗലം കത്തീഡ്രൽ ഇടവകാംഗം ഒ.ജെ കോരച്ചൻ ഒലിയപ്പുറത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചേർപ്പുങ്കലിൽ നടത്തപ്പെട്ട ബാച്ച് ഗാതറിംഗിൽ പങ്കെടുത്തു. മാർത്തോമ വിദ്യാനികേതൻ അക്കാദമിക് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപത ഡി.എഫ്. സി. യുടെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ട മീറ്റിംഗിൽ പങ്കെടുത്തു.

18 പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

19 ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട TAASC ന്റെ അവലോകന മീറ്റിംഗിൽ പങ്കെടുത്തു. എടത്വ സെന്റ് ജോർജ്ജ് ഫൊറോനാ ഇടവകാംഗം ലീലാമ്മ മാത്യു എഴുന്നൂറ്റിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദേവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. പുന്നപ്ര സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

20 ചമ്പക്കുളം സെന്റ് മേരീസ് ഫൊറോന ബസലിക്ക ഇടവകാംഗമായ നെൽപ്പുരപറമ്പിൽ ബഹു. ഫിലിപ്പ് അച്ചന്റെ മാതാവ് ത്രേസ്യാമ്മ വർക്കിയുടെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപത പൊഴിയൂർ സെന്റ് മേരീ മഗ്ദലേന ദൈവാലയത്തിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ച് സായാഹ്ന പ്രാർത്ഥനയിൽ മുഖ്യകാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി.

21 അമ്പൂരി സെന്റ് തോമസ് ദൈവാലയത്തിൽ സൺഡേസ്കൂൾ കുട്ടികൾക്ക് വേണ്ടി നടത്തപ്പെട്ട സെമിനാർ ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നൽകി. രാജഗിരി ക്രിസ്തുരാജ ദൈവാലയത്തിൽ ഇടവകതിരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ ഇടവക ജൂബിലിയോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

22 കുന്നന്താനം ധ്യാനകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപത വൈദികർക്കായി നടത്തപ്പെട്ട ധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടത്തപ്പെട്ട PAROC ന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

23 നെടുമണ്ണി ഫാത്തിമാമാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ന്യൂസ് ക്ലബ് ഉദ്ഘാടനം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ 1992-93 ബാച്ചിലെ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. പുന്നവേലി എഫ്.ഡി.എസ്.എച്ച്.ജെ ജനറലേറ്റിൽ എഫ്.ഡി.എസ്.എച്ച്.ജെ സന്ന്യാസിനി സമൂഹത്തിന്റെ സുപ്പിരീയർ ജനറൽ മദർ റോസി പുതുപ്പറമ്പിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഇത്തിത്താനം ആശാഭവനിൽ ജൂബിലി കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.

24 വിലൂന്നി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന യർപ്പിച്ച് വചനസന്ദേശം നൽകി. തായങ്കരി സെന്റ് ആന്റണീസ് ദൈവാല യത്തിൽ സി. ലാൻസി തെക്കേക്കരയുടെ ജൂബിലി കുർബാനയിൽ വചന സന്ദേശം നൽകി. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ ജൂബിലി ആഘോഷിക്കുന്ന ചങ്ങനാശേരി അതിരൂപത വൈദികരെ സ്വീകരിച്ച് ആശംസകളർപ്പിച്ചു. ചേപ്പുംപാറ മർത്തമറിയം ദൈവാലയത്തിൽ യുവജന സംഗമത്തിൽ പങ്കെടുത്ത് യുവജനങ്ങളോട് സംസാരിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട വാർഷികധ്യാനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

25 മണലാടി സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. ഇരിഞ്ഞാല ക്കുട രൂപത മൂർക്കനാട് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വിവാഹം ആശിർവദിച്ചു.

26 നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ ഇടവകതി രുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.



95390 84041

Dn Kizhakkethalakkal Antony
(Tomin)
30 December 2021, 9.15 am
Holy Family Church, Pullangady



94466 21803

Dn Kunnath Andrews
(Sachin)
30 December 2021, 2.15 pm
Marth Mariam Forane Church, Thuruthy



85928 39715

Dn Puthiyaparambil Thomas
(Aby )
31 December 2021, 9.15 am
St. Antony's Church, Paduva



95269 51982

Dn Thondikkakuzhyil Abraham
(Nygil)
01 January 2022, 9.15 am
Lourde Matha Church,
Aruvikuzhy



88198 88231

Dn Thattaradyil Varghese
(Jissmon)
01 January 2022, 2.15 pm
St Joseph's Church,
Champakara



85899 71531

Dn Varavukalayil Varghese
(Justin)
03 January 2022, 9.15 am
St. Sebastian's Church,
Kodunattumkunnu



90614 45307

Dn Vettuvelikkalam Luka
04 January 2022, 9.15 am
St. Xavier's church,
Veliyanadu



83300 77541

Dn Puthenpurachirathykalam Xavier
(Justin)
04 January 2022, 9.15 am
St. Xavier's Church, Veliyanadu





**VEDAPRACHARA MADHYASTAN VOL.94 No.06 December 2021**
Date of Publication : 30-11-2021
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




**ഏവർക്കും തിരുപ്പിറവിയുടെയും**
**നവവത്സരത്തിന്റെയും പ്രാർത്ഥനാനിർഭരമായ**
**ആശംസകൾ**

Estd. 1928 Phone 2410101
Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Issac Alencherry, Exe. Editor: Fr Jenny Kayamkulathusserry

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org